# ദരിദ്രരുടെ സ്വന്തം .....



# ഈശോയുടെ സ്വന്തം......

ഡോ. ജോസഫ് വട്ടക്കളം

*ESOWYUDE SWANTHAM*
(Malayalam)

By
**Dr. Joseph Vattakalam**


Price : Rs. 20

*Printing*

St. George Offset, Edathua
Tel : 2212399

# ഉള്ളടക്കം


| | |
|---|---|
| അദ്ധ്യായം I | ആഗ്നസ് ബ്രോജാക്ഷ്യു |
| അദ്ധ്യായം II | മിഷനറി ലോകത്തേയക്ക് |
| അദ്ധ്യായം III | കൽക്കട്ടായിലെ തെരുവീഥികളിലേയക്ക് |
| അദ്ധ്യായം IV | തലചായ്ക്കാനൊരിടം |
| അദ്ധ്യായം V | വിടചൊല്ലാൻ ഒരു വീട് |
| അദ്ധ്യായം VI | എതിർപ്പിന്റെ മുൾമുനയിൽ |
| അദ്ധ്യായം VII | പ്രേംദാൻ |
| അദ്ധ്യായം VIII | അമ്മയും പരിശുദ്ധ അമ്മയും |
| അദ്ധ്യായം IX | അമ്മയാകാൻ ആയില്ലെങ്കിലും |
| അദ്ധ്യായം X | എയ്ഡ്സിനെതിരെ |
| അദ്ധ്യായം XI | കുഷ്ഠരോഗത്തിനെതിരെ |
| അദ്ധ്യായം XII | ഒരു മാനസാന്തര കഥ |
| അദ്ധ്യായം XIII | വെളിപ്പെടുത്തപ്പെട്ട സത്യം |
| അദ്ധ്യായം XIV | അവാർഡ് |



ഇംഗ്ലീഷ് സാഹിത്യത്തിൽ ഡോക്ടറേറ്റ് സമ്പാദിച്ച വട്ടക്കളത്തിലച്ചൻ ചങ്ങനാശ്ശേരി എസ്.ബി. കോളേജ്, മാർത്താണ്ഡം മലങ്കര കോളേജ്, കന്യാകുമാരി കമ്മ്യൂണിറ്റി കോളേജ്, തിരുവല്ല അത്തനേഷ്യസ് കോളേജ് എന്നിവയുടെ പ്രിൻസിപ്പൽ സ്ഥാനം വഹിച്ചിട്ടുണ്ട്. മികച്ച വാഗ്മിയായ അദ്ദേഹം ധ്യാനഗുരുവും അനേകം പുസ്തകങ്ങളുടെ രചയിതാവും ആണ്.

# ആമുഖം

"പാവപ്പെട്ടവരുടെ രക്ഷയ്ക്കായി സർവശക്തൻ സമ്മാനിച്ച വരദാനമാണ് മദർതെരേസ". പരിശുദ്ധപിതാവിന്റെ ആ പ്രസ്താവന ഒരു വലിയ വെളിപ്പെടുത്തലാണ്. "ദരിദ്രർ ക്രിസ്തുവിന്റെ കൂദാശ"യാണെന്ന തിരിച്ചറിവാണ് പാവങ്ങളിലേയ്ക്ക് ഇറങ്ങിച്ചെല്ലുവാനും ഉള്ളതെല്ലാം അവരുമായി പങ്കുവയ്ക്കുവാനും അമ്മയെ സന്നദ്ധയാക്കിയത്. കൂരിരുട്ടിൽ ആർത്തന്മാർക്കും വെളിച്ചത്തിനായി കേഴുന്ന ആലംബഹീനർക്കും അഗതികൾക്കും ഈശോയുടെ ജീവനും സൗരഭ്യവും സത്യവും സാന്നിദ്ധ്യവും സ്നേഹവും തന്റെ പ്രവർത്തനങ്ങളിലൂടെ മദർ നല്കി. അതുകൊണ്ടുതന്നെ അമ്മയുടെ പ്രവർത്തനം നവീനരീതിയും സ്വഭാവവും ഉള്ളതായി. സത്യസന്ധവും ആത്മാർത്ഥവുമായ കാരുണ്യ പ്രവർത്തനങ്ങൾ ഏവർക്കും പ്രത്യേകം കഠിനഹൃദയർക്കും പരിവർത്തനാത്മകമാണ്. ഇങ്ങനെയുള്ള ബഹുവിധകാരണങ്ങളാൽ മദർ തെരേസ ആധുനിക യുഗത്തിന്റെ പ്രവാചിക ആയിത്തീർന്നു. ഉടഞ്ഞുതകർന്ന മൂല്യങ്ങളായ സ്നേഹം, കരുണ, മനുഷ്യത്വം തുടങ്ങിയവ തന്റെ നവീനരീതിയിലുള്ള പ്രവർത്തനങ്ങളിലൂടെ വീണ്ടെടുക്കുക എന്ന പ്രാവാചകദൗത്യമാണ് മദർ നിറവേറ്റിയത്.

ക്രിസ്തു ആരെന്നും അവിടുത്തെ ആവശ്യങ്ങൾ എന്തെന്നും വ്യക്തമാക്കുന്ന ഏതാനും വാക്കുകൾ മദർ ആശുപത്രിയിൽ വച്ച് ആലേഖനം ചെയ്തു. അവ ചുവടെചേർക്കുന്നു.

എനിക്ക് ഈശോ
"മാംസമുടുത്ത വചനം
നിത്യജീവന്റെ അപ്പം;
നമ്മുടെ അകൃത്യങ്ങൾക്കായി
ക്രൂശിൽ അർപ്പിക്കപ്പെട്ട കുർബാന;
വിളംബരം ചെയ്യേണ്ട സത്യം;
കാണേണ്ട പ്രകാശം;
സ്നേഹിക്കപ്പെടേണ്ട സ്നേഹം;

പങ്കുവയ്ക്കപ്പെടേണ്ട ആനന്ദം;
അർപ്പിക്കപ്പെടേണ്ട ത്യാഗബലി;
നല്കപ്പെടേണ്ട ശാന്തി;
അനുഭവിക്കേണ്ട ജീവന്റെ അപ്പം;
ഭക്ഷണം നൽകേണ്ട വിശക്കുന്നവൻ;
ദാഹജലമേകേണ്ട ദാഹാർത്തൻ;
വസ്ത്രം ഉടിപ്പിക്കേണ്ട നഗ്നൻ;
സ്വാസ്ഥ്യം നൽകേണ്ട രോഗി;
സ്നേഹിക്കപ്പെടേണ്ട ഏകാകി;
പ്രിയപ്പെട്ടവനാകേണ്ട ഒറ്റപ്പെട്ടവൻ;
വ്രണപ്പെട്ടകുഷ്ഠരോഗി;
പുഞ്ചിരിയോടെ കൊടുക്കേണ്ടയാചകൻ;
ചെവികൊടുക്കേണ്ട മദ്യപൻ;
സംരക്ഷിക്കപ്പെടേണ്ട മാനസികരോഗി;
സമാശ്ലേഷിക്കേണ്ട കുരുന്ന്;
നയിക്കപ്പെടേണ്ട അന്ധൻ;
കേൾവികൊടുക്കേണ്ട ബധിരൻ;
കൂടെ നടത്തേണ്ട ലഹരിക്കടിമ;
സന്ദർശിക്കേണ്ട തടവുകാരൻ;
ശുശ്രൂഷിക്കേണ്ട വൃദ്ധൻ;
എനിക്കേശു ദൈവമാണ്;
അവൻ എന്റെ നാഥനാണ്;
ജീവത്തിടമ്പാണ്;
യേശു എന്റെ ഏകമാത്രസ്നേഹമാണ്;
അവൻ എന്റെ എല്ലാമെല്ലാമാണ്;
അവനാണ് എന്റെ സർവ്വസ്വവും;
അതുല്ല്യമായ ഒരു വെളിപ്പെടുത്തലാണിത്;

പാവപ്പെട്ടവരിലൂടെ ഈശോയുമായി ഒന്നാകാനുള്ള മദറിന്റെ അഭിവാഞ്ഛ നിതരാം പ്രസ്പഷ്ടമാക്കുന്നു മേലുദ്ധരിച്ചവചനങ്ങൾ ഈശോയുമായി പൂർണ്ണമായി ഐക്യപ്പെടുവാനുള്ള അമ്മയുടെ ഹൃദയദാഹം വ്യക്തമാക്കുന്നതാണ് തുടർന്നുള്ള ഉദ്ധരണി. "ഈശോയെ ഞാൻ അങ്ങയുടെതായതുകൊണ്ട് എനിക്കുള്ളതു മുഴുവൻ പരിപൂർണ്ണമായി അങ്ങേക്കു സമർപ്പിക്കുന്നു. എന്റെ വിചാരവികാരങ്ങൾ അങ്ങ് കണക്കിലെടുക്കരുത്. നാഥാ എന്നെ പൂർണ്ണമായി ഉപയോഗിക്കൂ. ഞാൻ അങ്ങയുടെതുമാത്രമാണ്". ഇപ്രകാരം ഈശോയുമായി ഒന്നാകുവാൻ അമ്മയെ സഹായിച്ച ഏറ്റം വലിയ ശക്തിയായിരുന്നു പരി.കുർബാന. അനുദിനം അർപ്പിക്കപ്പെടുന്ന ദിവ്യബലിയിൽ ക്രിസ്തുവിനു പൂർണ്ണമായി സമർപ്പിക്കപ്പെട്ട് ആർജിച്ച ദിവ്യശക്തിയാണ് മദർ മറ്റുള്ളവരുമായി പങ്കുവച്ചിരുന്നത്.

സ്വയം മറ്റുള്ളവർക്കു സമ്മാനിക്കുന്ന അത്യുന്നത സ്നേഹമാണ്, കരുണയാണ്, ബലിയാണ്, അതിരുകളില്ലാത്ത വാത്സല്യമാണ് മദർ തെരേസായുടെ ആത്മീയത. എല്ലാം ഈശോക്കുമാത്രം, ഈശോക്കു വേണ്ടി മാത്രം. "ഞങ്ങൾ ഇവിടെയുള്ളത് ഈശോക്കു വേണ്ടിമാത്രമാണ്. ഞങ്ങളുടെ പ്രവർത്തനവും യേശുവിനു വേണ്ടി മാത്രമാണ്. എപ്പോഴും എവിടെയും ഈശോ നാഥൻ ആദ്യം. നാം ആദ്യം ദൈവാന്വേഷികളാകണം. അപ്പോൾ പാവപ്പെട്ടവരിൽ പാവപ്പെട്ടവരോടുള്ള നമ്മുടെ പെരുമാറ്റങ്ങൾ അവരുടെയും നമ്മുടെയും ആത്മീയ വളർച്ചയ്ക്കു ഹേതുവാകും".

അമ്മ വീണ്ടും പറയുന്നു, "എന്നും ദൈവപുത്രൻ നമ്മെ കാണാൻ വരുന്നു, പാവങ്ങളിൽ, വേശ്യകളിൽ, ലഹരിമരുന്നിനടിമയായി ആരോരുമില്ലാത്ത അവസ്ഥയിൽ. ഇവരെ സ്വീകരിക്കുകയും സ്നേഹിക്കുകയും സേവിക്കുകയും ചെയ്യുന്നത് ഒരു മഹാ കാര്യമാണ്.... ദൈവം വിദൂരതയിലെ അറിയപ്പെടാത്ത ഒരു ശക്തിയല്ല. മറിച്ച് അവിടുന്ന് എല്ലായ്പ്പോഴും വ്യക്തികളിലൂടെ നമ്മുക്ക് വെളിപ്പെടുത്തിത്തന്നുകൊണ്ടിരിക്കുന്നവനാണ്. അതുകൊണ്ട് വ്യക്തികളുടെ അത്യന്താപേക്ഷിതമായ ആവശ്യങ്ങൾ നിറവേറ്റുകവഴി നാം ദൈവത്തെ തിരിച്ചറിയുന്നു".

ലോകജനതക്ക് മദർ തെരേസ ദൈവസ്നേഹത്തിന്റെ സാക്ഷിയും പ്രവാചികയുമായിരുന്നു. സ്നേഹത്തിന്റെയും കാരുണ്യത്തിന്റെയും മൂർത്തിമദ്ഭാവം.

അന്യർക്ക് ഏകുവാനുള്ള ആത്മീയപ്രസാദത്തിന്റെ കുമ്പാരമായിരുന്നു മദറിന്റെ എളിയ ജീവിതശൈലി. തന്റെ കാരുണ്യപ്രവർത്തിയിലൂടെ മദർ ജീവനില്ലാത്തിടത്തു ജീവനും പ്രത്യാശയില്ലാത്തിടത്തു പ്രത്യാശയും നൽകി. ഇന്ന് മാനവരാശിക്ക് ആവശ്യം വാക്കുകളെക്കാളേറെ പ്രവൃത്തി യാണ്. പ്രസംഗത്തെക്കാളാവശ്യം സാക്ഷ്യമാണ്. മദർ ചോദിക്കുന്നു; "ദൃശ്യനായ തന്റെ സഹോദരനെ സ്നേഹിക്കാൻ കഴിയാത്തവന് എങ്ങനെ അദൃശ്യനായ ദൈവത്തെ സ്നേഹിക്കാൻ കഴിയും?". ദൈവവും മനുഷ്യനും ഒന്നാകുന്ന ആത്മീയ സംഗമമാണ് മദർ വിഭാവനം ചെയ്യുന്നത്.

"നിങ്ങൾക്കു സ്നേഹിക്കാൻ കഴിയണമെങ്കിൽ ക്ഷമിക്കാൻ പഠിക്കുക". ക്രൈസ്തവ ദൈവശാസ്ത്രം മുഴുവൻ അമ്മയുടെ ഈ വാക്കുകളിൽ ഒളിഞ്ഞിരുപ്പുണ്ട്. ക്ഷമിക്കാതെയും സ്നേഹിക്കാതെയും ഒരുവന് യഥാർത്ഥ ക്രൈസ്തവനായിരിക്കാൻ സാധിക്കുകയില്ല. ക്രിസ്റ്റഫർ ഹിച്ചിംഗ്സിന് അമ്മയെ 'നരകത്തിലെ മാലാഖ' എന്നു വിശേഷിപ്പിക്കാൻ ആയി. ഈ ആക്ഷേപത്തിനുള്ള അമ്മയുടെ മറുപടി ശ്രദ്ധിക്കൂ. "ഞാൻ ദൈവത്തോട് പ്രാർത്ഥിക്കാം". ഹിച്ചിംഗ്സിനു വേണ്ടി പ്രാർത്ഥിക്കുമെന്ന്. തിരുവചനം വളരെ വ്യക്തമാണ്. "നിങ്ങളെ പീഡിപ്പിക്കുന്നവരെ അനുഗ്രഹിക്കുവിൻ. അനുഗ്രഹിക്കുകയല്ലാതെ, ശപിക്കരുത്". (റോമ.12:14) പ്രാർത്ഥനയേക്കാൾ വലിയ അനുഗ്രഹം വേറെ എന്താണുള്ളത്?.

ജീവിക്കുന്ന പുണ്യവതി, ചേരിയിലെ വിശുദ്ധ, കനിവിന്റെ മാലാഖ, ഭൂമിയിലെ മാലാഖ, എന്നെല്ലാമുള്ള അപരനാമങ്ങൾ ലോകം മദറിനു നൽകി ആദരിച്ചപ്പോഴാണ് devil's advocate രംഗപ്രവേശം ചെയ്തത്. ഏതായാലും ഇന്നു മദർ വാഴ്ത്തപ്പെട്ട മദർ തെരേസയാണ്. സഭാചരിത്രത്തിൽ ഇതാദ്യമായാണെന്നു തോന്നുന്നു ഇത്രയേറെ വേഗത്തിൽ ഒരു വ്യക്തിയെ വാഴ്ത്തപ്പെട്ടവൾ ആയി പ്രഖ്യാപിച്ചിട്ടുള്ളത്.

അദ്ധ്യായം 1

## ആഗ്നസ് ബ്രൊജാഷ്യു

ആഡ്രിയാറ്റിക് കടൽത്തീരത്തുള്ള ഒരു കൊച്ചുപട്ടണം. സ്കോപ്ജെ (Skopje) എന്നാണ് ആ അനുഗൃഹീത പട്ടണത്തിന്റെ പേര്. അവിടെയാണ് 1910 ആഗസ്റ്റ് 26-ാം തീയതി വെള്ളിയാഴ്ച ആഗ്നസ് ബ്രൊജാഷ്യു ജനിച്ചത്. 27നു തന്നെ ജ്ഞാനസ്നാനം സ്വീകരിക്കാനുള്ള ഭാഗ്യം ആ കുഞ്ഞിനു ലഭിച്ചു. അൽബേനിയൻ വംശജരായ ആഗ്നസിന്റെ മാതാപിതാക്കൾ ഉറച്ച ദൈവവിശ്വാസമുള്ളവരായിരുന്നു. തിരുകുടുംബ ഭക്തി അവരുടെ ഭവനത്തിന്റെ പ്രത്യേകതയായിരുന്നു. നിക്കോളാസ് ബൊജാഷ്യു ആയിരുന്നു ആഗ്നസിന്റെ പിതാവ്. ഡ്രാണാഫിൽ ബർണായി ആയിരുന്നു അമ്മ.

ആഗ്നസിന് ആഗാ എന്നൊരു ചേച്ചിയും ലാസർ എന്നൊരു ചേട്ടനും ഉണ്ടായിരുന്നു. തങ്ങളുടെ കുഞ്ഞുസഹോദരിയെ അവർ വളരെയധികം സ്നേഹിച്ചു. മാതാപിതാക്കളുടെ വാത്സല്യവും സഹോദരങ്ങളുടെ സ്നേഹസാന്ത്വനങ്ങളും ഏറ്റ് ആഗ്നസ് വളർന്നു. അമ്മയുടെ അധരങ്ങളിൽ നിന്നാണ് അവൾ ദൈവസ്നേഹം എന്തെന്നു മനസ്സിലാക്കിയത്. അവിടെ നിന്നു കാരുണ്യത്തിന്റെയും സ്നേഹത്തിന്റെയും അനുഭൂതികൾ അവൾ നുകർന്നു. ആർദ്രതയുടെയും ദാനധർമ്മത്തിന്റെയും ധാരാളം കഥകൾ അവൾകേട്ടു. ആ മടിത്തട്ടിൽ നിന്നു തന്നെ ദാരിദ്ര്യത്തിന്റെയും ഇല്ലായ്മയുടെയും കാഠിന്യം അവൾ ഗ്രഹിച്ചു. അമ്മമാരുടെ മടിത്തട്ടിന്റെ ഇളംചൂട് അനുഭവിക്കാത്ത എത്രയെത്ര മക്കൾ!

നന്നേ ചെറുപ്പം മുതൽ ആഗ്നസിന്റെ മനസ്സിൽ പാവങ്ങൾ ഉണ്ടായിരുന്നു. പാവങ്ങളെക്കുറിച്ചുള്ള സ്വപ്നങ്ങൾ അവൾ താലോലിച്ചിരുന്നു. ഉറക്കത്തിൽ ഈശോ ദരിദ്രരായ കുട്ടികളുടെ രൂപത്തിൽ വന്ന് തന്റെ മുമ്പിൽ കൈനീട്ടുന്നത് പലപ്പോഴും അവൾ കണ്ടിരുന്നു. അന്നൊന്നും അവൾക്കതിന്റെ അർത്ഥം അറിയില്ലായിരുന്നു. എങ്കിലും തണുപ്പുകാലത്ത് അവൾ തന്റെ ഉടുപ്പുകളിൽ ചിലത് പാവപ്പെട്ട കുട്ടികൾക്കു ഏറ്റം സന്തോഷത്തോടെ കൊടുത്തിരുന്നു. അതുവാങ്ങി പുഞ്ചിരിച്ചുകൊണ്ടോടുന്ന കുട്ടി

കളുടെ ചിത്രം ആഗ്നസിന്റെ മനസ്സിൽ പലപ്പോഴും തെളിഞ്ഞു വന്നിരുന്നു.

### *പങ്കുവയ്ക്കലിന്റെ ആദ്യപാഠം*

പങ്കുവയ്ക്കലിന്റെ സുഖകരമായ അനുഭവം, അനവദ്യമായ ആനന്ദം ആഗ്നസിനെ പഠിപ്പിച്ചത് അവളുടെ അമ്മതന്നെയാണ്. ഒരിക്കൽ കുറെ പാവങ്ങൾ സ്കോപ്ജെ ഭവനത്തിൽ എത്തി. അമ്മയും മക്കളും ഭക്ഷണത്തിനു മുമ്പ് പ്രാർത്ഥിക്കുന്ന സമയമായിരുന്നു. ബർണായി പെട്ടെന്ന് ആ പാവങ്ങളെ ഭക്ഷണത്തിന് ഇരുത്തി. കുടുംബാംഗങ്ങൾക്കു കഴിക്കാൻ കഷ്ടിച്ചേ ഭക്ഷണം ഉണ്ടായിരുന്നുള്ളു. എങ്കിലും അതിൽ പകുതിയെടുത്ത് ദീനാനുകമ്പയായ ആ നല്ല അമ്മ അവാച്യമായ സന്തോഷത്തോടെ ആ പാവങ്ങൾക്കു കൊടുത്തു. അവർ അതു ഭക്ഷിച്ചശേഷം ഹൃദ്യമായി പുഞ്ചിരിച്ച് ഇറങ്ങിപ്പോയി.

അവർ പോയശേഷം ആ അമ്മ തന്റെ മക്കളെ ഇങ്ങനെ ഉപദേശിച്ചു: "മക്കളേ, ഈശോയ്ക്കു വിശന്നാൽ നാം ഭക്ഷണം കൊടുക്കില്ലേ? നമ്മുടെ മുന്നിൽ വരുന്ന ഓരോ വ്യക്തിയും ദൈവത്തിന്റെ മകനാണ്. ആരെയും വെറും കൈയ്യോടെ തിരിച്ചയക്കരുത്." അമ്മയുടെ ഉപദേശവും ആ പാവങ്ങളുടെ പുഞ്ചിരിയും ആഗ്നസിന്റെ മനസ്സു നിറച്ചു. ഒപ്പം വിശപ്പിന്റെ വേദന ആദ്യമായി അവൾ മനസ്സിലാക്കുകയും ചെയ്തു.

തന്റെ അമ്മയെ ഓർക്കുമ്പോഴൊക്കെ പരിശുദ്ധ അമ്മയെയാണ് ആഗ്നസിന് ഓർമ്മ വരുക. സകലരെയും മാറോടു ചേർക്കാൻ കാൽവരി മലമുകളിൽ നിന്നു തേങ്ങുന്ന അമ്മ. ഒരു ദിവസം പോലും ബർണായി ജപമാല മുടക്കിയിരുന്നില്ല. തങ്ങളുടെ അമ്മയോടൊപ്പം ജപമാല ചൊല്ലുന്നത് മക്കൾക്ക്, പ്രത്യേകിച്ച് ആഗ്നസിന്, അനന്യമായ ഒരനുഭവമായിരുന്നു. മനം നിറയെ സന്തോഷത്തോടെയാണ് തങ്ങളുടെ മാതാവിനോടൊപ്പം അവൾ ജപമാല ചൊല്ലിയിരുന്നത്. പ്രാർത്ഥനയുടെ അവസാനം അവർ അമ്മയെ കെട്ടിപ്പിടിച്ച് സ്തുതി ചൊല്ലിയിരുന്നു: അമ്മയോ അവരെ മാറോടു ചേർത്തണച്ചു സന്തോഷത്തോടെ പറയും: "സ്നേഹമുള്ള കുടുംബം സ്വർഗ്ഗമാണ്."

*അമ്മയുടെ സ്വാധീനം*

ബർണായി തന്നാൽ കഴിയുന്ന വിധം മറ്റുള്ളവരുടെ ജീവിതവും സ്വർഗ്ഗമാക്കാൻ ശ്രമിച്ചിരുന്നു. പാവപ്പെട്ടവന്റെ ഒരു ഗദ്ഗദം മതിയായിരുന്നു അവളുടെ മനസ്സലിയിക്കാൻ. പാവപ്പെട്ടവന്റെ കണ്ണുനീർ ഈശോയുടെ രക്തത്തുള്ളികളാണെന്ന് അവൾ പലപ്പോഴും പറഞ്ഞിരുന്നു. തന്റെ പരിത്യാഗത്തിന്റെ തുവാലകൊണ്ട് ഈശോയുടെ രക്തം-പാവപ്പെട്ടവന്റെ കണ്ണുനീർ-അവൾ ഒപ്പിയെടുത്തിരുന്നു. അവൾ ബുദ്ധിമുട്ടി മിച്ചം വച്ചിരുന്ന പണത്തിന്റെ ഒരു ഭാഗം പാവങ്ങൾക്കുള്ളതായിരുന്നു. ആരാരുമറിയാതെ പാവങ്ങളെ സഹായിക്കുന്നതായിരുന്നു അവൾക്കു കൂടുതൽ ഇഷ്ടം. ആഴ്ചയിൽ ഒരു ദിവസം അവൾ ഒരു പാവപ്പെട്ട വൃദ്ധയുടെ വീട്ടിൽ പോയി ആ വൃദ്ധയെ കുളിപ്പിക്കുകയും അവരുടെ വസ്ത്രം അലക്കിക്കൊടുക്കുകയും മുറി അടിച്ചു വൃത്തിയാക്കുകയും അവർക്ക് ഭക്ഷണം വാരിക്കൊടുക്കുകയും ചെയ്തിരുന്നു. ഈ പരസ്നേഹ പ്രവർത്തി കണ്ടു ഗ്രഹിച്ച ആഗ്നസിനു അത്ഭുതമായി. തന്റെ പരസ്നേഹത്തിന്റെ ജീവിതത്തിനുള്ള പഠനകളരി കുടുംബം തന്നെ ആയിരുന്നു. സ്നേഹത്താൽ മനുഷ്യജീവിതം സ്വർഗ്ഗമാക്കുക എന്ന തന്റെ അമ്മയുടെ ആഹ്വാനം ആഗ്നസിന്റെ മനസ്സിനെ ആഴമായി സ്പർശിച്ചിരുന്നു. അമ്മയുടെ പാവങ്ങളോടുള്ള അനുകമ്പയും കാരുണ്യം തുളുമ്പുന്ന ജീവിത ശൈലിയും അവളെ വല്ലാതെ ആകർഷിച്ചു. പന്ത്രണ്ടാമത്തെ വയസ്സിൽ തന്റെ ജീവിതം മുഴുവൻ മിശിഹായ്ക്കു സമർപ്പിക്കാൻ അവൾ തീരുമാനിച്ചുറച്ചു. സന്യാസിനി ആകുവാനുള്ള തന്റെ ആഗ്രഹം ആഗ്നസ് അമ്മയെ അറിയിച്ചു. അവളുടെ ആഗ്രഹം അമ്മ അംഗീകരിച്ചതായി തോന്നിയില്ല. ഒരു തീരുമാനമെടുക്കാനുള്ള "പ്രായവും പക്വതയും നിനക്കായിട്ടില്ല" എന്ന മറുപടിയാണ് ലഭിച്ചത്. എങ്കിലും സമർപ്പിതയാകാനുള്ള മോഹം ആഗ്നസിന്റെ ഉള്ളിന്റെ ഉള്ളിൽ ശക്തമാകാൻ തുടങ്ങി.

*പിതാവിന്റെ മരണം*

ഇതിനിടെ 1919ൽ 45-ാമത്തെ വയസ്സിൽ ആഗ്നസിന്റെ പ്രിയപ്പെട്ട പിതാവ് അതിദാരുണമാം വിധം വധിക്കപ്പെട്ടു. അന്ന് അദ്ദേഹം സ്കോപ്ജയിലെ മുൻസിപ്പൽ കൗൺസിലറായിരുന്നു. ഡ്രാണാഫിൽ ബർണായി മാനസികമായി തകർന്നു. എങ്കിലും അവരുടെ അടിയു

റച്ച വിശ്വാസം ജീവിതത്തിനു പ്രതീക്ഷ നല്കി. ഏതു പ്രതിസന്ധിയിലും പതറാതെ പിടിച്ചു നില്ക്കാനുള്ള ധൈര്യം ആ അമ്മ മക്കൾക്കും പകർന്നു നല്കി. ദൈവം തന്നെ ഏൽപ്പിച്ചിരിക്കുന്ന ഗൗരവതരമായ ഉത്തരവാദിത്വം വിശ്വാസത്തിന്റെ വെളിച്ചത്തിൽ ഡ്രാണാഫിൽ മനസ്സിലാക്കി. തന്റെ വിശ്വാസത്തിൽ നങ്കൂരമുറപ്പിച്ചു മുമ്പോട്ടു നീങ്ങുവാൻ അവൾ തീരുമാനിച്ചു. തകർന്നു പോയ സാമ്പത്തിക സ്ഥിതിയിൽ നിന്നും തന്റെ കഠിനാധ്വാനം വഴി കുടുംബത്തെ അവൾ കരകയറ്റി.

### *പാവങ്ങളോടുള്ള കരുതൽ*

ചെറുപ്പം മുതലേ ആഗ്നസ് സൊഡാലിറ്റിയിലെ അംഗമായിരുന്നു. സൊഡാലിറ്റി അംഗങ്ങൾക്കു വികാരിയച്ചൻ ഫാ. ജാംബ്രെക്കോവിക്ക് എസ്. ജെ. ചർച്ചാ ക്ലാസുകൾ എടുത്തിരുന്നു. കൽക്കത്തയിലെ തെരുവുകളെക്കുറിച്ചും ബംഗാളിലെ പട്ടിണിപാവങ്ങളുടെ ക്ലേശപൂർണ്ണമായ ജീവിതരീതിയെക്കുറിച്ചുമുള്ള അദ്ദേഹത്തിന്റെ ഹൃദയസ്പർശിയായ ക്ലാസ്സുകൾ ആഗ്നസിനെ ഇൻഡ്യയിലേക്ക് ക്രമേണ ആകർഷിച്ചു തുടങ്ങി. ഇൻഡ്യയിലെ ജസ്വിറ്റ് മിഷനറിമാരുടെ ആവേശോജ്വലമായ പ്രവർത്തനങ്ങളെപ്പറ്റിയുള്ള വിവരണങ്ങൾ അവളെ ആർഷഭാരതത്തിന്റെ മണ്ണിലേയ്ക്ക് ഹഠാദാകർഷിക്കുന്നതായി അവൾക്കു തന്നെ തോന്നി. തന്നിൽ നിറഞ്ഞുനിന്ന സന്യാസിനിയാകണമെന്ന അദമ്യമായ ആഗ്രഹത്തിൽനിന്നും ആർക്കും അവളെ പിന്തിരിപ്പിക്കാനാവില്ലെന്ന് അവൾക്ക് ബോധ്യമായി. അത്രയും ശക്തമായിരുന്നു അഖിലേശൻ അവളിൽ അങ്കുരിപ്പിച്ച ആത്മദാഹം.

ദൈവത്തിന്റെ പാവങ്ങളോടുകൂടെ ആയിരിക്കുവാനുള്ള നിയോഗത്തിനു തന്നെത്തന്നെ വിട്ടുകൊടുക്കുവാൻ ആഗ്നസ് തയ്യാറായി. ദൈവം തനിക്കായി ഒരുക്കിയിരിക്കുന്ന വഴിയെക്കുറിച്ച് അവൾക്ക് പിന്നീട് യാതൊരു സംശയവും ഉണ്ടായിട്ടില്ല. പക്ഷേ, അമ്മയുടെ മടിത്തട്ടാകുന്ന സ്വർഗ്ഗം വിട്ട് വിദൂരതയിലേയ്ക്ക് പോകുന്നത് ഓർക്കുമ്പോൾ അവൾ വികാരവിവശയാകുമായിരുന്നു. ആഗ്നസിന്റെ ആത്മനൊമ്പരം പങ്കുവച്ചെടുക്കാൻ ആരുംതന്നെ ഉണ്ടായിരുന്നില്ല. എന്നാൽ എല്ലാ സങ്കടങ്ങൾക്കും സാന്ത്വനം കണ്ടെത്തുന്ന, എല്ലാ സഹനങ്ങൾക്കും സമാശ്വാസം നല്കുന്ന,

എല്ലാ ചോദ്യങ്ങൾക്കും ഉത്തരം പ്രദാനം ചെയ്യുന്ന ഒരു സുരക്ഷിത സങ്കേതം അവൾക്കുണ്ടായിരുന്നു പരിശുദ്ധ അമ്മ.

### *പരിശുദ്ധ അമ്മ ആഗ്നസിന്റെ രക്ഷാസങ്കേതം*

ആഗ്നസ് അമ്മയുടെ മുമ്പിൽ മുട്ടുകുത്തി തന്റെ ആത്മാർത്ഥത നിറഞ്ഞ നിയോഗം അമ്മയ്ക്കു സമർപ്പിച്ച് മനംനൊന്തു പ്രാർത്ഥിച്ചു. അവളുടെ കണ്ണുനീരിൽ കുതിർന്ന പ്രാർത്ഥന മാസങ്ങളോളം അവിരാമം തുടർന്നു. ഓരോ പ്രാവശ്യവും തന്റെ തിരുക്കുമാരന്റെ നിണമണിഞ്ഞ, ചമ്മട്ടിയടികളാൽ തകർന്നുടഞ്ഞ ശരീരം പരിശുദ്ധ അമ്മ അവൾക്കു കാണിച്ചു കൊടുത്തിരുന്നു. വാടിത്തളർന്ന തിരുമുഖത്തെ, തീഷ്ണതയുള്ള കണ്ണുകൾ ആർദ്രതയോടെ തന്നെ മാടിവിളിക്കുന്നതുപോലെ ആഗ്നസിനു തോന്നി. ആ കണ്ണുകളിൽ ലക്ഷോപലക്ഷം ആത്മാക്കളുടെ ദയനീയമായ ദാഹം അവൾ കണ്ടു. സ്നേഹം ലഭിക്കാത്തതിന്റെ ദീനരോദനം അവൾ കേട്ടു. അവളുടെ പ്രതിബന്ധങ്ങൾ ആ ദർശനത്തിൽ അലിഞ്ഞമർന്നു. അവളുടെ തീരുമാനത്തിലേക്കു തമ്പുരാന്റെ ചൈതന്യം നിലാവുപോലെ പെയ്തിറങ്ങി. അവളൊരു നവ്യ സൃഷ്ടിയായതുപോലെ അവൾക്കു തോന്നി. പരിശുദ്ധ അമ്മയുടെ പരിലാളനം അവളെ ചൂഴ്ന്നു നിന്നു. ഏതാണ്ടിങ്ങനെ അമ്മ അവളോടു മന്ത്രിച്ചു: "ക്രിസ്തുവിനു വേണ്ടി സർവ്വം പരിത്യജിക്കുക. ജീവിതം സമ്പൂർണ്ണമായി സമർപ്പിക്കുക. സന്യസ്ത ജീവിതത്തിൽ പ്രവേശിച്ചു ബംഗാളിൽ സേവനമനുഷ്ഠിക്കുക." (മത്താ. 16:24)

തന്റെ നീറുന്ന പ്രശ്നങ്ങൾക്കു പരിശുദ്ധ അമ്മ ഉത്തരം നല്കിയപ്പോൾ ആഗ്നസിൽ നിന്ന് വലിയൊരു ഭാരം ഇറങ്ങിപ്പോയതായി അവൾക്കനുഭവപ്പെട്ടു. പിന്നെയും വലിയൊരു പ്രശ്നം അവശേഷിച്ചു. അവളുടെ ആശയാഭിലാഷങ്ങൾ എങ്ങനെയാണു പൂവണിയുക? ആ സ്വർഗ്ഗീയ അമ്മ അതിനും അവൾക്കു വഴി കാണിച്ചുകൊടുത്തു. തന്റെ ഹൃദയാഭിലാഷങ്ങൾ കൽക്കട്ടയിലെ ഈശോസഭാ വൈദികരെ അറിയിക്കാൻ അവൾക്കു ശക്തമായ ഉൾപ്രേരണ ഉണ്ടായി. ആ മിഷനറിമാർ അവൾക്കു ബംഗാളിലെ ലൊറേറ്റോ സന്യാസിനി സമൂഹത്തെ പരിചയപ്പെടുത്തിക്കൊടുത്തു. അങ്ങനെ അവൾ അയർലണ്ടിലെ ഡബ്ലിൻ ആസ്ഥാനമായി പ്രവർത്തിക്കുന്ന ലൊറെറ്റോ സന്യാസിനി സഭയെക്കുറിച്ചു ചിന്തിച്ചു തുടങ്ങി.

### അദ്ധ്യായം 2

## മിഷനറി ലോകത്തേയ്ക്ക്

ദൈവവിളി സ്വീകരിക്കുന്നതിൽ ഒരു ബുദ്ധിമുട്ട് പിന്നെയും അവശേഷിച്ചു. തന്നെ ഏറ്റം അധികം സ്നേഹിക്കുന്ന തന്റെ അമ്മയെ വേർപിരിഞ്ഞ് ദൂരെ, എങ്ങനെ ഇന്ത്യയിലേയ്ക്കു പോകും? പക്ഷേ, അതു ചെയ്തേ പറ്റൂ. പ്രാർത്ഥനയിൽ നിന്നും ശക്തിയാർജ്ജിച്ചുകൊണ്ട് ആഗ്നസ് ഒരു ദിവസം തന്റെ ഹൃദയാഭിലാഷം സ്വമാതാവിനെ അറിയിച്ചു. ആ അമ്മ അപ്പോൾ ഒന്നും പറഞ്ഞില്ല. മുറിയിൽ കയറി വാതിലടച്ചു. ഒരു ദിവസം മുഴുവനും ആ മാതാവ് പ്രാർത്ഥനയിലും പരിചിന്തനത്തിലും കഴിച്ചുകൂട്ടി. തന്റെ ഉള്ളിലുള്ള ദുഃഖമെല്ലാം പരിശുദ്ധ അമ്മയോട് അവൾ പറഞ്ഞു തീർത്തു. തന്റെ മകളെ വിട്ടുപിരിയാൻ ശക്തിതരണമേ എന്നു പ്രാർത്ഥിച്ചു. തന്റെ വത്സല മകളെ വഴിനടത്തണമേ എന്ന് അപേക്ഷിച്ചു. ലക്ഷ്യമെത്തുവോളം അടിപതറാതെ അമ്മയുടെ വിമല ഹൃദയത്തിൽ കാത്തു സംരക്ഷിക്കണമെന്ന് ആ മാതാവു കേണപേക്ഷിച്ചു. ആഗ്നസും വാതിലിനു പുറത്തു പ്രാർത്ഥിച്ചുകൊണ്ടിരുന്നു. ഒരു ദിവസം മുഴുവൻ മുറിയിൽ പ്രാർത്ഥിച്ച് ഒരുങ്ങി ഡ്രാണാഫിൽ പുറത്തു വന്നു. ആഗ്നസിന്റെ നെറുകയിൽ ചുംബിച്ചുകൊണ്ട് അവൾ പറഞ്ഞു: "പരിശുദ്ധ അമ്മയുടെ കരം പിടിച്ച് കർത്താവിന്റെ കൂടെ നടക്കുക. നിന്റെ ജീവിതം അവനു സമർപ്പിക്കുക. ഒരിക്കലും പിൻതിരിയാതെ അവനാകുന്ന വെളിച്ചത്തിലേയ്ക്കു നടന്നടുക്കുക."

ആഗ്നസിന്റെ ഹൃദയത്തിൽ ആജീവനാന്തം ആത്മാവു നിറഞ്ഞ ആ വചനങ്ങൾ ഉണ്ടായിരുന്നു. വീഴുമെന്നു തോന്നിയപ്പോഴൊക്കെ തളരാതെ അവളെ താങ്ങിനിർത്തിയത് പ്രസ്തുത വചനങ്ങളിലെ ശക്തിയായിരുന്നു.

*വിടവാങ്ങൽ*

ആഗ്നസിന്റെ വിടവാങ്ങൽ തികച്ചും ശോകമൂകമായിരുന്നു. സ്കോപജെയിലെ ജന്മഗൃഹം ഉപേക്ഷിച്ച് പ്രിയപ്പെട്ട അമ്മയോടും ആഗാചേച്ചിയോടും ബന്ധുമിത്രാദികളോടും സുഹൃത്തുക്കളോടും

യാത്രപറഞ്ഞ് 1926 സെപ്റ്റംബർ 28 ന് അവൾ സാഗരിബിലേയ്ക്കു യാത്രയായി. അവൾ തന്റെ സങ്കടമത്രയും കരഞ്ഞു തീർത്തു. ആ യാത്രയിൽ ഡ്രാണാഫിലും ആഗയും കൂടെ ഉണ്ടായിരുന്നു. ഒക്ടോബർ 13 ന് അവൾ ഡബ്ലിനിലെ റാത്ത്ഫെർനായിലേക്കു യാത്രതിരിച്ചു. ട്രെയിനിൽ നിന്ന് അവൾ അമ്മയുടെ നേരെ കൈവീശി. പിന്നീടൊരിക്കലും ആ പ്രിയപ്പെട്ട അമ്മയെ കാണാനുള്ള ഭാഗ്യം അവൾക്കുണ്ടായില്ല. 1972 ൽ ഡ്രാണാഫിൽ തന്റെ ദൈവിക ഭവനത്തിലേയ്ക്കു യാത്രയായി.

***സന്യാസത്തിന്റെ കളരിയിൽ*** (ലൊറേറ്റോ സന്യാസിനി)

ഡബ്ലിനിൽ ആഗ്നസ് കുറച്ചു കാലം ഇംഗ്ലീഷ് പഠിച്ചു. 1929 ജനുവരി 6 ന് നീണ്ട ഒരു കപ്പൽയാത്രയ്ക്കു ശേഷം അവൾ കൽക്കട്ടായിലെത്തി. ജനുവരി 10 ന് ഡാർജിലിംഗിലുള്ള ലൊറേറ്റോ മഠത്തിലേക്ക് അവൾ യാത്രയായി. അവിടെയാണ് രണ്ടു വർഷം നീണ്ടു നിന്ന നവസന്യാസിനീ പരിശീലനം അവൾക്കു സിദ്ധിച്ചത്. പരിശീലനഘട്ടം ഏറെ അനുഗ്രഹപ്രദമായിരുന്നു. ആഗ്നസിന്റെ മനസ്സിലെ മഞ്ഞെല്ലാം തമ്പുരാന്റെ സ്നേഹജ്വാലയിൽ ഉരുകി. അവളുടെ ഹൃദയം പരമപവിത്രമായി. 1931 മെയ് 22 ന് ആഗ്നസ് സിസ്റ്റർ മേരി തെരേസ എന്ന നാമത്തിൽ ഒരു ലൊറേറ്റോ സന്യാസിനിയായി.

പ്രഥമ വ്രതവാഗ്ദാനം കഴിഞ്ഞ സി. മേരി തെരേസ കൽക്കട്ടായിലേയ്ക്കു തിരിച്ചുവന്നു. അദ്ധ്യാപികയായിട്ടാണ് സിസ്റ്റർ തെരേസ ആദ്യമായി നിയമിതയായത്. സെന്റ് മേരീസ് കോൺവെന്റ് സ്കൂളിൽ ചരിത്രവും, ഭൂമിശാസ്ത്രവും; സന്മാർഗ്ഗ ശാസ്ത്രവുമായിരുന്നു പഠിപ്പിക്കേണ്ട വിഷയങ്ങൾ. സാവധാനം സി. തെരേസ ബംഗാളി തെരേസയായി.

കുട്ടികളോടൊപ്പം ചെലവഴിക്കുന്ന സമയത്ത് അവർക്കു ദൈവീക വെളിച്ചം പകർന്നുകൊടുക്കണമെന്ന് സി. തെരേസയ്ക്കു നിർബന്ധമുണ്ടായിരുന്നു. അക്ഷരവെളിച്ചം പകരുന്നതോടൊപ്പം ഓരോ കുട്ടിയെയും ജീവകാരുണ്യ പ്രവർത്തനങ്ങളുടെ ശക്തമായ കണ്ണികളാക്കി മാറ്റാൻ നല്ല ദൈവം ഇടയാക്കി.

സന്നദ്ധതയും സന്മനസുമുള്ള കുട്ടികളെ ഒരുമിപ്പിച്ച് കാത്തലിക്ക് ആക്ഷൻ ഗ്രൂപ്പിനു രൂപം നല്കി. അവർ ആഴ്ചയിലൊരിക്കൽ വിദ്യാലയത്തിനു പുറത്തു പോയി പാവങ്ങളെ സഹായിച്ചു പോന്നു. ഈ ദൗത്യനിർവഹണത്തിൽ സിസ്റ്റർ തെരേസയെ ഏറെ സഹായിച്ച ആളാണ് ഫാ. ഹെൻറി. കാത്തലിക് ആക്ഷൻ ഗ്രൂപ്പിലെ ചില കുട്ടികൾ ദൈവകൃപയാൽ സകലതും ഉപേക്ഷിച്ച് സിസ്റ്ററിനോടൊപ്പം ചേരികളിൽ പ്രവർത്തിക്കാനെത്തിയത് ഏറെ സന്തോഷത്തോടെയാണ് സി. തെരേസ അനുസ്മരിച്ചിരുന്നത്.

1937 മെയ് 24 നാണ് സി. തെരേസ തന്റെ നിത്യവ്രതം നടത്തിയത്. ദൈവകൃപയുടെ നിറവു കൂടുതൽ അനുഭവിക്കാൻ അതിലൂടെ ദൈവം വഴിയൊരുക്കി. 1944 ൽ അധികാരികൾ അവളെ സെന്റ് മേരീസിലെ പ്രധാന അദ്ധ്യാപികയാക്കി. എന്തും പൂർണ്ണ മനസ്സോടെ സ്വീകരിക്കാൻ ഓരോ നിമിഷവും കർത്താവ് കൃപ നല്കുന്നുണ്ടായിരുന്നു. ആ കൃപയുടെ വഴിയിലൂടെ എന്നെന്നും നടന്നു നീങ്ങുവാൻ കഴിയണമേ എന്ന് സിസ്റ്റർ സദാ പ്രാർത്ഥിച്ചിരുന്നു.

***ഉൾവിളി***

അഗതികൾക്കുവേണ്ടി എന്തെങ്കിലും ചെയ്യണം എന്ന ചിന്ത സി. തെരേസയെ എന്നെന്നും അസ്വസ്ഥയാക്കുമായിരുന്നു. പക്ഷേ, തന്റെ മനസ്സിനെ പിടിച്ചു കുലുക്കുംവിധം പ്രസ്തുത ചിന്ത അവരെ ബാധിച്ചത് 1946 സെപ്റ്റംബർ 10 ചൊവ്വാഴ്ചയായിരുന്നു. സിസ്റ്ററിന് ഒരിക്കലും മറക്കാനാവാത്ത ഒരു ദിവസം.

ദിവ്യകാരുണ്യത്തിന്റെ സാന്നിദ്ധ്യത്തിൽ ഒരാഴ്ച ആത്മീയാനുഭൂതിയോടെ കഴിയാൻ കൽക്കട്ടായിലെ ലൊറേറ്റോ കോൺവന്റിൽ നിന്ന് ഡാർജിലിംഗിലേയ്ക്ക് സഞ്ചരിക്കുകയായിരുന്നു സിസ്റ്റർ തെരേസ. സായാഹ്നത്തോടടുത്ത സമയം. ഡാർജിലിംഗ് മലനിരകൾ വിദൂരതയിൽ കാണാം. മഞ്ഞുമലകളുടെ സൗന്ദര്യം നുകർന്ന് ജപമാല ചൊല്ലാൻ കൊന്ത അവർ കൈയിലെടുത്തു. പരിശുദ്ധ അമ്മയെ മനസ്സിൽ ധ്യാനിച്ചു. അമ്മയോടൊപ്പം ജപമാല ചൊല്ലി. പ്രാർത്ഥന കഴിഞ്ഞ് ആദരവോടെ, അതിലുപരി സ്നേഹത്തോടെ, വി. ഗ്രന്ഥമെ

ടുത്തു. തുറന്നപ്പോൾ കിട്ടിയത് മത്തായിയുടെ സുവിശേഷം 25-ാം അദ്ധ്യായം. സി. തെരേസ അവധാനതയോടെ, ധ്യാനപൂർവ്വം തിരുവചനം വായിക്കാൻ തുടങ്ങി. പെട്ടെന്ന്, ഇതുവരെ അനുഭവിക്കാത്ത ഒരു അനുഭൂതി വിശേഷം അവർക്കനുഭവപ്പെട്ടു. തിരുവചനം അവരുടെ അന്തരാത്മാവിലേയ്ക്കു അരിച്ചിറങ്ങുന്നതുപോലെ അവർക്കു തോന്നി. ആ വചനങ്ങളിലെ പൊരുൾ ആത്മാവിലേയ്ക്ക് ആഴ്ന്നിറങ്ങുന്നതുപോലെ. ആ വചനങ്ങൾ അവരെ ഗ്രസിച്ചു.

സി. തെരേസാ കണ്ണുകളടച്ചു പ്രാർത്ഥനയിൽ മുഴുകി. 25-ാം അദ്ധ്യായത്തിലെ 31 മുതലുള്ള തിരുവചനങ്ങൾ അവരുടെ മനസ്സിൽ അലയടിക്കാൻ തുടങ്ങി. വിശന്നു പൊരിയുന്ന സോദരനിലും ദാഹിച്ചുവലയുന്ന സഹജാതനിലും തകർന്ന മനസ്സോടെ നില്ക്കുന്ന ഭവനരഹിതനിലും നഗ്നതമറയ്ക്കാൻ വസ്ത്രമില്ലാത്തവനിലും രോഗത്താൽ വെന്തുരുകുന്ന രോഗിയിലും കാരാഗൃഹവാസിയിലും തന്റെ ദൈവത്തിന്റെ തകർന്ന മുഖമുണ്ട് എന്ന ചിന്ത അവരെ തളർത്തി. വേദനിക്കുന്ന ദൈവത്തിന്റെ നൂറുനൂറു ചിത്രങ്ങൾ അവരുടെ മനസ്സിൽ മിന്നിമറഞ്ഞു.

കൽക്കട്ടയിലെ തെരുവീഥികളിൽ ഉറുമ്പരിച്ച്, അഴുകി ദ്രവിച്ച ശരീരവുമായി കുഷ്ഠ രോഗത്താൽ പിടയുന്ന, ഏകാന്തതയുടെ മുൾമുനയേററ് ആരാലും ശ്രദ്ധിക്കപ്പെടാത്ത, ഭക്ഷിക്കാൻ എച്ചിലു പോലും കിട്ടാതെ തെരുവോരങ്ങളിൽ നായ്ക്കളുമായി മല്ലിടുന്ന, ചുമച്ചു കുരച്ചു കഫവും ചോരയും ഛർദ്ദിക്കുന്ന, നഗ്നതമറയ്ക്കാതെ തണുത്തു വിറങ്ങലിക്കുന്ന, അമ്മിഞ്ഞ നുകാരാതെ ഓടകളിൽ അഴുക്കു പുരണ്ടു കിടക്കുന്ന തന്റെ ദൈവത്തെ ഓർത്തപ്പോൾ അവരുടെ മനസ്സു തേങ്ങി. ഹൃദയം ആർദ്രമായി. ഒരു സ്വരം തന്നോടു പറയുന്നതുപോലെ; പാതവക്കിൽ തളർന്നു വീഴുന്ന യേശുവിനു നിന്നെ ആവശ്യമുണ്ട്. സുരക്ഷിതത്വത്തിന്റെ കോട്ട തകർത്ത് ഇല്ലായ്മയുടെ നിറവിലേയ്ക്കു, സ്നേഹം ലഭിക്കാത്ത ദൈവമക്കളെ തേടി നീ ഇറങ്ങി വരില്ലേ?

ചുരുക്കിപ്പറഞ്ഞാൽ ലൊറേറ്റോ കോൺവന്റിലെ ലളിതമായ സുഖസൗകര്യങ്ങൾ പോലും ഉപേക്ഷിച്ച്, തെരുവുകളിലും ചേരി

കളിലും കഴിയുന്നവർക്ക് അലിവിന്റെ സുവിശേഷമായി മാറുക. വേദനിക്കുന്ന പാവങ്ങളിൽ ഈശോയെ കാണുക! ഈശോയ്ക്കു വേണ്ടി ജീവിക്കുക. ഇതായിരുന്നു സിസ്റ്റർ തെരേസയ്ക്കു കിട്ടിയ രണ്ടാമത്തെ ദൈവവിളി (A call within a call). അതു പരിശുദ്ധാത്മാവിന്റെ ഉൾവിളിയായിരുന്നു.

*പ്രവൃത്തി പഥത്തിലേയ്ക്ക്*

കർത്താവിന്റെ ഹിതം നിറവേറ്റാൻ അനുവാദങ്ങളുടെ വലിയ കടമ്പകൾ കടക്കേണ്ടതുണ്ടെന്ന് സി. തെരേസ മനസ്സിലാക്കി. ധ്യാനം കഴിഞ്ഞു തിരിച്ചു വന്നപ്പോൾ തന്റെ ഉൾവിളിയെപ്പറ്റി വള്ളിപുള്ളിതെറ്റാതെ മദറിനും മെത്രാപ്പോലീത്താ പെരിയർ തിരുമേനിക്കും വെളിപ്പെടുത്തി. പക്ഷേ അനുകൂലമായ മറുപടി കിട്ടിയില്ല. തന്റെ ആത്മഗുരു ഫാ. സെലസ്റ്റ് വാൻ എക്സെമിന് ഉൾവിളിയെക്കുറിച്ചുള്ള അനുഭവം എഴുതിക്കൊടുത്തു. തന്റെ സന്യാസിനി സുഹൃത്തുക്കളുമായി തന്റെ ഹൃദയാനുഭവം സന്തോഷത്തോടെ പങ്കുവച്ചു. അവരിൽ നിന്നു ലഭിച്ച പ്രതികരണവും ആശാവഹമായിരുന്നില്ല.

കൽക്കട്ടയിലെ ചേരികളിൽ പ്രവർത്തിക്കാൻ സന്യാസാധികാരികളുടെ അനുവാദത്തിനു പുറമേ ആർച്ചു ബിഷപ്പിന്റെ അനുവാദവും വേണ്ടിയിരുന്നു. ആർച്ചു ബിഷപ്പിൽ നിന്നുള്ള അനുവാദം സംഘടിപ്പിക്കാൻ ദൈവം തെരഞ്ഞെടുത്തത് ഫാ. വാൻ എക്സെമിനെയും, ഫാ. ഹെൻറിയെയും ആയിരുന്നു. ഫാ. ഹെൻറിക്കു ചേരികളെപ്പറ്റി വ്യക്തമായ അറിവുണ്ടായിരുന്നു. ഇവരുടെ പരിശ്രമത്താൽ ആർച്ചുബിഷപ്പിന് സി. തെരേസയുടെ ആത്മാർത്ഥത ബോധ്യമായി. എങ്കിലും ഒരു വർഷം കൂടി കാത്തിരിക്കാനുള്ള നിർദ്ദേശമാണദ്ദേഹം നല്കിയത്.

ദൈവം തന്നെ പരീക്ഷിക്കുകയാണെന്നു താമസംവിനാ സിസ്റ്ററിനു ബോധ്യമായി. മഠം വിട്ടുചേരിയിൽ പ്രവർത്തിക്കുന്നതിന് അനുവാദം നല്കുന്നതിനു പകരം ഡോട്ടേഴ്സ് ഓഫ് സെന്റ് ആൻസ് മഠത്തിൽ ചേർന്നു പ്രവർത്തിക്കാൻ നിർദ്ദേശമായി.

പിതാവിന്റെ കല്പന സസ്നേഹം അനുസരിച്ച് സെന്റ്

ആൻസിൽ ജോലി ചെയ്യുമ്പോഴും സിസ്റ്ററിന് ഉറപ്പുണ്ടായിരുന്നു ദൈവം തന്നെ അവിടേയ്ക്കല്ല വിളിച്ചതെന്ന്. ഫാ. വാൻ എക്സെം വീണ്ടും പിതാവിനെ കണ്ടു. അദ്ദേഹത്തിനു അരമനസ്സായി. ഒടുവിൽ പിതാവ് റോമിലേയ്ക്കെഴുതി മദർ ജനറൽ റോമിലേയ്ക്കു നേരിട്ടെഴുതാൻ സി. തെരേസയെ അനുവദിച്ചു. അന്നു തന്നെ അവർ പന്ത്രണ്ടാം പീയൂസ് പാപ്പായ്ക്കെഴുതി:

"പരിശുദ്ധ പിതാവേ, ഈ എളിയദാസിക്ക് ഒരു ദൈവവിളിയുണ്ട്. അതനുസരിച്ചു സർവതും ഉപേക്ഷിച്ച് ചേരികളിലെ ദരിദ്രരിൽ ദരിദ്രരായ പാവങ്ങളുടെ സേവനാർത്ഥം ഞാൻ സ്വയം സമർപ്പിക്കുകയാണ്. അതിനുവേണ്ട അനുവാദവും ആശീർവാദവും നല്കണമേ."

പരിശുദ്ധ പിതാവിന്റെ മറുപടി 1948 ആഗസ്റ്റ് 8 ന് സി. തെരേസയ്ക്കു കിട്ടി. അവരുടെ ആനന്ദത്തിന് അതിരില്ലായിരുന്നു. എങ്കിലും സ്വന്തം ഭവനത്തിൽ നിന്നെന്നതുപോലെതന്നെ തന്റെ എല്ലാമെല്ലാമായിരുന്ന ലൊറേറ്റോ കോൺവന്റിനോടു യാത്ര പറയുക ഹൃദയഭേദകമായിരുന്നു. അവർക്ക് മഠം സ്വന്തം വീടുപോലെ ആയിരുന്നു. ആ മഠം എന്നേക്കുമായി ഉപേക്ഷിച്ചു പോരുക അസ്സഹനീയമായിത്തോന്നി. എങ്കിലും കൽക്കട്ടായിലെ തെരുവുകളിലും ചേരികളിലും തനിക്കായി കാത്തിരിക്കുന്ന തന്റെ ദൈവത്തിന്റെ വിളി സി. തെരേസയ്ക്ക് അപ്രതിഹതമായിരുന്നു . ഒരു നിമിഷംപോലും പാഴാക്കാനാവില്ലെന്ന് അവർക്കു ബോധ്യമായി.

### *ലൊറേറ്റോയുടെ പടി ഇറങ്ങുന്നു*

സി. തെരേസ എന്നേയ്ക്കുമായി ലൊറേറ്റോ മഠത്തിന്റെ പടിയിറങ്ങി. 1949 ഓഗസ്റ്റ് 18 നായിരുന്നു അത്. ഏകാകിയുടെ ദുഃഖം അവർ അനുഭവിച്ചറിഞ്ഞു. അവർ കരഞ്ഞു. അവരുടെ കണ്ണീരൊപ്പാൻ കരുണാവാരിധിയായ ദൈവമല്ലാതെ മറ്റാരും ഉണ്ടായിരുന്നില്ല. അവർ അന്നു മുതൽ സ്വയം മറന്നു കൊണ്ട് ദൈവത്തെ പൂർണ്ണമായി വിശ്വസിച്ചു. അവിടുന്നു കൂടെയുണ്ടായിരുന്നതുകൊണ്ട് അണുവിട ഭയപ്പെടാതെ അവർ മുമ്പോട്ടുനീങ്ങി.

## അദ്ധ്യായം 3

# കൽക്കട്ടായിലെ തെരുവീഥികളിലേയ്ക്ക്

തന്നെ മാടിവിളിച്ച കൽക്കട്ടായിലെ തെരുവുകളിലേയ്ക്ക് സി. തെരേസ ഇറങ്ങിത്തിരിച്ചു. ഓരോ ചേരിയും തന്റെ പാദസ്പർശമേല്ക്കാൻ കാത്തിരിക്കുന്നതുപോലെ അവർക്കു തോന്നി. ദുരിതങ്ങളുടെ മഹാസാഗരത്തിലേയ്ക്കാണ് ആ മഹതി ഇറങ്ങിയത്. ദുരിതങ്ങളുടെ മഹാനഗരമെന്നാണ് കൽക്കട്ടയെ അവർ വിശേഷിപ്പിച്ചിരിക്കുന്നത്. പാവങ്ങളെ പരിചരിക്കാൻ അറിവും പരിചയവും വേണമല്ലോ, ഒപ്പം പരിശീലനവും.

1949 ആഗസ്റ്റ് 18 നു തന്നെ സിസ്റ്റർ പാറ്റ്നായിലേയ്ക്കു യാത്രയായി. അവിടെ മെഡിക്കൽ മിഷൻ സിസ്റ്റേഴ്സു നടത്തുന്ന ഒരു നേഴ്സിംഗ് സ്കൂളിൽ ചേർന്നു. മൂന്നു മാസം കൊണ്ട് രോഗം നിർണ്ണയിക്കുവാനും മരുന്നു കുറിക്കുവാനും കുത്തിവയ്ക്കാനുമൊക്കെ അവർ പഠിച്ചു. ദൈവത്തിന്റെ പ്രത്യേകാനുഗ്രഹമാണ് ഇത്രവേഗം ഈ കഴിവുകളൊക്കെ തനിക്കു നല്കിയതെന്ന് അവർ എന്നെന്നും വിശ്വസിച്ചിരുന്നു. ഡിസംബർ 19 ന് പാറ്റ്നായിൽ നിന്നു കൽക്കട്ടായിൽ തിരിച്ചെത്തി. 'പാവങ്ങളുടെ കുഞ്ഞുസഹോദരികൾ' കുറച്ചു നാളത്തേയ്ക്കു താമസിക്കാൻ അവർക്കിടം കൊടുത്തു. ഇതിനിടെ ആത്മഗുരുവിന്റെ നിർദ്ദേശപ്രകാരം ഡിസംബർ 10 മുതൽ 18 വരെ ഒരു ധ്യാനംകൂടി നടത്തി. അങ്ങനെ തന്റെ പ്രവർത്തന മണ്ഡലത്തിലേയ്ക്കിറങ്ങാൻ അവർ ആത്മനാ ഒരുങ്ങി.

ലൊറേറ്റോ സന്യാസിനികളുടെ വേഷം പാറ്റ്നയ്ക്കു പോകുന്നതിനു മുമ്പുതന്നെ സിസ്റ്റർ ഉപേക്ഷിച്ചിരുന്നു. പകരം കൽക്കട്ടയിലെ വലിയ വീടുകളിൽ കയറിയിറങ്ങി മാലിന്യം ശേഖരിക്കുന്ന തോട്ടികളുടെ സാരി തന്റെ സന്യാസ വസ്ത്രമാക്കി. സാരിത്തുമ്പിൽ ക്രൂശിതരൂപവും. വെള്ളയിൽ നീലക്കരയുള്ള പരുപരുത്ത

സാരിയാണ് അവർ തെരഞ്ഞെടുത്തത്. വെള്ള പരിശുദ്ധിയെയും, നീലക്കര പരിശുദ്ധ അമ്മയെയും പ്രതിനിധീകരിക്കുമല്ലോ. ദൈവപരിപാലനയിൽ, തന്റെ ആത്മപിതാവാണു മൂന്നു സാരികൾ വെഞ്ചരിച്ച് അവർക്കു സമ്മാനിച്ചത്. അദ്ദേഹത്തിന്റെ ആശീർവാദത്തോടെ തന്റെ പ്രവർത്തന മേഖലയിലേയ്ക്കു സി. തെരേസ സധൈര്യം പ്രവേശിച്ചു.

***പ്രവർത്തനത്തിന്റെ പാതയിൽ***

ഹെന്റിയച്ചൻ കൂട്ടിനുവിട്ട ഒരു സ്ത്രീയുമായി ആ കനിവിന്റെ മാലാഖ മോത്തീജിലേയ്ക്കു യാത്രയായി. മുത്തുകളുടെ തടാകം എന്നർത്ഥമുള്ള ആ സ്ഥലത്ത് ആകെ ഉണ്ടായിരുന്നത് ഒരു കുളമാണ്. അതിനു ചുറ്റും ചീഞ്ഞളിഞ്ഞു മലീമസമായ ചേരികളുണ്ട്. മനുഷ്യൻ മൃഗങ്ങളേക്കാൾ മോശമായി ജീവിക്കുന്ന അവസ്ഥയാണ് അവിടെയെങ്ങും. ശുചിത്വം അവരെ തൊട്ടുതീണ്ടിയിട്ടു പോലുമില്ല. കുളിക്കാതെ, വസ്ത്രമലക്കാതെ ജീവിക്കുന്നവർ, അഴുക്കു പുരണ്ട കുഞ്ഞുങ്ങൾ. മാലിന്യത്തിന്റെ നടുമുറ്റത്തും തുള്ളിക്കളിക്കാൻ അവർ മറന്നിരുന്നില്ല. അവരുടെ അടുത്തേയ്ക്കു ശുഭ്ര വസ്ത്രധാരിയായ ഒരു അപരിചിത കടന്നു ചെന്നപ്പോൾ അത്ഭുതംകൂറി അവർ അവരെ മിഴിച്ചു നോക്കി നിന്നു. ആ സ്നേഹസാഗരം അവരെ നോക്കി ഹൃദ്യമായി പുഞ്ചിരിച്ചു. കുറെ കുട്ടികൾ അവർക്കു ചുറ്റും കൂടി. സഞ്ചിയിൽ സൂക്ഷിച്ചിരുന്ന മിഠായി അവർക്കു വിതരണം ചെയ്തു. ഏറ്റം വൃത്തിഹീനരെ സ്നേഹവചസ്സുകൾ പറഞ്ഞ് സോപ്പിട്ടു കുളിപ്പിച്ചു. ജീവിതത്തിൽ ആദ്യമായായിരിക്കും അവർ സോപ്പിട്ടുകുളിക്കുന്നത്; ഒരുപക്ഷേ, കുളിക്കുന്നതുപോലും.

***രോഗാണുക്കളുടെ കൂടാരങ്ങൾ***

രോഗാണുക്കളുടെ കൂടാരങ്ങളായിരുന്നു ആ ചേരികൾ. എവിടെത്തിരിഞ്ഞാലും അവിടെയെല്ലാം എല്ലിച്ച ക്ഷയരോഗികൾ. ചൊറിയും ചിരങ്ങും പിടിച്ച കുട്ടികൾ. അറിവിന്റെ വെളിച്ചമില്ലാ

ത്തതാണു ദുരന്തത്തിന്റെ പ്രധാനകാരണം. സി. തെരേസ ഒന്നു തീരുമാനിച്ചു. ചേരികളിലെ കുട്ടികളെ പഠിപ്പിക്കണം. ചുറ്റും കണ്ട മൂന്നു നാലുകുട്ടികൾ അവർ വിളിച്ചപ്പോൾ അടുത്തുചെന്നു. അവരോടൊപ്പം ആ അമ്മ ഒരു മരച്ചുവട്ടിൽ ഇരുന്നു. കമ്പുകൊണ്ടു പച്ച മണ്ണിലെഴുതി ആ കുട്ടികളെ അവർ പഠിപ്പിക്കാൻ തുടങ്ങി. ഒരു വലിയ പ്രസ്ഥാനത്തിന്റെ ഏറ്റം എളിയ തുടക്കം ആ മരച്ചുവട്ടിലായിരുന്നു. ക്ലാസ്സു കഴിഞ്ഞു കുട്ടികൾ പിരിഞ്ഞു.

***അറിവിന്റെ ആദ്യാക്ഷരങ്ങൾ***

അധ്യയനം തുടരാൻ ഒരു മുറിയ്ക്കു വേണ്ടി കുടിലുകൾ തോറും ആ കന്യക കയറിയിറങ്ങി. ഒടുവിൽ ഒരു കൊച്ചു മുറി കിട്ടി. അഞ്ചു രൂപാ വാടകയ്ക്ക് അവർ അത് എടുത്തു. വലിയ സന്തോഷം ആ നിർമ്മല ഹൃദയത്തിൽ അലയടിച്ചു. അടുത്ത ദിവസം ആ കൊച്ചുമുറിയിലായിരുന്നു ക്ലാസ്സ്. കുട്ടുകളുടെ എണ്ണം അനുദിനം വർദ്ധിച്ച് 35 വരെ ആയി. അക്ഷരങ്ങളും ശുചിത്വത്തിന്റെ ബാലപാഠങ്ങളുമാണ് അവർക്കു നല്കപ്പെട്ടത്. മനുഷ്യത്വത്തിന്റെ മാഹാത്മ്യം അവർക്കു ബോധ്യപ്പെടുത്തി. ദൈവം ഏവരേയും സ്നേഹിക്കുന്നുവെന്നും എല്ലാവരും ദൈവമക്കളാണെന്നുമുള്ള ആഴമായ അവബോധം അവർക്കു ലഭിച്ചു.

ചേരിയിലെ ആളുകൾ സി. തെരേസയുടെ ആത്മാർത്ഥത മനസ്സിലാക്കി അവരോടു സഹകരിച്ചു. ആ ചേരിനിവാസികൾ അവരെ സഹായിക്കാൻ തുടങ്ങി. അങ്ങോട്ട് ആവശ്യപ്പെടാതെ തന്നെ ക്ലാസുമുറിക്ക് ആവശ്യമായ മേശ, കസേര, ബോർഡ് ഇവ അവർ തന്നെ സംഘടിപ്പിച്ചു കൊടുത്തു. തുടർന്നു രണ്ടു മുറികൾകൂടി അഞ്ചു രൂപ വാടകയ്ക്ക് എടുക്കാൻ കഴിഞ്ഞു. ക്ലാസ് മുറികളും ഡിസ്പെൻസറിയുമായി. ഇതിനുള്ള ദൈവപരിപാലന ഒരു വൈദികനിലൂടെയാണ് വ്യക്തമായത്. അദ്ദേഹം 100 രൂപ സംരംഭത്തിനു സംഭാവനയായി നല്കി.

## അദ്ധ്യായം 4

# തലചായിക്കാൻ ഒരിടം

നന്റെ സംരംഭത്തിന് ആരംഭമായെങ്കിലും തനിക്കു തല ചായിക്കാൻ ഇനിയും ഇടം കിട്ടിയിരുന്നില്ല. ഈ സാഹചര്യം സി. തെരേസയെ വളരെ വിഷമിപ്പിച്ചു. അന്വേഷണം തുടർന്നുകൊണ്ടേയിരുന്നു. ഇടംതേടി അലയുന്നവരുടെ കഠോര വേദനയുടെ ആഴം മനസ്സിലാക്കാൻ ഈ അവസ്ഥ സിസ്റ്ററിനെ ഏറെ സഹായിച്ചു. മാത്രവുമല്ല. മനസ്സു മടുക്കാതെ ദൈവത്തിലാശ്രയിച്ചു മുന്നേറാൻ ഇത് അവർക്കു പ്രേരണയുമായി. ലൊറേറ്റോയിൽ നിന്നു വിളിച്ചിറക്കി കൊണ്ടുവന്നവൻ, സർവ്വസമ്പത്തും ജഗത്തിൽ വിതയ്ക്കുന്ന, സകലത്തേയും പരിപാലിക്കുന്ന സർവ്വശക്തൻ തലചായിക്കാൻ ഒരിടം നല്കുമെന്ന് സി. തെരേസ ഉറച്ചു വിശ്വസിച്ചു.

ഈ ബോധ്യത്തോടെ 1949 ഫെബ്രുവരി മാസത്തിൽ തന്റെ ആത്മഗുരുവായ ഫാ. സെലസ്റ്റ് വാൻ എക്സമിനെ കാണാൻ പാവങ്ങളുടെ അമ്മ ചെന്നു. തന്റെ ആവശ്യം അവർ അച്ചനെ അറിയിച്ചു. ദൈവം അവരുടെ പ്രാർത്ഥന ശ്രവിച്ചു. ഏറെ താമസിയാതെ ഒരു ദിവസം ഫാ. സെലസ്റ്റ് അവരെ വിളിച്ചു പറഞ്ഞു, മൈക്കൾ ഗോമസിന്റെ ഭവനത്തിലെ രണ്ടാം നിലയിൽ സി. തെരേസയ്ക്കു താമസിക്കാമെന്ന്. അത്രവലിയ കെട്ടിടം അവർ പ്രതീക്ഷിച്ചിരുന്നില്ല. എങ്കിലും അച്ചന്റെ നിർദ്ദേശ പ്രകാരം ദൈവഹിതത്തിന് അവർ വിധേയയായി. മഹാമനസ്കനായ മൈക്കൾ ഗോമസിന്റെ ഭവനത്തിൽ ഫെബ്രുവരി 28-ാം തീയതി മുതൽ അവർ താമസം ആരംഭിച്ചു. കൂട്ടിന് ചാരുർമായ എന്ന വിധവയേയും ദൈവം അവർക്കു നല്കി.

### *ആദ്യത്തെ അർത്ഥിനി*

ഗോമസിന്റെ വീട്ടിൽ താമസമാക്കുന്നതിനുമുമ്പ് സി. തെരേസയുടെ ഒരു വിദ്യാർത്ഥിനി സുഭാഷിണി ദാസ് അവളെ സമീപിച്ചു പറഞ്ഞു: "അമ്മേ അമ്മയുടെ കൂടെ ജീവിക്കാനാണു ഞാൻ വന്നത്." അമ്മയ്ക്കു അത്ഭുതമായി. തന്റെ പരുപരുത്ത കരങ്ങൾ നീട്ടിക്കൊണ്ട് അവർ പറഞ്ഞു: "മോളെ, നീ ഇതു കണ്ടോ? ജീവിതം ക്ലേശപൂർണ്ണമാണ്. എന്റെ വസ്ത്രങ്ങൾ വളരെ വിലകുറഞ്ഞവയാണ്. നിന്നെത്തന്നെ മറന്ന് ദൈവത്തിനു പരിപൂർണ്ണമായി സമർപ്പിച്ച് പാവങ്ങൾക്കുവേണ്ടി ജീവിക്കാൻ നിനക്കാവുമോ?" നിശ്ചയദാർഢ്യത്തോടെ ആ പെൺകുട്ടി പറഞ്ഞു: "എനിക്കാവും. ഞാൻ തയ്യാറാണ്. ഏറെ ആലോചിച്ചതിനു ശേഷമാണ് വലിയ ആഗ്രഹത്തോടെ അമ്മയെ തേടി ഞാൻ വന്നത്. എന്നെ ഉപേക്ഷിക്കരുത്." അങ്ങനെ സി. തെരേസ മദർ തെരേസയായി.

സി. തെരേസയ്ക്കു അവളെ സ്വീകരിക്കണമെന്നുണ്ടായിരുന്നു. എങ്കിലും ദൈവാത്മാവു തോന്നിപ്പിച്ചതനുസരിച്ച് അവർ അവളോടു പറഞ്ഞു: "ദാരിദ്ര്യമാണ് എന്റെ സമ്പത്ത്. പാവങ്ങളാണെന്റെ ബന്ധു

ക്കൾ. താമസിക്കാൻ ഒരു വീടുപോലുമില്ല. മോൾ സമാധാനമായി മടങ്ങുക. ദൈവം അനുവദിക്കുമെങ്കിൽ നമുക്കു വീണ്ടും കാണാം.'' സുഭാഷിണിക്ക് അമൃതമായിരുന്നു ആ വാക്കുകൾ. സന്തോഷത്തോടെതന്നെ അവൾ മടങ്ങിപ്പോയി.

ലൊറേറ്റോയിലെ കാത്തലിക് ആക്ഷൻ ഗ്രൂപ്പിലെ ഒരു സജീവാംഗമായിരുന്നു സുഭാഷിണി. രോഗികളോടും പാവപ്പെട്ടവരോടും അവൾ കാരുണ്യത്തോടെ പെരുമാറുന്നത് സി. തെരേസ നോക്കി നിന്നിട്ടുണ്ട്. അവരെ ശുശ്രൂഷിക്കുന്നതിൽ എന്തോ ദിവ്യാനുഭൂതി ആ പെൺകുട്ടി നുകരുന്നത് അവർ മനസ്സിലാക്കിയിരുന്നു. അവർ സുഭാഷിണിക്കുവേണ്ടി ഏറെ പ്രാർത്ഥിച്ചു. അവരുടെ ബലിയർപ്പണത്തിൽ സുഭാഷിണിയുടെ മുഖം തെളിഞ്ഞു നിന്നിരുന്നു. വീണ്ടും വീണ്ടും ആ കുട്ടിയെ അവർ കർത്താവിനു സമർപ്പിച്ചു.

മാർച്ചു 19-ാം തീയതി, യൗസേപ്പിതാവിന്റെ തിരുനാൾ ദിവസം, സി. തെരേസ പ്രാർത്ഥിച്ചുകൊണ്ടിരുന്നപ്പോൾ സുഭാഷിണി വീണ്ടും വന്നു. പല മാറ്റങ്ങൾക്കും അവൾ വിധേയയായതായി മദർ ശ്രദ്ധിച്ചു. വിലകുറഞ്ഞ വസ്ത്രങ്ങളാണ് അവൾ ധരിച്ചിരിക്കുന്നത്. ആഭരണങ്ങൾ ഒന്നുമില്ല. ഒരു അർത്ഥിനിയുടെ വിനീതമായ മുഖം. മനസ്സിലെ ഉറച്ച തീരുമാനം മുഖത്തു പ്രതിബിംബിക്കുന്നതുപോലെ. അവൾ പറഞ്ഞു: ''അമ്മേ, എല്ലാം ഉപേക്ഷിച്ച് ഇതാ ഞാൻ വന്നിരിക്കുന്നു. ഇനി എന്നെ തള്ളിക്കളയരുതേ.''

എല്ലാം സമർപ്പിച്ചവളുടെ ഹൃദയം തുറന്നുള്ള തേങ്ങിക്കരച്ചിലായിരുന്നു അത്. സി. തെരേസ അവളെ സസന്തോഷം ഇരുകൈകളും നീട്ടി സ്വീകരിച്ചു. തമ്പുരാൻ കനിഞ്ഞു നല്കിയ ആ ആദ്യനിധിയെ പരിശുദ്ധ അമ്മയുടെ വിമലഹൃദയത്തിന് അവർ സമർപ്പിച്ചു. ആഗ്നസ് എന്ന പേരു സ്വീകരിച്ച് സുഭാഷിണി ഉപവിയുടെ സഹോദരികളിലെ പ്രഥമ അംഗമായി. തന്റെ ജീവിതത്തിലെ എല്ലാ അനുഭവങ്ങളിലും ഒപ്പം നിന്ന ആഗ്നസ് മരണം വരെ മദർ തെരേസയുടെ വലംകൈ ആയിരുന്നു. അമ്മയ്ക്കു പകരം നിന്ന ആദ്യത്തെ നോവിസ് മിസ്ട്രസ്സും സി. ആഗ്നസ് തന്നെയായിരുന്നു. അവൾ മരിക്കുമ്പോൾ കൂടെ നിന്ന് സാന്ത്വനം നല്കി ശുശ്രൂഷിക്കുവാൻ ദൈവം അമ്മയ്ക്കു അവസരം നല്കി. 1997 ഏപ്രിൽ 9 നാണ് സി. ആഗ്നസ് സർവ്വശക്തനിൽ വിലയം പ്രാപിച്ചത്.

സി. ആഗ്നസിനു പിന്നാലെ ആയിരങ്ങൾ ഉപവിയുടെ സഹോദരിമാരായി വന്നു. കർത്താവിന്റെ കാരുണ്യം അവരുടെ സ്നേഹകൂടാരത്തിന് എന്നും തണലായിരുന്നു. ആ കാരുണ്യത്തിന്റെ തണലിൽ അനുദിന ജീവിതക്ലേശങ്ങൾ അവർ മറന്നു.

### *കൈയ്പും മധുരവും നിറഞ്ഞ അനുഭവങ്ങൾ*

ഒരു രാത്രി ഉറങ്ങാൻ കിടന്നപ്പോൾ ഏശയ്യാ പ്രവാചകന്റെ

"കർത്താവു നിനക്കു കഷ്ടതയുടെ അപ്പവും ക്ലേശത്തിന്റെ ജലവും തന്നാലും നിന്റെ ഗുരു നിന്നിൽ നിന്നു മറഞ്ഞിരിക്കുകയില്ല. നിന്റെ നയനങ്ങൾ നിന്റെ ഗുരുവിനെ ദർശിക്കും. നീ വലത്തോട്ടോ ഇടത്തോട്ടോ തിരുയുമ്പോൾ നിന്റെ കാതുകൾ പിന്നിൽ നിന്ന് ഒരു സ്വരം ശ്രവിക്കും ഇതാണു വഴി, ഇതിലെ പോവുക" (30:20-21) എന്ന വചനങ്ങൾ ഓർക്കേണ്ട ഒരു സാഹചര്യം അഗതികളുടെ അമ്മയ്ക്കുണ്ടായി.

സ്വയം വിനീതയാകാൻ കർത്താവ് ഒരുക്കിയ ഒരു അവസരം ആയിരുന്നു അത്. ഒരിക്കൽ അമ്മ തങ്ങൾക്കും പാവങ്ങൾക്കും വേണ്ടി ഭിക്ഷ യാചിച്ച് ഒരു ബ്രാഹ്മണ കുടുംബത്തിൽ എത്തി. ശരിക്കും വിശപ്പനുഭവിച്ചിരുന്ന അവർ എന്തെങ്കിലും നല്കണമെന്നുയാചിച്ചു. അമ്മ കൈനീട്ടി. ആ ബ്രാഹ്മണൻ കോപിച്ച് അമ്മയുടെ കൈകളിൽ നീട്ടിത്തുപ്പി. അതു സന്തോഷപൂർവ്വം സ്വീകരിച്ച് സൗമ്യതയോടെ അമ്മ പറഞ്ഞു: "ഇത് എന്റെ പാപത്തിന്റെ ഫലമാണ്, ഇനി എന്റെ പാവങ്ങൾക്ക് എന്തെങ്കിലും തരണമേ."

സ്നേഹത്തിൽ പൊതിഞ്ഞ വിനയാന്വിതമായ ആ സംസാരവും പെരുമാറ്റവും ആ ബ്രാഹ്മണന്റെ ഉൾക്കണ്ണു തുറപ്പിച്ചു. അയാൾ അമ്മയോടു ക്ഷമ ചോദിച്ചു. അമ്മയ്ക്കു ധാരാളം പണം കൊടുത്ത് അനുഗ്രഹിച്ചു. ഇനിയുമെന്നും ആ വാതിൽ അവർക്കായി തുറന്നു കിടക്കുമെന്ന് ഉറപ്പും നല്കി. അവർ സന്തോഷത്തോടെ മടങ്ങിപ്പോയി. എങ്കിലും അമ്മ തന്നോടു തന്നെ ചോദിച്ചുകൊണ്ടിരുന്നു. തെരേസ, എങ്ങനെയാണ് ആ തുപ്പൽ സൗമ്യതയോടെ പുഞ്ചിരിച്ച് ഏറ്റുവാങ്ങാൻ നിനക്ക് സാധിച്ചത്? ഒരറപ്പും തോന്നാതെ നീ എങ്ങനെയാണ് അതു സ്വീകരിച്ചത്?

ദൈവമാണ് ആ ശക്തി തനിക്കു നല്കിയതെന്നു കനിവിന്റെ താതയ്ക്കു ബോധ്യമായി. ഈശോയുടെ ചോര കിനിയുന്ന തിരുമുഖമാണ്, ആ മുഖത്തേറ്റ നിന്ദനത്തിന്റെ മുറിവുകളാണ് അമ്മയ്ക്കു പിടിച്ചു നില്ക്കാൻ കൃപയും ശക്തിയും നല്കിയത്. വാസ്തവത്തിൽ നല്ല ദൈവം അമ്മയെ വലിയകാര്യങ്ങൾക്ക് ഒരുക്കുകയായിരുന്നു. ചേരികളിലെ പുഴുക്കളരിക്കുന്ന ശരീരങ്ങളെ വാരിപ്പുണരാൻ, കുഷ്ഠരോഗത്തിന്റെ വ്യണങ്ങളാൽ ദുർഗന്ധം വമിക്കുന്ന ദൈവമക്കളെ ശുശ്രൂഷിക്കാൻ, ക്ഷയരോഗത്താൽ എല്ലും തൊലിയുമായി തളർന്നു വീണ മനുഷ്യപുത്രരെ ആശ്വസിപ്പിക്കാൻ, മരണ വേദനയാൽ പിടയുന്നവരെ സ്നേഹം പകർന്നു മടിയിൽ കിടത്തി ദൈവത്തിന്റെ മടിത്തട്ടിലേയ്ക്ക് ആനയിക്കാൻ അമ്മയുടെ മനസ്സിനെ ദൈവം ഒരുക്കുകയായിരുന്നു. ദൈവത്തിന്റെ തന്നോടൊപ്പമുള്ള സാന്നിദ്ധ്യത്തെക്കുറിച്ച് കരുണയുടെ അമ്മയ്ക്കു നിരന്തരമായ ബോധ്യമുണ്ടായിരുന്നു.

## അദ്ധ്യായം 5

# വിടചൊല്ലാൻ ഒരു വീട്

കൽക്കട്ടാ പട്ടണത്തിന്റെ തെരുവുകളിലും ചേരികളിലും ആരും യാത്രയാക്കാനില്ലാതെ, ആരോടും യാത്ര ചൊല്ലാനാകാതെ ഈ ലോക ജീവിതത്തിന്റെ തിക്താനുഭവങ്ങളുമായി മഹേശ്വരന്റെ മടിത്തട്ടിലേയ്ക്കു പോകുന്ന ധാരാളം ദൈവമക്കളുണ്ടായിരുന്നു. ഒരിറ്റു കാരുണ്യത്തിന്റെ സ്നേഹസ്പർശം പോലും അനുഭവിക്കാൻ സാധിക്കാതെ പാതവക്കിലും ചേരികളിലും പിടഞ്ഞു വീണു മരിക്കുന്ന ആയിരമായിരം മനുഷ്യക്കോലങ്ങൾ. ഈ ദൃശ്യം കനിവിന്റെ അമ്മയെ പിടിച്ചുകുലുക്കി. ഒരിക്കൽ മൈക്കിൾ ഗോമസും അമ്മയും മോത്തീജിലെ ചേരിയിലേയ്ക്കു പോവുകയായിരുന്നു. വഴിമദ്ധ്യേ ഒരു മനുഷ്യൻ മരണാസന്നനായി കിടക്കുന്നതു കണ്ടു. അവർ ആ രോഗിയെ ആശുപത്രിയിലെത്തിച്ചു. ജീവിക്കുമെന്ന് അല്പമെങ്കിലും പ്രതീക്ഷയുള്ള രോഗികൾക്കു മാത്രമേ ചികിത്സ ലഭിക്കൂ എന്ന ഒറ്റ കാരണത്താൽ അയാൾക്കു പ്രവേശനം നിഷേധിക്കപ്പെട്ടു. അവർ വേഗം മരുന്നു കടയിലേയ്ക്ക് ഓടി. പക്ഷേ മടങ്ങിവരുമ്പഴേക്കും ആ പാവം മരിച്ചിരുന്നു.

ദൈവത്തിന്റെ ഛായയിലും സാദൃശ്യത്തിലും സൃഷ്ടിക്കപ്പെട്ട മനുഷ്യൻ ഈ വിധം മരിക്കുന്നത് ദീനാനുകമ്പയായ ആ അമ്മയ്ക്കു സഹിക്കാനായില്ല. ആ മാതൃഹൃദയം തേങ്ങി. അമ്മ ഇങ്ങനെ ഓർത്തു പോയി. ദൈവമേ, പാവപ്പെട്ട മനുഷ്യർക്ക്, തീരാരോഗികളായി മരണാസന്നരായ മനുഷ്യർക്കു ലോകം യാതൊരു വിലയും കൊടുക്കുന്നില്ലല്ലോ. ശോചനീയമായ ഈ അവസ്ഥയെക്കുറിച്ച് അമ്മ പോലീസ് കമ്മീഷണർക്കു പരാതി നല്കി. കാളീഘട്ടിലെ പഴയ സത്രം പാവപ്പെട്ട മരണാസന്നർക്കു വിട്ടുകിട്ടുവാനുണ്ടായ സാഹചര്യം അതായിരുന്നു. അമ്മയുടെ ധാർമ്മിക രോഷത്തെ അഖിലേശൻ മനുഷ്യത്വത്തിന്റെ വിവിധ മേഖലകളിലേയ്ക്കു തിരിച്ചു വിടുകയായിരുന്നു.

### *അമ്മേ, അമ്മ ദേവിയാണ്*

മറ്റൊരു ദിവസം മഴപെയ്തു തോർന്ന സമയം അതേ തെരുവിലൂടെ അമ്മ നടന്നു നീങ്ങുകയായിരുന്നു. പാതവക്കിൽ ഒരു തുണിക്കെട്ട് അനങ്ങുന്നതുപോലെ അമ്മയ്ക്കു തോന്നി. അമ്മ അങ്ങോട്ടോടിചെന്നു. മദ്ധ്യവയസ്കയായ ഒരു സ്ത്രീ ആയിരുന്നു അത്.

അവർ ഞരങ്ങുകയാണ്. കൈവിരലുകളിൽ എലി കടിച്ചപാടുകൾ. അമ്മ അവരെ വാരിയെടുത്തു. പിന്നെ ആശുപത്രിയിലേയ്ക്ക് ഒരു ഓട്ടമായിരുന്നു. പക്ഷേ, ആശുപത്രിക്കാർ ആരും ആദ്യമൊന്നും ആ സ്ത്രീയെ ശ്രദ്ധിച്ചില്ല. അവസാനം അമ്മയുടെ നിർബന്ധത്തിനു വഴങ്ങി അധികാരികൾ ശുശ്രൂഷിക്കാൻ തയ്യാറായി. കുറച്ചു കഴിഞ്ഞപ്പോൾ ആ സ്ത്രീ മരിക്കുമെന്നു മദറിനു ബോധ്യമായി. അമ്മ അവരെ കൈകളിലെടുത്തു മടിയിൽ കിടത്തി. വിശറികൊണ്ടു പതുക്കെ വീശിക്കൊടുത്തു. ഒരു കൈകൊണ്ടു സ്നേഹപൂർവ്വം അവരെ തലോടി. ആ സ്ത്രീ ആത്മാർത്ഥമായി പുഞ്ചിരിച്ചു. അവസാനമായി കണ്ണുകൾ അടയ്ക്കുന്നതിനു മുമ്പ് ഗദ്ഗദത്തോടെ അവർ പറഞ്ഞു. "അമ്മേ, അമ്മ ദേവിയാണ്." ശാന്തമായി അമ്മയുടെ മടിയിൽ കിടന്ന് അവർ മരിച്ചു. സ്നേഹം ലഭിക്കാതെ എത്രയോ പേർ മരിച്ചിരിക്കുന്നു എന്നചിന്ത കൂടുതൽ പ്രവൃതുന്മുഖയാകാൻ അമ്മയെ നിർബന്ധിച്ചു.

പലരും വഴിവക്കിൽ കിടന്നു നരകിക്കുന്നത്, പുഴുക്കളരിക്കുന്നത്, മരിക്കുന്നത് ഒക്കെ അമ്മ കണ്ടു. തളർന്നിരിക്കാതെ അമ്മ വീണ്ടും പോലീസ് കമ്മീഷണറെ കണ്ടു. പാവങ്ങൾക്കായി ഒരു കൊച്ചു വീടെങ്കിലും അനുവദിച്ചു കരുണ കാണിക്കണമെന്ന് അദ്ദേഹത്തോടു കേണപേക്ഷിച്ചു. കൽക്കട്ട കോർപ്പറേഷൻ ഹെൽത്ത് ഓഫീസറായിരുന്ന ഡോ. അഹമ്മദിന്റെ മുമ്പിലും അമ്മ എത്തി പരാതി നല്കി. ഒടുവിൽ ഇരുവരും മദറിനെ സഹായിക്കാൻ മുമ്പോട്ടു വന്നു.

### *നിർമ്മൽ ഹൃദയ്*

കൽക്കട്ടയിലെ കാളിഘട്ട് ക്ഷേത്രപരിസരത്ത് പഴയ ഒരു വലിയ സത്രമുണ്ടായിരുന്നു. അതു കാണിച്ചു ഡോ. അഹമ്മദ് അമ്മയോടു ചോദിച്ചു. "ഇതു മതിയാകുമോ?" അതിരില്ലാത്ത സന്തോഷത്തോടെ അമ്മ പറഞ്ഞു: "ധാരാളം." തന്റെ പാവങ്ങൾക്കു മരിക്കാൻ ഒരു സത്രമുണ്ടല്ലോ എന്നോർത്ത് അമ്മ ദൈവത്തിനും പരിശുദ്ധ അമ്മയ്ക്കും നന്ദി പറഞ്ഞു. ആ സത്രത്തെ അമ്മ പരി. അമ്മയുടെ നിർമ്മല ഹൃദയത്തിനു സമർപ്പിച്ചു കൊണ്ട് അതിനു "നിർമ്മൽ ഹൃദയ്" എന്ന പേരും നല്കി.

കാരുണ്യത്തിന്റെ സ്നേഹസ്പർശം അനുഭവിച്ച് ആർദ്രതയുടെ സ്നേഹജലം നുകർന്ന്, നൈമിഷിക ദുഃഖങ്ങൾക്ക് അറു

തിവരുത്തി ആയിരങ്ങൾ സ്വസ്ഥതയോടെ നിർമ്മൽ ഹൃദയിൽ വിശ്രമിച്ച് ഈ ലോകത്തു നിന്നു വിടപറയുന്നു. പിതാവിന്റെ മടിത്തട്ടിലേയ്ക്കു പറന്നുയരുന്നു. ഹൃദയ നൈർമ്മല്യത്തോടെ, സഹജാതരുടെ സ്നേഹോഷ്മളമായ പരിലാളനമേറ്റ് പതിനായിരങ്ങൾക്കു സ്വർഗ്ഗം പൂകാൻ പരാപരൻ പടുത്തുയർത്തിയ സ്ഥാപനം. എങ്ങനെയൊക്കെ ജീവിച്ചവരാണെങ്കിലും ജീവിത സായാഹ്നത്തിൽ, മനുഷ്യമാലാഖമാരുടെ ഹൃദ്യമായ ശുശ്രൂഷയേറ്റു മനശ്ശാന്തിയോടെ മരിക്കാൻ, മണ്ണിനോടു വിടചൊല്ലാൻ മഹേശ്വരൻ ഒരുക്കിയ മഹാമന്ദിരം!.

***സ്നേഹത്തിന്റെ തൈലാഭിഷേകം***

മരണത്തിന്റെ ഭീകരതയൊന്നും ഇവിടെ അനുഭവപ്പെടുന്നില്ല. വിടവാങ്ങലിന്റെ ആർത്ത നാദങ്ങളില്ല. സ്വർഗ്ഗത്തിലേയ്ക്കു പോകുന്നവരുടെ സന്തോഷം മാത്രം. ജീവിക്കുന്ന ദൈവത്തെ കാണാൻ നിർമ്മൽ ഹൃദയിൽ പോയാൽ മതി. അവിടെ അവിടുത്തെ സ്പർശിക്കാം. അവിടുത്തെ അഴുകുന്ന ശരീരത്തിൽ സ്നേഹത്തിന്റെ തൈലം പുരട്ടാം. അവിടുത്തെ വൃത്തിഹീനമായ വസ്ത്രങ്ങൾ ശുചിയാക്കാം. വിശക്കുന്ന അവിടുത്തേയ്ക്കു ഭക്ഷണം വാരിക്കൊടുക്കാം. കരയുന്ന അവിടുത്തെ കണ്ണീരൊപ്പാം.

സത്രം ലഭിച്ചതിന്റെ പിറ്റേന്നു രാവിലെ അഗതികളുടെ അമ്മ തെരുവിലേയ്ക്കിറങ്ങി. അതാ, ഒരു ചവറ്റുകുപ്പയിൽ ഒരു സ്ത്രീ തണുത്തുവിറങ്ങലിച്ചു കിടക്കുന്നു. അഴുകി ദ്രവിച്ച വ്രണങ്ങളിൽ തെരുവുനായ്ക്കൾ നക്കുന്നു. നായ്ക്കളെ ഓടിച്ചശേഷം അമ്മ അവരെ തൊട്ടുനോക്കി. മരിച്ചിട്ടില്ല. പക്ഷേ, പൊള്ളുന്ന പനിയുണ്ട്. അവരെ വാരിയെടുത്ത് അതിവേഗം നിർമ്മൽ ഹൃദയിലേയ്ക്കു കൊണ്ടുവന്നു. ചെറുചൂടുവെള്ളത്തിൽ ശരീരം തുടച്ചു വൃത്തിയാക്കി. ആ ശരീരമാകെ തളർന്നിരുന്നു. അമ്മ അവർക്കു ചൂടുപാൽ കൊടുത്തു. പാൽ കുടിച്ചു കഴിഞ്ഞപ്പോൾ അവർ കരയാൻ തുടങ്ങി. തന്നെ ചവറ്റുകുപ്പയിലേയ്ക്കു തള്ളിയിട്ടു തിരിഞ്ഞുനോക്കാതെ കടന്നു പോയ തന്റെ മകനെപ്പറ്റിയുള്ള ചിന്തയായിരുന്നു ആ മാതാവിനെ കദനക്കടലിൽ ആഴ്ത്തിയത്. മരണഭയത്തേക്കാൾ അവരുടെ മനസ്സിനെ മഥിച്ചിരുന്നത് ആശ്രയം നല്കേണ്ട മകന്റെ ക്രൂരമായ പ്രവൃത്തിയാണ്. ഒരു പെറ്റമ്മയ്ക്ക് അതെങ്ങനെ സഹിക്കാനാവും? ആ മകനോട് ക്ഷമിക്കാനാവില്ലെന്ന് ആ സ്ത്രീ തീർത്തു പറഞ്ഞു.

മദർ തെരേസ ആ രോഗിയെ തന്റെ കൈകളിൽ കോരിയെടുത്ത് മടിയിൽ കിടത്തി. അതീവ വാത്സല്യത്തോടെ ആ വേദനിക്കുന്ന സഹോദരിയെ നോക്കി. അവരുടെ കണ്ണുകളിൽ പുത്രസ്നേഹം നിഷേധിക്കപ്പെട്ട ഒരു അമ്മയുടെ ദൈന്യത, ആ ദീനാനുകമ്പ കണ്ടറിഞ്ഞു. മക്കൾ ഉപേക്ഷിച്ചു പോയ മാതാപിതാക്കളുടെ ഒരായിരം ചിത്രങ്ങൾ മദറിന്റെ മനസ്സിൽ തെളിഞ്ഞുവന്നു. മനുഷ്യത്വം വറ്റിവരണ്ട ഈ മനുഷ്യമഹാസമുദ്രത്തിൽ, മനുഷ്യത്വത്തിന്റെ മാലാഖയാകുവാൻ മനസ്സു നിറയെ ആഗ്രഹിച്ചുകൊണ്ട് ആ കവിളുകളിൽ ചുംബിച്ച് ആ സ്ത്രീരത്നത്തോട് മദർ ചോദിച്ചു: "അമ്മേ, അമ്മയ്ക്ക് ആ മകനോടു ക്ഷമിച്ചു കൂടേ? നമ്മുടെ നിരവധിയായ തെറ്റുകൾ അനുനിമിഷം ദൈവം നമ്മോടു ക്ഷമിക്കുന്നില്ലേ? ആ ദൈവത്തിന്റെ മഹനീയമായ കാരുണ്യമല്ലേ അമ്മയെ ഇവിടെ എത്തിച്ചത്? സ്നേഹിക്കുന്ന ദൈവത്തിന്റെ ഹൃദയത്തുടുപ്പുകൾ ഞാൻ അമ്മയിൽ കാണുന്നു. നമ്മെ വേദനിപ്പിച്ചവന്റെ മുമ്പിൽ ചെറുതാകുമ്പോൾ, ക്ഷമിക്കുമ്പോൾ ദൈവം അനുഗ്രഹമായി മാറുമെന്ന് അമ്മയ്ക്കറിഞ്ഞുകൂടേ?"

അമ്മയിതു പറയുമ്പോൾ ആ കണ്ണുകളിൽ നിന്നു കണ്ണീർ ഒഴുകുന്നുണ്ടായിരുന്നു. അമ്മ പ്രാർത്ഥിച്ചു കൊണ്ടിരുന്നു. കുറച്ചു കഴിഞ്ഞപ്പോൾ ആ വയോവൃദ്ധ അമ്മയുടെ കൈകളിൽ പിടിച്ചു. അവരുടെ ശിലാഹൃദയം അലിയാൻ തുടങ്ങിയെന്ന് അമ്മയ്ക്കു മനസ്സിലായി. അവരുടെ കണ്ണുകൾ ഈറൻ അണിയുന്നത് അമ്മ കണ്ടു. അവർ ആ മകനു മാപ്പുകൊടുത്തു. അമ്മയോട് എന്തോ പറയാൻ അവർ വിതുമ്പി. അമ്മയുടെ കൈകളിൽ അവർ തലോടി. ഇതുവരെ ആരും അമ്മയ്ക്കു നല്കാത്ത തരത്തിലുള്ള ഒരു പുഞ്ചിരി സമ്മാനിച്ചുകൊണ്ട് അവർ പറഞ്ഞു, "നിങ്ങൾക്ക് നന്ദി." ശാന്തമായി അവർ ഈ ലോകത്തോടു വിട പറഞ്ഞു.

### *ദൈവത്തിന്റെ പുഞ്ചിരി*

അമ്മ പറയുന്നു: "ഞാനാദ്യമായാണ് ദൈവത്തിന്റെ പുഞ്ചിരി കണ്ടത്.; ഉള്ളു തുറന്നു ക്ഷമിച്ച ആ അമ്മയുടെ മുഖത്ത്. തന്നെ ക്രൂരമായി വേദനിപ്പിച്ചവരോടു ക്ഷമിക്കുമ്പോൾ ദൈവം പുഞ്ചിരിയായി ചുണ്ടിൽ വിടരുമെന്ന്, സമാധാനമായി ഹൃദയത്തിൽ നിറയുമെന്ന് ദൈവം എന്നെ പഠിപ്പിക്കുകയായിരുന്നു."

## അദ്ധ്യായം 6

# എതിർപ്പിന്റെ മുൾമുനയിൽ

ഒരു ദിവസം ഒരു മനുഷ്യൻ ഓടയിൽ വീണുകിടക്കുന്നത് അമ്മയുടെ ശ്രദ്ധയിൽപ്പെട്ടു. അമ്മ അയാളെ എടുത്ത് നിർമ്മൽ ഹൃദയിൽ കൊണ്ടുവന്നു. അയാളുടെ ശരീരം നിറയെ വ്രണങ്ങളായിരുന്നു. അയാളെ കുളിപ്പിച്ച്, വ്രണങ്ങൾ കഴുകി വൃത്തിയാക്കി, മരുന്നു വച്ചുകെട്ടി. ഭക്ഷിക്കാൻ കൊടുത്തു. അയാൾക്ക് പേടിയോ പരാതികളോ ഇല്ലായിരുന്നു. സന്തോഷവാനായ ആ മനുഷ്യൻ പുഞ്ചിരിച്ചുകൊണ്ട് അമ്മയോട് പറഞ്ഞു: "ജീവിതം മുഴുവൻ മൃഗത്തെപ്പോലെ ഞാൻ തെരുവിൽ കഴിച്ചുകൂട്ടി. ഇപ്പോഴിതാ ഒരു മാലാഖയെപ്പോലെ ഞാൻ എന്റെ ഭവനത്തിലേയ്ക്ക് പോകുന്നു." അമ്മ അയാൾക്കുവേണ്ടി ഉള്ളുരുകി പ്രാർത്ഥിച്ചു. മൂന്നു മണിക്കൂറിനുള്ളിൽ അയാൾ സമാധാനമായി മരിച്ചു.

***വേണമെങ്കിൽ നിങ്ങൾ എന്നെ കൊന്നോളൂ***

കാളീഘട്ടിലെ സത്രം ഒരു കത്തോലിക്കാ സന്യാസിനി കൈവശം വച്ചുകൊണ്ടിരിക്കുന്നത് പല ഹൈന്ദവ സഹോദരങ്ങൾക്കും ഇഷ്ടപ്പെട്ടില്ല. അവർ സംഘടിച്ചു നിർമ്മൽ ഹൃദയിക്ക് എതിരേ തിരിഞ്ഞു. കന്യാസ്ത്രീകൾ ഹിന്ദുക്കളെ ക്രിസ്ത്യാനികളാക്കുകയാണെന്നും മരിക്കുന്നവരെ ക്രിസ്തുമതാചാരമനുസരിച്ചാണ് സംസ്കരിക്കുന്നതെന്നും മറ്റുമുള്ള ആരോപണങ്ങൾ ഉന്നയിച്ചു. പൊടുന്നനെ അവർ അക്രമാസക്തരായി. അവർ സത്രത്തിനു കല്ലേറിയുവാനും നാശനഷ്ടങ്ങൾ വരുത്തുവാനും തുടങ്ങി. ക്രുദ്ധരായിനില്ക്കുന്ന സഹോദരന്മാരുടെ ഇടയിലേയ്ക്ക് ധൈര്യമായി ഇറങ്ങിച്ചെന്ന് മുട്ടുകുത്തി ശാന്തസ്വരത്തിൽ അമ്മ പറഞ്ഞു: "വേണമെങ്കിൽ നിങ്ങൾ എന്നെ കൊന്നോളൂ. ഇവിടുത്തെ പാവം മനഷ്യരെ ദയവായി ഉപദ്രവിക്കരുത്. സ്വസ്ഥമായി മരിക്കാനെങ്കിലും അവരെ അനുവദിക്കൂ."

പരിശുദ്ധ അമ്മയാണ് തനിക്ക് ധൈര്യം പകർന്നു നല്കിയതെന്നു മദറിന് ഉറപ്പാണ്. അവർ അമ്മയ്ക്ക് നന്ദി പറഞ്ഞു. മദറിന്റെ അസാധാരണ ധൈര്യം ബഹളക്കാരെ ശാന്തരാക്കി തിരിച്ചയച്ചു.

നിയമപാലകരുടെ സഹായത്തോടെ പ്രസ്തുത സഹോദരന്മാർ വീണ്ടും നിർമ്മൽ ഹൃദയ്ക്കെതിരെ തിരിഞ്ഞു. മദറിനെയും മറ്റു സഹോദരിമാരെയും അറസ്റ്റ് ചെയ്ത് എല്ലാം അവസാനിപ്പിക്കണമെന്ന വാശി

യോടെ ഒരുപറ്റം യുവാക്കൾ പോലീസ് കമ്മീഷണറോടും കോർപ്പറേഷൻ അധികാരിയോടുമൊപ്പം നിർമ്മൽ ഹൃദയിലെത്തി. കമ്മീഷണറും കോർപ്പറേഷൻ അധികാരിയും ഉള്ളിലേയ്ക്ക് കടന്നു. ക്ഷുഭിതരായ യുവാക്കൾ മദറിനെയും മറ്റു സഹോദരിമാരെയും അറസ്റ്റുചെയ്തു കൊണ്ടുപോകുന്നതു കാണാൻ പുറത്തു നിലയുറപ്പിച്ചു. അകത്തുകടന്ന അധികാരികൾക്ക് തങ്ങളുടെ കണ്ണുകളെ വിശ്വസിക്കാനായില്ല.

അഴുകി പഴുത്ത് ദുർഗ്ഗന്ധം വമിക്കുന്ന വ്രണങ്ങളുമായി തളർന്നു കിടക്കുന്ന ഒരു സഹോദരന്റെ മുറിവുകൾ കഴുകി അമ്മ വച്ചുകെട്ടുന്നതാണ് അവർ കണ്ടത്. വേദനകൊണ്ടു നീറിപ്പിടയുന്ന ആ സഹോദരനോട് അയാളുടെ മതത്തിലെ പ്രാർത്ഥനകൾ ചൊല്ലാൻ പ്രാർത്ഥനയുടെ അമ്മ ആവശ്യപ്പെട്ടു. അയാളതു ചൊല്ലി. അമ്മയും പ്രാർത്ഥിച്ചു കൊണ്ടിരുന്നു. പ്രാർത്ഥനയിൽനിന്ന് അയാൾ സാന്ത്വനം അനുഭവിക്കുന്നുണ്ടായിരുന്നു.

അമ്മയുടെ സഹോദരികൾ നാലുപാടും ഓടിനടന്ന് രോഗികളെ പരിചരിക്കുകയായിരുന്നു. ചെളിക്കുണ്ടിൽനിന്നും പൊക്കിയെടുത്തു കൊണ്ടുവരുന്നവരെ ചെറുചൂടുവെള്ളത്തിൽ കുളിപ്പിച്ച് ആവശ്യമായ ഭക്ഷണം കൊടുക്കുന്നതും വൃത്തിഹീനമായ വസ്ത്രങ്ങൾ അലക്കുന്നതും വ്രണങ്ങൾ വൃത്തിയാക്കി വച്ചുകെട്ടുന്നതും മലമൂത്ര വിസർജ്ജനങ്ങളാൽ മലിനമായ വസ്ത്രങ്ങൾ മാറ്റി അലക്കി വെടിപ്പാക്കിയവ ധരിപ്പിക്കുന്നതും അവരോടു സ്നേഹത്തോടെ നല്ലവാക്കുകൾ പറഞ്ഞ് ആശ്വസിപ്പിക്കുന്നതും വേദനിച്ചു പുളയുന്നവരെ വാത്സല്യത്തോടെ തഴുകി തലോടുന്നതും മരിക്കാൻ കിടക്കുന്ന ഹിന്ദു സഹോദരരുടെ നാവിൻ തുമ്പിൽ ഗംഗാജലം ഇറ്റുവീഴ്ത്തുന്നതും എല്ലാവരാലും പരിത്യക്തരെപ്പോലും ഏറ്റം പ്രിയത്തോടെ ശുശ്രൂഷിക്കുന്നതും കണ്ട ആ അധികാരികളുടെ മനസ്സലിഞ്ഞു. ദൈവത്തിന്റെ ജീവിക്കുന്ന മാലാഖയെ അവർ കണ്ടിരിക്കുന്നു.

ജീവകാരുണ്യത്തിന്റെ ആർദ്രഭാവങ്ങൾ അനുഭവിച്ചു തരളിതമായ ആ ഹൃദയങ്ങൾ അറിയാതെ അഗതികളുടെ സഹോദരിമാരുടെ മുമ്പിൽ കൈകൾ കൂപ്പി. അനന്തരം മണിക്കൂറുകൾ തന്നെ രോഷാകുലരായി പുറത്തുനിന്ന യുവജനങ്ങളോട് അവർ പറഞ്ഞു: മദർ തെരേസയെയും മറ്റ് സന്യാസിനികളെയും ഇവിടെനിന്നും ഞങ്ങൾ ഇറക്കിവിടാം. പക്ഷേ, അതിനുമുമ്പ് നിങ്ങൾ ഞങ്ങൾക്ക് വാക്കുതരണം നിർമ്മൽ ഹൃദയ്ക്കുള്ളിൽ ആ പാവപ്പെട്ട സന്യാസിനികൾ സസന്തോഷം

സമർപ്പിക്കുന്ന ഏറ്റം വെറുക്കപ്പെട്ട ജോലികൾ നിങ്ങളുടെ അമ്മമാരും സഹോദരിമാരും ചെയ്തുതീർക്കുമെന്ന്. നിങ്ങൾക്കതിനാവുമോ? മദർ തെരേസ ജീവിക്കുന്ന നമ്മുടെ ദേവിയാണ്. കരിങ്കൽ മൂർത്തിയല്ല.

വലിയൊരു കൊടുങ്കാറ്റും പേമാരിയും ശമിച്ച പ്രതീതി. ആക്രമിക്കാൻ എത്തിയവർ അജഗണത്തിന്റെ ശാന്തതയോടെ തിരികെ പോയി. പിന്നീടൊരിക്കലും അവർ തങ്ങളെ വേദനിപ്പിച്ചിട്ടില്ലെന്ന് കനിവിന്റെ അമ്മ സാക്ഷ്യപ്പെടുത്തിയിട്ടുണ്ട്. അമ്മയെന്നും വിശ്വസിച്ചിരുന്ന ഒരു സത്യമുണ്ട്: ദൈവം പാവങ്ങളുടെ പക്ഷത്താണ്. കൽക്കട്ട കോർപ്പറേഷനിലെ ചില മുതിർന്ന കൗൺസിലേഴ്സ് അഗതികളുടെ സന്യാസിനികൾ കാളിഘട്ട് സത്രം ഉപയോഗിക്കുന്നതിനെതിരെ മേയർക്ക് പരാതി നല്കി. കാളീദേവിയുടെ പരിശുദ്ധമായ അമ്പലത്തെ മലിനമാക്കുന്ന പലതും നിർമ്മൽ ഹൃദയിൽ നടക്കുന്നുവെന്നും അതിനാൽ സിസ്റ്റേഴ്സിനെ അവിടെ നിന്ന് ഇറക്കി വിട്ട് ശുദ്ധികലശം നടത്തി സത്രം ക്ഷേത്രത്തിനു തിരികെ നല്കണമെന്നായിരുന്നു പരാതി.

### *ദൈവം പാവങ്ങൾക്കു വേണ്ടി വാദിക്കുന്നു*

ദൈവം പാവങ്ങൾക്കു വേണ്ടി വാദിക്കുമെന്നു മദറിന് ഉറപ്പുണ്ടായിരുന്നു. കൗൺസിൽ കൂടി ചർച്ച നടത്തി. ചർച്ചയിൽ അഗതികളുടെ സഹോദരിമാരെ എതിർത്ത് സംസാരിച്ചത് രണ്ട് പേർ മാത്രം. ദൈവാനുഗ്രഹത്താൽ മൂന്നാമതൊരാൾ ഒരു ഭേദഗതി അവതരിപ്പിച്ചു. മൃതപ്രായരെ കിടത്തി ശുശ്രൂഷിക്കാൻ മറ്റൊരിടം കിട്ടുന്നതുവരെ മദർ നിർമ്മൽ ഹൃദയിൽ തുടരട്ടെ. ആ ഭേദഗതി പാസ്സായി എന്നു മാത്രമല്ല, തങ്ങളുടെ പ്രവർത്തനത്തിനൊരു അംഗീകാരമെന്ന നിലയിൽ ഒരു നിശ്ചിത തുക മരണാസന്നരെ സഹായിക്കാൻ കോർപ്പറേഷൻ മാസംതോറും അനുവദിച്ചു നല്കുകയും ചെയ്തു. അമ്മ സാക്ഷ്യപ്പെടുത്തുന്നു: പാവങ്ങൾക്ക് ഒരു കുറവും വരുത്താൻ കർത്താവ് ഇടയാക്കീട്ടില്ല. അവിടുത്തെ കരങ്ങളുടെ ശക്തമായ സാന്നിദ്ധ്യം എന്നും കൂടെ ഉണ്ടായിരുന്നു. കോർപ്പറേഷനുമായുള്ള ഏറ്റുമുട്ടലിന്റെ അവസാന ദിവസം അമ്മ ഉറങ്ങാൻ കിടന്നപ്പോൾ പരിശുദ്ധ അമ്മയുടെ സ്തോത്രഗീതത്തിന്റെ ഈരടികൾ -ശക്തനായവൻ എനിക്ക് വലിയ കാര്യങ്ങൾ ചെയ്തിരിക്കുന്നു. അവിടുത്തെ നാമം പരിശുദ്ധമാണ്- ഓർമ്മയിൽ ഓടിയെത്തി.

ഒരു ദിവസം കാളിക്ഷേത്രത്തിനു മുമ്പിൽ കുറച്ച് പേർ കൂടി

നില്ക്കുന്നു. ഒരു ബ്രാഹ്മണൻ മണ്ണിൽ വീണ് കിടന്നു പുളയുന്നു. ആരും കടന്ന് ചെന്നില്ല. എല്ലാവരും ഭയന്ന് പിന്മാറി. മനം പുരട്ടലുണ്ടാക്കുന്ന രീതിയിൽ ശരീരം മുഴുവൻ മലത്തിലും ഛർദ്ദിയിലും കുഴഞ്ഞുകിടന്ന അയാളുടെ അരികിലേയ്ക്ക് അഗതികളുടെ അമ്മ ഓടിയടുത്തു. അയാളെ വാരിയെടുത്ത് നിർമ്മൽ ഹൃദയിലേയ്ക്ക് കൊണ്ടുപോയി. അയാളെ കഴുകി വൃത്തിയാക്കി വസ്ത്രം ധരിപ്പിച്ച് അല്പം കരിക്കിൻ വെള്ളം കൊടുത്തു. പ്രസന്നമായി അയാളുടെ മുഖം. മദറും അയാളും ഒരുമിച്ചു പ്രാർത്ഥിച്ചു. കുറച്ച് കഴിഞ്ഞപ്പോൾ അയാൾ മദറിനോട് പറഞ്ഞു: അമ്മേ ഞാൻ മരിക്കാൻപോവുകയാണ്. എന്റെ നാവിൽ പുണ്യ ജലമായ ഗംഗാതീർത്ഥം തൊടുവിക്കുമോ?

അമ്മ അയാളുടെ നാവിൽ ഗംഗാജലം പകർന്ന് കൊടുത്തു. അമ്മയുടെ മടിയിൽ കിടന്ന് അയാൾ സ്വസ്ഥമായി മരിച്ചു. ഹൈന്ദവ വിധി പ്രകാരം ഗംഗാതീരത്ത് ശവദാഹം നടത്തുന്നതിനുള്ള സൗകര്യം അമ്മ ചെയ്തു കൊടുത്തു. ആർദ്രതയുടെ, സ്നേഹത്തിന്റെ, കനിവിന്റെ, ദീനദയയുടെ ഈ പ്രവർത്തി കാളിഘട്ടിലെ പൂജാരികളുടെ കണ്ണ് തുറപ്പിച്ചു. മരിച്ചയാൾ കാളിഘട്ടിലെ ഒരു പൂജാരിയായിരുന്നു. അവർക്ക് മദറിനോടുള്ള ശത്രുത കുറഞ്ഞ് തുടങ്ങി. ആയിടയ്ക്കു തന്നെ പൂജാരികളുടെ സ്നേഹാദരവ് പിടിച്ചുപറ്റാൻ തമ്പുരാൻ ഒരവസരം കൂടി അമ്മയ്ക്ക് നല്കി.

അഗതികളുടെ സഹോദരിമാരുടെ കടുത്ത ശത്രുവായിരുന്ന കാളിഘട്ടിലെ ഒരു പുജാരിക്ക് അതികഠിനമായ രോഗം ബാധിച്ചു. ചുമച്ചും ചോര ഛർദ്ദിച്ചും അവശനായ അയാൾ പല ആശുപത്രികളിലും കയറിയിറങ്ങി. അയാൾ ജീവിക്കുമെന്ന് പ്രതീക്ഷയില്ലാതിരുന്നതിനാൽ ഒരാശുപത്രിയിലും അയാളെ സ്വീകരിച്ചില്ല. ഒടുവിൽ നിരാശനായ അയാൾ നിർമ്മൽ ഹൃദയിയുടെ വാതിലിൽ മുട്ടി. മനസ്സും ശരീരവും തളർന്ന ആ മനുഷ്യനെ കണ്ടപ്പോൾ മദറിന്റെ ഹൃദയം അലിഞ്ഞു. സ്നേഹത്തോടെ മദർ അയാളെ സ്വീകരിച്ചു. രക്ഷപ്പെടുമെന്നുള്ള പ്രതീക്ഷയോടെ അയാളെ ശുശ്രൂഷിച്ചു. ദൈവാനുഗ്രഹത്താൽ അയാളുടെ സ്ഥിതി മെച്ചപ്പെട്ടുവന്നു. കുറച്ച് നാൾകൊണ്ട് അയാൾ സുഖപ്പെട്ടു. അയാളുടെ മനസിനേറ്റ അപമാനക്ഷതങ്ങളുടെയും തിരസ്കരണത്തിന്റെയും മുറിവുകൾ ഉണങ്ങി. വലിയ സന്തോഷത്തോടെ അയാൾ മടങ്ങിപ്പോയി. ഈ സംഭവം മറ്റു പൂജാരികളുടെ ഇടയിൽ വലിയ വാർത്തയായി. ഒരു പ്രഭാതത്തിൽ അമ്മ രോഗികളെ ശുശ്രൂഷിച്ചു കൊണ്ടിരി

ക്കുമ്പോൾ ആ പൂജാരി കടന്നു വന്നു തന്റെ കാൽക്കൽ വീണ് നമസ്കരിച്ച് കൊണ്ട് പറഞ്ഞു, "അമ്മേ, അമ്മ ദേവിയാണ്, മുപ്പതുവർഷമായി ഞാൻ കാളിദേവിയെ പൂജിക്കുന്നു. പക്ഷേ, ആ ദേവി മനുഷ്യരൂപം ധരിച്ച് ഇതുപൊലെ നില്ക്കുന്നത് ഞാനൊരിക്കലും കണ്ടിട്ടില്ല."

അയാളുടെ ഹൃദയം ആനന്ദനിർവൃതിയിലാകുന്നതും കണ്ണുകൾ നിറയുന്നതും അമ്മയ്ക്കു കാണാനായി. തങ്ങളുടെ എളിയ പ്രവർത്തനത്തിലൂടെ ആ പൂജാരിക്ക് ദൈവദർശനം ലഭിക്കാൻ ഇടയായ നിമിഷത്തെ ഓർത്ത് അമ്മ ദൈവത്തെ സ്തുതിച്ചു.

***അത്ഭുതങ്ങളുടെ ഭവനം***

നിർമ്മൽ ഹൃദയ് അത്ഭുതങ്ങളുടെ ഭവനമാണ്. ദൈവകാരുണ്യം അത്ഭുതങ്ങളുടെ പെരുമഴയായി ഇതുപൊലെ പെയ്യുന്നത് വേറെ ഒരിടത്തും കണ്ടിട്ടില്ല. അമ്മയുടെ തന്നെ വാക്കുകൾ.

ഒരിക്കൽ പാവപ്പെട്ട ഒരു സ്ത്രീ തെരുവിലെ അഴുക്കിൽ കിടക്കുന്നതു മദർ കണ്ടു. ആർക്കും അറപ്പും വെറുപ്പും ഉളവാക്കുന്നവിധം ശോചനീയമായിരുന്നു അവളുടെ അവസ്ഥ. മദർ അവരെ നിർമ്മൽ ഹൃദയിൽ കൊണ്ടുവന്നു. അമ്മ തന്നെ അവരെ പരിചരിച്ചു. എല്ലാം ഏറ്റം സ്നേഹത്തോടെ അമ്മ ചെയ്തു. ഈശോയെയാണ് ഞാൻ ശുശ്രൂഷിക്കുന്നതെന്ന് അമ്മ ഉറച്ച് വിശ്വസിച്ചു. ആ സാധു സ്ത്രീയെ അമ്മ കുളിപ്പിച്ചു തുടച്ച് നല്ല വസ്ത്രം ധരിപ്പിച്ചു. കുടിക്കാൻ ഇളനീരും കൊടുത്തു. അവർക്ക് വേണ്ടി പ്രാർത്ഥിച്ചുകൊണ്ടാണ് അമ്മ ഇതെല്ലാം ചെയ്തത്. ഇളനീർ കുടിച്ച് കഴിഞ്ഞപ്പോൾ ആ കണ്ണുകൾ ദൈവത്തിലേയ്ക്ക് ഉയരുന്നതായി അമ്മയ്ക്ക് തോന്നി. അമ്മയുടെ കരം പിടിച്ച് മനോഹരമായി പുഞ്ചിരിച്ചുകൊണ്ട് അവൾ പറഞ്ഞു അമ്മേ, നന്ദി. അധികം താമസിയാതെ തന്നെ മാടി വിളിക്കുന്ന മഹോന്നതന്റെ മടിത്തട്ടിലേയ്ക്ക് തൂമന്ദഹാസത്തോടെ ആ തരുണീമണി പറന്നു പോയി.

അമ്മ പറയുന്നു: "ആ മരണം എന്റെ ഹൃദയത്തെ സ്പർശിച്ചു. അതൊരു വിശുദ്ധയുടെ മരണമായിരുന്നു. മരണനേരത്തും നന്ദിചൊല്ലാൻ മറക്കാതെ നന്മയുടെ നറുമലരായി തീർന്ന ആ വിശുദ്ധ ശരീരത്തെ ഞാൻ നമസ്കരിച്ചു. ഞാൻ പ്രാർത്ഥിച്ചു: ദൈവമേ ഒരിക്കലും ആവലാതി പറയാതെ കിട്ടുന്നതുകൊണ്ടു തൃപ്തയാകാൻ ലഭിച്ച ദാനങ്ങൾക്കു നന്ദിപറയാൻ എന്നെ അനുഗ്രഹിക്കേണമെ."

# അദ്ധ്യായം 7
# പ്രേംദാൻ

നിർമ്മൽ ഹൃദയിൽ സ്നേഹലാളനയുടെ മാന്ത്രിക സ്പർശനങ്ങളേറ്റ് മരണത്തിന്റെ വഞ്ചിയിൽ നിന്നു ജീവന്റെ അക്ഷയതീരത്തേയ്ക്കു തിരിച്ചു വരുന്ന നിരവധി മക്കളുണ്ട്. അവർക്കു സന്തോഷത്തോടെ ജീവിക്കാൻ ഉള്ള സ്ഥാപനമാണ് പ്രേംദാൻ. പ്രത്യാശപ്രദാനം ചെയ്യുന്ന ജീവന്റെ ഭവനമാണിത്. 1973 ഏപ്രിലിലാണ് ഐ.സി.ഐ. (ഇന്ത്യ) എന്ന രാജ്യാന്തര കമ്പനി വഴി അമ്മയുടെ ആഗ്രഹം പൂവണിഞ്ഞത്. ഒരു വലിയ കെട്ടിടവും അതിനുചുറ്റുപാടുമുള്ള സ്ഥലങ്ങളുമാണ് പ്രേംദാൻ ഉൾക്കൊള്ളുന്നത്. ദൈവം ഐ.സി.ഐ. കമ്പനിയിലൂടെ അമ്മയ്ക്കുവേണ്ടി പ്രവർത്തിച്ചു. 'വർണ്ണിക്കാനാവാത്ത കാരുണ്യാതിരേക'മെന്നാണ് അതിനെ അമ്മ വിശേഷിപ്പിച്ചിരിക്കുന്നത്.

രോഗികളെ എപ്പോഴും അലിവോടും സ്നേഹത്തോടും പരിചരിച്ചിരുന്ന സി. ബാർബരയെ പ്രേംദാനിന്റെ ചുമതല ഏല്പിച്ചു. നല്ലൊരു നേഴ്സും കൂടിയായിരുന്നു അവർ. എല്ലാം ദൈവകരങ്ങളിൽ സമർപ്പിച്ചുകൊണ്ട് പ്രേംദാൻ പ്രവർത്തനം ആരംഭിച്ചു. ദിവസം ചെല്ലുന്തോറും അവിടെ രോഗികൾ വർദ്ധിച്ചുകൊണ്ടിരുന്നു. വിശാലമായ പ്രേംദാനിന് ഉൾക്കൊള്ളാൻ കഴിയുന്നതിൽ കൂടുതൽ രോഗികളാണ് വന്നുകൊണ്ടിരുന്നത്. പ്രേംദാന് ഒരായിരം മുറികൾ ഉണ്ടായിരുന്നെങ്കിൽ എന്ന് അമ്മ ആഗ്രഹിച്ച നിമിഷങ്ങളുണ്ട്. ഒരുനുള്ളുസ്നേഹം ലഭിക്കാൻ ആയിരങ്ങൾ പ്രേംദാനിലേയ്ക്കു ഇന്നും വന്നുകൊണ്ടിരിക്കുന്നു. വരുന്നവർക്കെല്ലാം ദൈവസ്നേഹത്തിന്റെ അമൃതു പകർന്ന് സഹോദരിമാർ അവരെ സഹായിക്കുന്നു. ഉടുക്കാൻ വസ്ത്രം, കിടക്കാനിടം, കഴിക്കാൻ ഭക്ഷണം എല്ലാം അവർക്കു നല്കപ്പെടുന്നു. സന്തോഷത്തിന്റെ 'നവജീവന്റെ' ഭവനമാണ് പ്രേംദാൻ.

പുഞ്ചിരിതൂകിക്കൊണ്ട് എം.സി. സഹോദരിമാർ എപ്പോഴും രോഗികൾക്കു കൂട്ടിനും സഹായത്തിനും ഉണ്ട്. പ്രേംദാനിലെ എല്ലാ പണികളും സഹോദരിമാരോടൊപ്പം രോഗികൾ തന്നെയാണു ചെയ്യു

ന്നത്. അവർ ഭക്ഷണം പാകം ചെയ്യുന്നു, വിളമ്പിക്കൊടുക്കുന്നു, പരിസരം വൃത്തിയാക്കുന്നു. അമ്മ പറയുന്നു: "ദൈവത്തിന്റെ വേലക്കാരികളായ ഞങ്ങൾക്ക് സ്നേഹത്തിന്റെ മുന്തിരിത്തോട്ടത്തിൽ ജോലി ചെയ്യാൻ സന്തോഷമേ ഉണ്ടായിരുന്നുള്ളൂ".

പ്രേംദാനിൽ മാനസികരോഗികൾക്കു പ്രത്യേകം മുറികളുണ്ട്. അവർക്കു സ്നേഹത്തിന്റെ ഊഷ്മളത അനുഭവിക്കാൻ കഴിയുന്നു. സ്നേഹത്തിന്റെ ഭാഷ ആർക്കാണു മനസ്സിലാകാത്തത്? അക്ഷരമാലയില്ലാത്ത, ക്ലേശപൂർണ്ണമായ വ്യാകരണമില്ലാത്ത ഹൃദയത്തിന്റെ ഭാഷയാണത്. ഒരിക്കൽ ലളിത എന്ന മനോരോഗി അക്രമാസക്തയായി. കൈയ്യിൽ കിട്ടിയതെല്ലാം അവൾ വലിച്ചെറിഞ്ഞു. മുറിയിൽ നിന്നു പുറത്തു ചാടി ഓടാൻ തുടങ്ങി. രണ്ടു സഹോദരിമാർ അവളെ പിടിച്ചു നിറുത്തി. എന്നാൽ അവൾ കുതറിക്കൊണ്ടിരുന്നു. ഈ അവസ്ഥ കണ്ടുകൊണ്ട് അമ്മ അവളുടെ അരികിലെത്തി സ്നേഹമസൃണമായി അവളുടെ കണ്ണുകളിൽ നോക്കി ഹൃദ്യമായി പുഞ്ചിരിച്ചു. ഏറ്റം വാത്സല്യത്തോടെ തന്റെ കൈകൾ അവളുടെ തോളിൽ വച്ച് അനുകമ്പയോടെ അവളെ വിളിച്ചു: 'ലളിതേ'. അവൾ ശാന്തയായി. അവിടെ സ്നേഹത്തിന്റെ കുളിർമഴ പെയ്ത പ്രതീതിയുണ്ടായി. സാവധാനം അമ്മയെ അവൾ കെട്ടിപ്പിടിച്ചു. ആ കൈകളിൽ അവൾ ധാരാളം ചുംബനങ്ങൾ സമ്മാനിച്ചു. ദൈവം ഇറങ്ങിവന്നു തന്റെ കൈകളിൽ ചുംബിച്ചതുപോലെയാണ് അമ്മയ്ക്കതു തോന്നിയത്. സ്നേഹം ഹൃദയങ്ങളെ ശാന്തമാക്കുമെന്ന് അമ്മ മനസ്സിൽ കോറിയിട്ടു.

മറ്റൊരിക്കൽ ഹൗറയിലെ ചേരിയിലൂടെ മദർ നടന്നു നീങ്ങുകയായിരുന്നു. അതാ ഒരു കാളക്കൂറ്റൻ വിളറിപിടിച്ചോടി വരുന്നു. ആളുകൾ ഭയാക്രാന്തരായി നാലുപാടും ചിതറി ഓടുകയാണ്. ഒരു പാവം മനുഷ്യനെ തട്ടിത്തെറിപ്പിച്ച് കാള മുമ്പോട്ടു കുതിച്ചു. നിസ്സഹായവസ്ഥയിൽ നില്ക്കുന്ന അമ്മയുടെ മനസ്സിലേയ്ക്കു തമ്പുരാന്റെ വെള്ളിവെളിച്ചം കടന്നു വന്നു. ഫ്രാൻസീസ് അസ്സീസ്സി ക്രൂരനും ക്രുദ്ധനുമായ ചെന്നായെ സഹോദരാ എന്നു വിളിച്ച് ശാന്തനാക്കി തിരിച്ചയച്ച സംഭവം അമ്മയുടെ ഓർമ്മയിൽ ഓടിയെത്തി. അമ്മ കണ്ണടച്ചു. പുണ്യ

വാന്റെ ചിത്രം അമ്മയുടെ മനസ്സിൽ നിന്നുമായുന്നില്ല. ഒരു കടുവാക്കുഞ്ഞിനെ തോളിൽ വഹിച്ച് പുണ്യവാൻ വീണ്ടും അമ്മയുടെ മുന്നിൽ! ഈ ദർശനത്തിന്റെ അർത്ഥമെന്താണെന്ന് അമ്മയ്ക്കു വ്യക്തമായില്ല. എങ്കിലും അമ്മയുടെ മനസ്സിലെ വെളിച്ചം അമ്മപോലും അറിയാതെ ആക്രമിക്കാൻ പാഞ്ഞുവന്ന കാളയുടെ മുന്നിലേയ്ക്കു അമ്മയെ നയിച്ചു. അമ്മ തന്റെ വജ്രായുധമായ കൊന്തകൈയിലെടുത്തു. പരി. അമ്മയെ മനസ്സിൽ ധ്യാനിച്ചു. കാളയെ ശാന്തനാക്കാൻ ശക്തിതരണമേ എന്നു മനസ്സുരുകി പ്രാർത്ഥിച്ചു. ചേരി നിവാസികളെ കാളയിൽ നിന്നു രക്ഷിക്കണമേ എന്നു മനഃപൂർവം മനസ്സിൽ വാശി പിടിച്ചു. അമ്മ കണ്ണുതുറന്നപ്പോൾ ആ കാളയതാ തന്റെ മുമ്പിൽ പ്രശാന്തനായി നില്ക്കുന്നു. അനന്തരം ആ കാള ഒരു കുഞ്ഞാടിനെപ്പോലെ തിരിഞ്ഞു നടന്നുപോയി.

അന്നു രാത്രി അമ്മ ഈശോയോടു ചോദിച്ചു: എന്താ ഇതിന്റെ അർത്ഥം? നേരിട്ടുത്തരമൊന്നും ലഭിച്ചില്ല. അല്പം കഴിഞ്ഞപ്പോൾ ബൈബിൾ എടുത്തു വായിക്കാൻ അമ്മയുടെ മനസ്സിൽ പ്രേരണയുണ്ടായി. അമ്മ ഏറ്റം സ്നേഹത്തോടെ ബൈബിൾ കൈയിലെടുത്തു. ഭക്തിപൂർവം അതു തുറന്നു. ഉല്പ:1:28 ലാണ് അമ്മയുടെ കണ്ണുപതിഞ്ഞത്. ദൈവം മനുഷ്യനെ അനുഗ്രഹിക്കുന്ന വചനമാണത്. ''കടലിലെ മത്സ്യങ്ങളുടെയും ആകാശത്തിലെ പറവകളുടെയും ഭൂമിയിൽ ചരിക്കുന്ന സകല ജീവികളുടെയും മേൽ നിങ്ങൾക്ക് ആധിപത്യം ഉണ്ടായിരിക്കട്ടെ''. അമ്മ ഒരു വലിയ സത്യം മനസ്സിലാക്കി. ''ദൈവസ്നേഹത്തോടു കൂടിയ ആധികാരികത മനുഷ്യ മനസ്സുകളെ മാത്രമല്ല സർവ്വ ചരാചരങ്ങളെയും കീഴടക്കാൻ മനുഷ്യരെ പ്രാപ്തരാക്കു''മെന്ന്. അന്നു പുലരും വരെ അനുഗ്രഹദാതാവായ ദിവ്യകാരുണ്യ നാഥനോടൊപ്പം നിറമിഴികളോടെ അമ്മ ഇരുന്നു.

കുട്ടികളുടെ ചിരിയും സന്തോഷവും കാണുമ്പോൾ അമ്മയുടെ മനസ്സു പറയും: ''ദൈവം സന്തോഷമാണ്. ആനന്ദിക്കുന്നവർ സ്വർഗ്ഗത്തിലാണ്''. അമ്മ തുടർന്നു പറയുന്നു; ''മഹാമനസ്കരുടെ കാരുണ്യം നിറഞ്ഞ ഹൃദയമാണ് നന്മകൾ ചെയ്യാൻ വഴിയൊരുക്കിത്തരുന്നത്.

സ്റ്റീൽപ്ലാന്റ് അധികാരികൾ കാരുണ്യം കാണിച്ചില്ലായിരുന്നെങ്കിൽ റൂർക്കലയിൽ മലനിരകളുടെ മദ്ധ്യേ മനോഹരമായ പ്രേംദാൻ തലയുയർത്തി നില്ക്കുമായിരുന്നില്ല".

മദർ തെരേസ കൽക്കട്ടായിൽത്തന്നെ സ്ഥാപിച്ച മറ്റൊരു സ്ഥാപനമാണ് "നവോ ജീവൻ". പ്രേംദാനിന്റെ മറ്റൊരു പതിപ്പ് എന്ന് ഇതിനെ വിശേഷിപ്പിക്കാം. അവിടെ രോഗികളായ നൂറുകണക്കിനു ആൺകുട്ടികളെയും പുരുഷന്മാരെയും പരിചരിച്ചുപോരുന്നു. നവോജീവനിൽ ഞായറാഴ്ചകൾ ഉത്സവദിനങ്ങളാണ്. ഇരുന്നൂറിൽപ്പരം കുട്ടികൾ എല്ലാ ഞായറാഴ്ചകളിലും അവിടെ വന്നുചേരും. റെയിൽവേസ്റ്റേഷനിലും തെരുവുകളിലും അലയുന്ന കുട്ടികളാണവർ. അവരെ കാത്തു വിദേശിയരായ നഴ്സുമാരും വോളണ്ടിയർമാരും അവിടെ ഉണ്ടാകും. വോളണ്ടിയർമാർ അവരെ കുളിപ്പിക്കുകയും വസ്ത്രങ്ങൾ അലക്കിക്കൊടുക്കുകയും രോഗമുണ്ടെങ്കിൽ അതിനു മരുന്നു കൊടുക്കുകയും ചെയ്യും. അവർ ഉച്ചവരെ കളിച്ചു, ചിരിച്ച്, ആടിപ്പാടി സന്തോഷിക്കും. ഉച്ചയ്ക്ക് അവർക്കു സമൃദ്ധമായ ഭക്ഷണം നല്കപ്പെടുന്നു. ഭക്ഷണം കഴിഞ്ഞ് കുട്ടികൾ നവോന്മേഷത്തോടെ വന്ന സ്ഥലങ്ങളിലേയ്ക്കു മടങ്ങിപ്പോകും.

ഓരോ സ്ഥാപനവും ഉയർന്നു വരുമ്പോൾ അമ്മ തന്റെ സഹോദരിമാരോടു പറഞ്ഞിരുന്നു. "എല്ലാം പണിതുയർത്തുന്ന തമ്പുരാന്റെ സ്നേഹം നമുക്കു മുമ്പേ നമ്മുടെ പാദങ്ങൾക്കു വെളിച്ചമായി നീങ്ങുന്നുണ്ട്. അതിനാൽ ഒരിക്കലും ഇരുളിൽ പതറി കാലുകൾ ഇടറാൻ അവിടുന്ന് നമ്മെ അനുവദിക്കുകയില്ല". അമ്മയെന്നും പ്രാർത്ഥിച്ചിരുന്നു: "ഇഴഞ്ഞു നീങ്ങാനല്ല, ഓരോ നിമിഷവും മുന്നോട്ടു കുതിക്കാൻ ശക്തിനല്കുന്ന ദൈവസ്നേഹം ഹൃദയം നിറയുവോളം അനുഭവിക്കാൻ എന്നെയും എല്ലാ സഹോദരിമാരെയും പ്രാപ്തരാക്കണമേ". പ്രാർത്ഥനാനന്തരം തന്റെ സമൂഹത്തെ നല്ല ദൈവത്തിന്റെ കരങ്ങളിൽ സമർപ്പിക്കും. പിന്നെ തലചായിച്ച് കുറച്ചുസമയം ആ മടിയിലുറങ്ങും. ഒരു കുഞ്ഞിനെപ്പോലെ ഒന്നുമറിയാതെ, സുഖമായി.

## അദ്ധ്യായം 8

# അമ്മയും പരിശുദ്ധ അമ്മയും

വിശാലമായ മാതൃത്വത്തിന്റെ നൂതനമായ കാഴ്ചപ്പാടുകളിലേയ്ക്ക് അമ്മ ആനയിക്കപ്പെട്ടു. ഇതിന് മദറിനെ ഏറ്റവുമധികം സഹായിച്ചത് പരിശുദ്ധ അമ്മ തന്നെയാണ്. ജീവിതത്തിന്റെ അസ്വസ്ഥതകളിൽ സാന്ത്വനത്തിന്റെ വരപ്രസാദവുമായി ആ സ്വർഗ്ഗീയ അമ്മ തന്റെ അരുമ മകളെ ശക്തിപ്പെടുത്തിക്കൊണ്ടിരുന്നു. ആ മകളുടെ കണ്ണീർ നിലത്തുവീഴുവാൻ അമ്മ അനുവദിച്ചിട്ടില്ല. അതിനു മുമ്പേ അമ്മ കാര്യം നടത്തിക്കൊടുത്തിരുന്നു. ഒരിക്കലും വീഴാതിരിക്കാൻ അവിടുന്നു തന്റെ മകളെ കൈപിടിച്ചു നടത്തിയിരുന്നു. കാരുണ്യത്തിന്റെ കൊന്തമണികളിൽ മകളുടെ വിരൽത്തുമ്പുകൾ സ്പർശിച്ചപ്പോൾ ആ മകൾ അനുഭവിച്ചത് പരിശുദ്ധ അമ്മയുടെ തുടിക്കുന്ന ഹൃദയത്തിന്റെ സ്പന്ദനങ്ങളായിരുന്നു.

അമ്മയോടു പ്രാർത്ഥിച്ചതൊക്കെ ആ മകൾക്കു സാധിച്ചു കിട്ടിയിരുന്നു. മൊത്തീജിലെ വാടകമുറിയിലും സെന്റ് തെരേസാസിലും ഓരോ ഡിസ്പെൻസറി നടത്തുന്ന കാലത്ത് അവിടെ രോഗികൾക്ക് ആവശ്യത്തിന് മരുന്നുണ്ടായിരുന്നില്ല. മരുന്നു സംഘടിപ്പിക്കാൻ അമ്മ ഇറങ്ങിത്തിരിച്ചു. ഒരു വലിയ മരുന്നു കടയിലേയ്ക്ക് കയറിച്ചെന്നു. പാവങ്ങൾക്കുവേണ്ട മരുന്നിന്റെ ഒരു നീണ്ട ലിസ്റ്റ് അമ്മ സൂക്ഷിച്ചിരുന്നു. ആ ലിസ്റ്റ് മാനേജർക്കു നീട്ടി വിനയത്തോടെ അമ്മ പറഞ്ഞു: ഇത് പാവങ്ങൾക്കുപയോഗിക്കാനുള്ള മരുന്നിന്റെ ലിസ്റ്റാണ്. ദയവായി മരുന്നു തരണം. എന്റെ കൈവശം പണമൊന്നുമില്ല. പാവങ്ങൾക്ക് ആ മരുന്ന് വലിയ ഉപകാരമായിരിക്കും.

മാനേജർ ക്ഷുഭിതനായി, കോപത്തോടെ ആ ലിസ്റ്റ് മേശപ്പുറത്തേയ്ക്ക് എറിഞ്ഞു. അയാൾ അമ്മയെ രൂക്ഷമായി നോക്കിക്കൊണ്ട് പറഞ്ഞു: "സ്ത്രീയേ നിങ്ങൾക്ക് സ്ഥലം തെറ്റിപ്പോയി. ഇത് മരുന്നു വെറുതേ കൊടുക്കുന്ന സ്ഥലമല്ല; മരുന്നു വില്ക്കുന്ന സ്ഥലമാണ്. ദയവായി ആ ജോലി ചെയ്യാൻ എന്നെ അനുവദിക്കുമോ?"

മദർ ഒന്നും മിണ്ടിയില്ല. മനമുരുകി പ്രാർത്ഥിക്കാൻ തുടങ്ങി. തന്റെ പാവങ്ങൾക്ക് മരുന്നില്ലാതെ ഡിസ്പെൻസറിയിലേയ്ക്ക് ചെല്ലാനാവില്ല. അമ്മ തന്നെത്തന്നെ തന്റെ സ്വർഗ്ഗീയ അമ്മയുടെ കരങ്ങളിലേയ്ക്ക് വിട്ടുകൊടുത്തു. ജപമാല കൈയ്യിലെടുത്തു ഭക്തിപൂർവ്വം ജപിക്കാൻ തുടങ്ങി. ആ ജപമാല മാനേജരുടെ മനസ്സിനെ അലിയിപ്പിച്ചു. അയാൾ സൗമ്യമായി അമ്മയോടു പറഞ്ഞു: മൂന്നു പാഴ്സലുകളുണ്ട്. ലിസ്റ്റിൽ പറഞ്ഞിരിക്കുന്ന എല്ലാ മരുന്നുകളുമുണ്ട്. ഇവ പാവങ്ങൾക്ക് ഞങ്ങളുടെ കമ്പനി വകയായ സമ്മാനമാണ്. അമ്മ സന്തോഷത്തോടെ പാഴ്സലുകൾ സ്വീകരിച്ചു മാനേജർക്ക് നന്ദി പറഞ്ഞു. അദ്ദേഹത്തെയും ആ കമ്പനിയെയും ദൈവം സമൃദ്ധമായി അനുഗ്രഹിക്കട്ടെയെന്നു പ്രാർത്ഥിക്കുകയും ചെയ്തു.

പ്രാർത്ഥനയ്ക്ക് മനസ്സുകളെ ഉരുക്കാൻ കഴിയുമെന്ന് അന്ന് മദർ തെരേസായ്ക്ക് മനസ്സിലായി. പരി. അമ്മയോട് അപേക്ഷിച്ചാൽ, ആ കരങ്ങളിലേയ്ക്കു സാവധാനം ഒന്നെത്തിപ്പിടിക്കാൻ ശ്രമിച്ചാൽ, ആ അമ്മ വാരിയെടുത്ത് ചോദിക്കുന്നതെന്തും സ്നേഹത്തോടെ നല്കും. മക്കളുടെ നീതിപൂർവകമായ യാചനകൾക്കു മുമ്പിൽ ഒരിക്കലും കണ്ണടയ്ക്കാത്ത സ്നേഹസാഗരമാണ് പരി. അമ്മ.

പരി. അമ്മയുടെ കാരുണ്യത്തിന്റെ ഒരായിരം കഥകൾ പറയാനുണ്ടു മദറിന്. ഒരിക്കൽ ശിശുഭവനിലെ കുഞ്ഞുങ്ങൾക്കുള്ള മരുന്നുകളുമായി റോമിൽ നിന്നു മദർ കൽക്കട്ടായിലേയ്ക്കു തിരിച്ചു. വിമാനം ഡൽഹിയിലെത്തിയപ്പോൾ 15 മിനിറ്റു വൈകി. 8 മണിക്കു തന്നെ കൽക്കട്ടാ വിമാനം പറന്നുയരും. അമ്മയുടെ 6 പെട്ടികളും എയർ ഇന്ത്യാ വിമാനത്തിലായിരുന്നു. അവയിൽ 5 എണ്ണത്തിലും കുഞ്ഞുങ്ങൾക്കുള്ള മരുന്നുകൾ ആയിരുന്നു. അവയിലെ ഏതോ ഒരു പെട്ടിയിൽ മരണാസന്നയായ ഒരു കുഞ്ഞിനുള്ള മരുന്നും ഉണ്ടായിരുന്നു. ആ മരുന്നു കിട്ടാതെ കുഞ്ഞു മരിച്ചു പോകുമോ എന്നാതായിരുന്നു അമ്മയുടെ ഭയം.

തന്റെ നിസ്സഹായാവസ്ഥ അമ്മ പലരെയും അറിയിച്ചു. ആ വാർത്ത വിമാനത്താവളത്തിലെ ഉന്നത ഉദ്യോഗസ്ഥരുടെ ചെവികളിലെത്തി. എപ്പോഴും തന്റെ കൂടെയുണ്ടായിരുന്ന പരി. അമ്മയ്ക്കു പാവങ്ങളുടെ അമ്മ കണ്ണുകൾ തിരിച്ചു, അമ്മ കൊന്തകൈയിലെടുത്തു. ആ കുഞ്ഞിന്റെ ജീവൻ കാത്തുകൊള്ളണമേ എന്നു പ്രാർത്ഥിച്ചു. ഒരു രഹസ്യം ചൊല്ലികഴിഞ്ഞപ്പോൾ അമ്മ കണ്ടത് പരി. അമ്മ എയർപോട്ട് ഉദ്യോഗസ്ഥന്മാരിലൂടെ പ്രവർത്തിക്കുന്നതാണ്.

റൺവേയിലേയ്ക്കു നീങ്ങാൻ തുടങ്ങിയ കൽക്കട്ടാ വിമാനം നിന്നു. കുറച്ചു കഴിഞ്ഞപ്പോൾ വിമാനത്തിന്റെ വാതിൽ തുറന്നു. അമ്മയുടെ ആറു പെട്ടികളും വിമാനത്തിനുള്ളിലായി. ആ സമയം കൊണ്ടു ജപമാല മുഴുവൻ അമ്മചൊല്ലിക്കഴിഞ്ഞിരുന്നു. ആരോ അമ്മയെ ഒരു കാറിൽ വിമാനത്തിനരുകിൽ എത്തിച്ചു. അമ്മ കയറിയ ക്ഷണത്തിൽ വിമാനം കൽക്കട്ടായിലേയ്ക്കു പറന്നു. വളരെവേഗം അമ്മ ശിശുഭവനിലെത്തി. മരണാസന്നയായിരുന്ന കുഞ്ഞിനു മരുന്നു ലഭിച്ചു. ദൈവാനുഗ്രഹത്താൽ കുഞ്ഞു രക്ഷപ്പെട്ടു. അമ്മ അന്ന് ഒരു സത്യം മനസ്സിലാക്കി; പരി. അമ്മ തകരാത്ത കോട്ടയാണെന്ന്, ആ ഹൃദയത്തിൽ അഭയം തേടുന്നവർ ഒരിക്കലും നശിക്കില്ലെന്ന്.

പരി. അമ്മയോടുള്ള അതിരറ്റ സ്നേഹം നിമിത്തം മദർ എപ്പോഴും അവിടുത്തെ കാശുരൂപം സംവഹിക്കുക പതിവായിരുന്നു. അസാധ്യകാര്യങ്ങൾ സാധിക്കാൻ അറ്റ കൈയ്ക്ക് അമ്മയതു പ്രയോഗിക്കും. ഒരു ദിവസം പ്രാർത്ഥിച്ചിരുന്ന സമയത്ത് പരി. അമ്മ തന്നോട് ഇപ്രകാരം മന്ത്രിക്കുന്നതുപോലെ അമ്മയ്ക്കു തോന്നി. മകളേ, അഗതിമന്ദിരങ്ങൾ സ്ഥാപിക്കാൻ ഒരുങ്ങുമ്പോൾ ഒരിക്കലും നടക്കില്ലെന്നു നിനക്കുറപ്പുതോന്നിയാൽ എന്റെ കാശുരൂപം ആ മണ്ണിൽ വിതച്ചോളൂ. പാവങ്ങളെ പ്രതി ഞാനതു കിളിർപ്പിക്കും.

## അദ്ധ്യായം 9

# അമ്മയാകാൻ ആയില്ലെങ്കിലും

ഒരിക്കൽ മദർ പ്രാർത്ഥനാമുറിയിൽ മറ്റുസഹോദരിമാരോടൊപ്പം പ്രാർത്ഥിക്കുകയായിരുന്നു. കണ്ണുകളടച്ചു പ്രാർത്ഥനയിൽ മുഴുകിയിരുന്ന മദറിന് ഒരു ദർശനമോ സ്വപ്നമോ ഉണ്ടായി. അതാ കൽക്കട്ടയിലെ തെരുവുകളും ചേരികളും അമ്മയുടെ മുമ്പിൽ. തെരുവിലെ അഴുക്കുചാലിൽ ചെളിപുരണ്ടു കൈകാലിട്ടടിക്കുന്ന ഉണ്ണിയീശോ. അമ്മ ഓടിച്ചെന്ന് ഉണ്ണിയീശോയെ വാരിയെടുത്തു. പെട്ടെന്ന് ഉണ്ണിയീശോ അമ്മയുടെ കരങ്ങളിൽനിന്ന് അപ്രത്യക്ഷനായി. കുഞ്ഞുങ്ങൾ ഏങ്ങിക്കരയുന്ന സ്വരം അമ്മ തുടർന്നും കേൾക്കുന്നു. അമ്മേ, അമ്മേ എന്ന് ദയനീയമായി കരയുന്ന കുഞ്ഞുങ്ങളുടെ സ്വരം അമ്മയെ അസ്വസ്ഥയാക്കി.

തുടർന്നു പ്രാർത്ഥിച്ചുകൊണ്ടിരുന്നപ്പോൾ ഓടകളിൽ വലിച്ചെറിയപ്പെടുന്ന നിഷ്ക്കളങ്കരായ കുഞ്ഞുങ്ങളുടെ മുഖം വീണ്ടും ആ മാതൃമനസ്സിൽ തെളിഞ്ഞുവന്നുകൊണ്ടിരുന്നു. അപ്പോൾ ആരോ മന്ത്രിക്കുന്നതുപോലെ, "നിനക്ക് അമ്മയാകാനായില്ലെങ്കിലും അമ്മിഞ്ഞനൽകുവാനിവില്ലെങ്കിലും മാതൃവാത്സല്യത്തിന്റെ അമൃത് ഹൃദയം നിറയെ ആ കുഞ്ഞുങ്ങൾക്കു നല്കാൻ നിനക്ക് കഴിയില്ലേ? ഓടകളിലേയ്ക്ക് തള്ളപ്പെടുന്ന നിന്റെ ദൈവത്തിന്റെ മുഖം നിന്നെ അസ്വസ്ഥയാക്കുന്നില്ലേ? നീ എഴുന്നേൽക്കുക. കുഞ്ഞുങ്ങൾക്കായി ഒരു ഭവനം തീർക്കുക. കുപ്പകളിൽ ഉപേക്ഷിക്കപ്പെടുന്ന മുത്തുകളെ നീ അമൂല്യരത്നങ്ങളായി കരുതുക. കുഞ്ഞുങ്ങളുടെ പുഞ്ചിരി സ്നേഹത്തിന്റെ സംഗീതമാണ്. കരയുന്നവരെ ചിരിപ്പിക്കാൻ ദൈവം നിന്നെ പണിതുയർത്തുന്നു".

അനാഥരാക്കപ്പെടുന്ന കുഞ്ഞുങ്ങൾക്ക് ഒരു ഭവനം വേണമെന്ന തീരുമാനത്തോടെയാണ് മദർ പ്രാർത്ഥനാമുറിയിൽ നിന്നു പുറത്തിറങ്ങിയത്. ദൈവത്തിന് അസാധ്യമായി ഒന്നുമില്ലല്ലോ. ശിശുക്കൾക്കുവേണ്ടി ഒരു ഭവനം അമ്മയ്ക്കു അവിടുന്നു നല്കി. 1955 സെപ്തംബർ 23 ന് ഉപവിയുടെ സഹോദരിമാരുടെ മാതൃഭവനത്തിനടുത്ത് പ്രസ്തുത സ്ഥാപനം രൂപംകൊണ്ടു.

പറുദീസ ആയിട്ടാണ് അമ്മയ്ക്ക് ശിശുഭവനം അനുഭവപ്പെട്ടത്.

മഞ്ഞിന്റെ നൈർമ്മല്യമുള്ള മക്കൾ! അവരുടെ നിഷ്കളങ്കമായ പുഞ്ചിരി അമ്മയ്ക്കു സ്വർഗ്ഗീയാനുഭൂതി ആയിരുന്നു. അവരുടെ ഓമനത്വം തുളു മ്പുന്ന മുഖത്ത് ഉണ്ണിയീശോയുടെ മുഖമാണ് അമ്മ കണ്ടത്. അവരെ താലോലിക്കാൻ അമ്മ ഏറെ സമയം കണ്ടെത്തി. അമ്മ പറയുന്നു; "ശിശുഭവനത്തിലെ കുഞ്ഞുങ്ങളെകാണുമ്പോൾ അറിയാതെ മനസ്സു നിറയും. അമ്മമാർ ഇല്ലല്ലോ എന്ന സങ്കടം അവശേഷിക്കുമ്പോഴും അമ്മയുടെ മാറിന്റെ ചൂടുപകരാൻ ഞങ്ങളെ തെരഞ്ഞെടുത്ത നല്ല ദൈവത്തിനു നന്ദിപറയും".

മരിക്കാൻ പോകുന്ന കുഞ്ഞിനെ പ്രത്യേകം ശ്രദ്ധിക്കണമെന്നത് മദറിന്റെ വലിയ ആഗ്രഹമായിരുന്നു. സ്നേഹം സമൃദ്ധമായി ലഭി ക്കാതെ ഒരു കുഞ്ഞുപോലും മരിക്കരുത്. ഏതെങ്കിലും കുഞ്ഞുമരി ക്കുമെന്നുറപ്പായാൽ ആ കുഞ്ഞിനെ ഏറ്റവും മൃദുലമായ പട്ടിൽപൊ തിഞ്ഞ് ഒരു സിസ്റ്ററിനെ ഏല്പിക്കും. ആ കുഞ്ഞു മരിക്കുന്നതുവരെ ആ സഹോദരിയുടെ മാറിലെചൂടും സ്നേഹവും നുകർന്ന് ഏറ്റം സന്തോഷത്തോടെ ദൈവകരങ്ങളിലേയ്ക്കു യാത്രയാകും.

കുപ്പത്തൊട്ടിയിലും ഓടകളിലും തുണിക്കെട്ടിലുമൊക്കെ ഉപേ ക്ഷിക്കപ്പെട്ടുപോയ കുഞ്ഞുങ്ങൾ ശിശുഭവനിലെത്തുന്നു. പലരും കുഞ്ഞുങ്ങളെ കണ്ടുകിട്ടുമ്പോൾ ശിശുഭവനിലറിയിക്കും. ചിലർ ശിശു ഭവന്റെ വാതിലുകളിൽ കുഞ്ഞുങ്ങളെ ഉപേക്ഷിച്ചിട്ടു പോകും. ചില പ്പോൾ മാനക്കേടുമൂലം ആത്മഹത്യക്കൊരുങ്ങുന്ന സ്ത്രീകളെയും അവ രുടെ കുഞ്ഞുങ്ങളേയും രക്ഷിക്കാൻ തങ്ങൾക്കു കഴിഞ്ഞിട്ടുണ്ടെന്നും മദർ സാക്ഷ്യപ്പെടുത്തിയിട്ടുണ്ട്. രണ്ട് ആത്മാക്കളെ രക്ഷിച്ചതിന്റെ സന്തോഷവും സംതൃപ്തിയുമാണു മദറിനും സഹോദരിമാർക്കും അങ്ങ നെയുള്ള സന്ദർഭങ്ങളിൽ ഉണ്ടാകുക.

ഹൃദയസ്പർശിയായ ഒരു സംഭവം മദർ വിവരിക്കുന്നത് ഇപ്ര കാരമാണ്. ഒരു ദിവസം കൽക്കട്ടയിലെ തിരുഹൃദയ ദൈവാലയത്തിൽ ദിവ്യബലി കഴിഞ്ഞ സമയം. ജനമെല്ലാം പിരിഞ്ഞു കഴിഞ്ഞിരുന്നു. സങ്കീർത്തിയിൽ വിശുദ്ധവസ്തുക്കൾ ഒരുക്കിവച്ചുകൊണ്ടിരുന്ന അൾത്താര ശുശ്രൂഷി അൾത്താരയിൽ എവിടെയോ, ഒരു കുഞ്ഞിന്റെ കരച്ചിൽ കേട്ട് ഓടിച്ചെന്നു. സക്രാരിയുടെ മുമ്പിൽത്തന്നെയാണു കുഞ്ഞുപിടഞ്ഞു കരയുന്നത്. അയാൾ ആ കുഞ്ഞിനെ എടുത്തു കുറച്ചു

പാൽ വാങ്ങിക്കൊടുത്തു. പാൽ കുടിച്ചു കുഞ്ഞു സുഖമായി ഉറങ്ങി. ഉടനടി അയാൾ പോലീസിനെ വിവരമറിയിച്ചു. പോലീസ് ആ കുഞ്ഞിനെ ശിശുഭവനിൽ ഏൽപിച്ചു.

ശിശുഭവനിലെ വാത്സല്യവും സ്നേഹവും അവനെ വളർത്തി മിടുക്കനാക്കി. കോമളനായ ആ കുഞ്ഞിനെ ഒരു കത്തോലിക്കാ കുടുംബം ദത്തെടുത്തു. ഇന്നവൻ സുഖമായി കഴിയുന്നു. ഇങ്ങനെ അനേകായിരം കുഞ്ഞുങ്ങൾ ശിശുഭവനത്തിൽ നിന്നു ദത്തെടുക്കപ്പെട്ടിട്ടുണ്ട്. ഇന്ത്യയിലും വിദേശത്തുമുള്ള ധാരാളം പേർ ദത്തെടുക്കാനായി കൊതിയോടെ എത്തുന്നു. ദത്തെടുക്കപ്പെടാതെ പോകുന്ന കുഞ്ഞുങ്ങൾക്കായി സ്പോൺസർമാരെ കണ്ടെത്തും. ആയിരക്കണക്കിനു കുഞ്ഞുങ്ങൾ സ്പോൺസർമാരുടെ ചെലവിൽ എം.സി. സഹോദരന്മാരുടെ ബാലഭവനങ്ങളിൽ പഠിക്കുന്നുണ്ട്.

ശിശുഭവനത്തിലെ ഓരോ കുഞ്ഞിനും കരളലിയിക്കുന്ന കദനകഥകൾ പറയാനുണ്ടാകും. ഇവർക്കെന്തു സംഭവിക്കുന്നെന്ന് അമ്മയുടെ വാക്കുകളിൽത്തന്നെ നമുക്കു കേൾക്കാം. "ഓരോ കുഞ്ഞിനെയും ദൈവസ്നേഹത്തിന്റെ ആട്ടുതൊട്ടിലിൽ കിടത്തി വാത്സല്യത്തിന്റെ താരാട്ടുപാടി സമൂഹത്തിന്റെ മുമ്പിൽ വിലയുള്ള മനുഷ്യരാക്കാൻ ഞങ്ങൾ ശ്രമിക്കുന്നു. അവരുടെ കണ്ണീരിന്റെ കഥകൾ വിജയത്തിന്റെ മന്ത്രങ്ങളാക്കിത്തീർക്കാൻ ഞങ്ങൾ പ്രാർത്ഥിക്കുന്നു".

ദൈവപരിപാലനയുടെ അത്ഭുതങ്ങൾ പലപ്പോഴും ശിശുഭവനിൽ നടന്നിട്ടുണ്ട്. കൽക്കട്ടായിലെ ശിശുഭവനിൽ ഒരിക്കൽ കുഞ്ഞുങ്ങൾക്കു കൊടുക്കാൻ പാലില്ലാതെ വന്നു. അമ്മിഞ്ഞ നിഷേധിക്കപ്പെട്ട കുഞ്ഞുങ്ങൾക്കു പശുവിന്റെ പാലുപോലും കൊടുക്കാൻ കഴിയില്ലല്ലോ എന്നോർത്ത് അമ്മയുടെ മനസ്സു നീറി. കരയുന്ന കുഞ്ഞുങ്ങൾക്കു മുമ്പിൽ താരാട്ടുപാട്ടുമായി അമ്മയുടെ സഹോദരിമാർ നടന്നു. താരാട്ടിനു കുഞ്ഞുങ്ങളുടെ വിശപ്പടക്കാനാവില്ലല്ലോ. അമ്മ പറയുന്നു; "ഞങ്ങളു മനസ്സിന്റെ സങ്കടം തമ്പുരാൻ കണ്ടു; അവിടുന്നു കാരുണ്യത്തോടെ പ്രവർത്തിച്ചു".

ഒരു ഹൈന്ദവ സഹോദരന്റെ മഹാമനസ്കതയിലൂടെയാണു മഹോന്നതൻ പ്രവർത്തിച്ചത്. ധാരാളം പാൽ സ്റ്റോക്കുണ്ടായിരുന്ന ആ സഹോദരന്റെ മനസ്സിൽ ശക്തമായ ഒരു സ്വരം അയാൾ കേട്ടു.

ഉള്ള പാൽ മുഴുവനുമെടുത്ത് ശിശുഭവനിലെ മദർ തെരേസായ്ക്കു നല്കുക. ഒട്ടുംമടിക്കാതെ ആ മകൻ അമ്മയെ പാലുമായി സമീപിച്ചു. നല്ലമനസ്സോടെ പാൽ കൊടുത്തു. എന്നിട്ട് അയാൾ പറഞ്ഞു: "ഇപ്പോഴാണു മനസ്സു സ്വസ്ഥമായത്. പാൽ വേഗം മദർ തെരേസയ്ക്കു കൊടുക്കുക എന്ന സ്വരം ഇത്രയും നേരം എന്നെ പിന്തുടരുകയായിരുന്നു". അമ്മ സന്തോഷത്തോടെ ആ പാൽ സ്വീകരിച്ചു. അത് അളന്നു നോക്കിയപ്പോൾ വീണ്ടും അത്ഭുതം. കൃത്യം കുഞ്ഞുങ്ങൾക്കു വേണ്ട പാൽ.

അമ്മ പറയുന്നു. "ഒരു അല്ലലും വരുത്താതെ അനുഗ്രഹിക്കുന്ന കർത്താവിന്റെ കാരുണ്യമോർത്താൽ എത്ര നന്ദി പറഞ്ഞാലും തീരുകയില്ല". മറ്റൊരു ദിവസം ഡൽഹിയിലെ ശിശുഭവനിൽ കറിവയ്ക്കാൻ ഒന്നുമില്ലായിരുന്നു. പണമില്ലാത്തതിനാൽ വാങ്ങാനും നിവൃത്തിയില്ലായിരുന്നു. കറിയില്ലാതെ കുഞ്ഞുങ്ങൾക്കു ചോറു കൊടുക്കണമല്ലോ എന്നോർത്തപ്പോൾ സഹോദരിമാർക്കു വലിയ സങ്കടം തോന്നി. അവരുടെ സങ്കടം കർത്താവു കണ്ടറിഞ്ഞു. കുറച്ചു കഴിഞ്ഞപ്പോൾ അപ്രതീക്ഷിതമായി ഒരു കാർ ശിശുഭവനത്തിന്റെ മുമ്പിൽ വന്നു നിന്നു. പ്രധാനമന്ത്രി ഇന്ദിരാജിയുടെ വീട്ടിൽനിന്നുള്ള കാർ കണ്ടപ്പോൾ സഹോദരിമാർ അത്ഭുതപ്പെട്ടു. കാറിന്റെ ഡോർ തുറന്നിറങ്ങിയത് വിവിധതരം പച്ചക്കറികളായിരുന്നു. സോണിയാഗാന്ധി കുഞ്ഞുങ്ങൾക്കായി കൊടുത്തുവിട്ട പച്ചക്കറികളായിരുന്നു അവ.

കുഞ്ഞുങ്ങളുടെ ആവശ്യങ്ങളൊന്നുപൊലും നിരസിക്കാത്ത നല്ല ദൈവത്തിന്റെ അനന്തമായ സ്നേഹം അമ്മ കൂടുതൽ അനുഭവിച്ചറിയുകയായിരുന്നു. ശിശുഭവനിലെ കുഞ്ഞുങ്ങൾ അമ്മയെ ഒരു സത്യം പഠിപ്പിച്ചു. ഉദരത്തിൽ സംവഹിച്ചു കുഞ്ഞുങ്ങൾക്കു ജന്മം കൊടുത്തില്ലെങ്കിലും അവരെ മുലയൂട്ടി പൈദാഹങ്ങൾ ശമിപ്പിച്ചില്ലെങ്കിലും അലിവും ആർദ്രതയുമാകുന്ന നിരവധി നന്മകളെ കൈകളിലും മാറിലും തോളിലും ഹൃദയത്തിലും അടുക്കിപ്പിടിച്ച് അനുനിമിഷം ജീവിക്കണമെന്ന് അവർ അമ്മയെ പഠിപ്പിച്ചു. കുഞ്ഞുങ്ങളുടെ ഒരോ പുഞ്ചിരിയും ഈ സത്യം അമ്മയ്ക്കു കൂടുതൽ കൂടുതൽ വ്യക്തമാക്കിക്കൊടുത്തുകൊണ്ടിരുന്നു. ഉണ്ണിയീശോയുടെ മുഖം ഓരോ കുഞ്ഞിലും മിന്നുമ്പോൾ അമ്മയുടെ ഹൃദയത്തിൽ അവിടുത്തെ സ്നേഹം നിറയുന്നുണ്ടായിരുന്നു.

## അദ്ധ്യായം 10

# എയിഡ്സിനെതിരെ

റോക്ക് ഹഡ്സൺ, യുവജനങ്ങളുടെ ആരാധനാപാത്രം എയിഡ്സു മൂലം മരിച്ചത് മാനവരാശിയെ മുഴുവൻ ഞെട്ടിപ്പിക്കുന്ന സംഭവമായി. കോടിക്കണക്കിനു ഡോളറുകളുടെ ഉടമയായിരുന്ന ഹഡ്സൺ 59-ാമത്തെ വയസ്സിൽ മരിച്ചു. അയാൾ പാടാൻ പോയിരുന്നിടത്തെല്ലാം പതിനായിരങ്ങൾ തിങ്ങിക്കൂടിയിരുന്നു. ആരാധകർക്കോ, ഡോക്ടർമാർക്കോ, മരുന്നുകൾക്കോ ഒന്നും അയാളുടെ ജീവൻ രക്ഷിക്കാനായില്ല. റോക്ക് ഹഡ്സനെക്കുറിച്ചുള്ള വാർത്ത കാട്ടു തീ പോലെ ലോകത്തിന്റെ ഓരോ മുക്കിലും മൂലയിലുമെത്തി. ആശുപത്രികളിൽ പോലും എയിഡ്സ് രോഗികളെ സ്വീകരിക്കാൻ വിമുഖതയായിരുന്നു. ജയിലിലായിരുന്ന രോഗികൾക്ക് എന്തെങ്കിലും ശുശ്രൂഷ ചെയ്യാൻ വാർഡന്മാർ വിമുഖതകാട്ടി. മറ്റു ജയിൽവാസികൾ രോഗികളായവരെ കൊല്ലുമെന്നു ഭീഷണി മുഴക്കി.

മദറിന്റെ മാതൃഹൃദയം എയിഡ്സ് രോഗികളോടുള്ള കരുണാർദ്രമായ സ്നേഹത്താൽ തുടിച്ചു. ഈ ഹതഭാഗ്യരിലുള്ള ഈശോയെ സ്നേഹിക്കാൻ അമ്മയുടെ മനസ്സു വെമ്പൽകൊണ്ടു. എയിഡ്സ് രോഗികൾക്കു ശുശ്രൂഷ ചെയ്യുക മാനവരാശിയുടെ ഒരു അത്യാവശ്യമായി മദർ മനസ്സിലാക്കി. ആ സമയത്ത് അമ്മ ന്യൂയോർക്കിലൊരു അഗതി മന്ദിരം തുടങ്ങാൻ സജ്ജീകരണങ്ങൾ ചെയ്യുകയായിരുന്നു. അപ്പോഴാണു മാനവരാശിക്കുള്ള പുതിയ വെല്ലുവിളി അമ്മയുടെ ശ്രദ്ധയിൽപ്പെട്ടത്. എയിഡ്സ് പാപത്തിന്റെ ശിക്ഷയാണെങ്കിലും അതു ബാധിച്ചിരിക്കുന്നവർ ദൈവത്തിന്റെ മക്കളാണ്. ആ നിലയ്ക്ക് അവർക്കൊരു സങ്കേതം ആവശ്യമായിരുന്നു. അവിടെ അവർക്ക് മനസമാധാനത്തിൽ നന്നായി ഒരുങ്ങി നിഖിലേശ സന്നിധിയിലേയ്ക്കു പോകാൻ കഴിയണം.

ന്യൂയോർക്കിന്റെ ഗവർണറെയും മേയറെയും കണ്ട് മദർ പറഞ്ഞു; എനിക്ക് ഒരു ഭവനം തരുക; ഞാൻ എന്റെ സഹോദരിമാരെ അയച്ചു തരാം. നിങ്ങൾ ഞങ്ങളെ ഏല്പിക്കുന്ന എയിഡ്സ് രോഗികളെ അവർ സ്നേഹപൂർവ്വം ശുശ്രൂഷിച്ചുകൊള്ളും. മദറിനെ വളരെ നന്നായി അറി

ഞ്ഞിരുന്ന ന്യൂയോർക്കുപട്ടണം, അമ്മയുടെ അഭ്യർത്ഥന സർവാത്മനാ സ്വീകരിച്ചു. ഒരു ഭവനം കണ്ടുപിടിച്ച് മദറിന്റെ പ്രവർത്തനത്തിനു നല്കപ്പെട്ടു. ചിലർ മേയറെ ചോദ്യം ചെയ്തു. അദ്ദേഹം ഇത്രമാത്രം പറഞ്ഞു "ജീവിക്കുന്ന വിശുദ്ധയുടെ അഭ്യർത്ഥന നമുക്കെങ്ങനെ നിരസിക്കാനാവും". മദർ തെരേസാ ജീവിക്കുന്ന വിശുദ്ധയായിരുന്നു.

അമ്മയ്ക്കു ഭവനം കിട്ടി. അമ്മ സിസ്റ്റേഴ്സിനെ അവിടെ എത്തിച്ചു. ന്യായോർക്കു ഗവർണർതന്നെ തടവറയിൽ നിന്നുള്ള ആദ്യത്തെ മൂന്നു രോഗികളെ അങ്ങോട്ടയച്ചു. ഇവരെ കൊല്ലുമെന്ന് കൂടെയുണ്ടായിരുന്നവർ പ്രഖ്യാപിച്ചതാണ്. മാരകമായ രോഗം തങ്ങളേയും ബാധിക്കുമെന്നു ഭയപ്പെട്ടാണ് അവർ വധഭീഷണി മുഴക്കിയത്.

അങ്ങനെ, 1985 അവസാനം എയിഡ്സ് രോഗികൾക്കുള്ള തന്റെ ആദ്യത്തെ ഭവനം ന്യൂയോർക്കിൽ തുടങ്ങുവാനുള്ള ഭാഗ്യം മദറിനു കൈവന്നു. എയിഡ്സ് പാപത്തിനുള്ള ദൈവത്തിന്റെ ശിക്ഷയാണെങ്കിലും അത് രക്ഷയുടെയും വിശുദ്ധിയുടെയും ഒരു ഉപാധിയായി മാറാം. സഹോദരിമാരുടെ ഭക്തിനിർഭരമായ ജീവിത മാതൃകയും പ്രാർത്ഥനയും വീരോചിതമായ ത്യാഗവും അന്തേവാസികളെ ദൈവത്തിലേയ്ക്കു തിരിയാൻ സഹായിക്കുന്നു. ഇതാണു മദർ ആഗ്രഹിച്ചത്. ഇതിനു വേണ്ടിയാണു മദർ പ്രാർത്ഥിച്ചിരുന്നത്.

ഒരു മുപ്പത്തിയെട്ടുകാരനാണ് ഈ ഭവനത്തിൽ ആദ്യമായി മരിച്ചത്. വിയറ്റ്നാം യുദ്ധത്തിനു ശേഷം അദ്ദേഹം മരുന്നു കഴിച്ചു തുടങ്ങിയതാണ്. അയാൾ മാമ്മോദീസാ സ്വീകരിച്ച് ഒരു കത്തോലിക്കനായി. ഏറ്റം ഗൗരവത്തോടെയാണ് അയാൾ ആ കൂദാശ സ്വീകരിച്ചത്. കഴുത്തിൽ ഒരു കൊന്തയണിഞ്ഞു ശുഭ്രവസ്ത്രധാരിയായാണ് അയാൾ മാമ്മോദീസായ്ക്കു വന്നത്. എന്നെ പ്രാർത്ഥിക്കാൻ പഠിപ്പിക്കുക, അയാൾ ആവശ്യപ്പെട്ടു. പിന്നീട് ഏറ്റം ശാന്തനായി അയാൾ മരിച്ചു. ഈ സംഭവം മറ്റു പല രോഗികളെയും ദൈവത്തോടൊപ്പം മരിക്കാൻ പ്രേരിപ്പിച്ചു.

എയിഡ്സ് രോഗികൾക്കു പ്രാർത്ഥിക്കാനും ദൈവത്തിലേയ്ക്കു തിരിയാനുമുള്ള അവസരം ഉണ്ടാക്കുകയായിരുന്നു മദറിന്റെ ഏറ്റം പ്രധാനപ്പെട്ടലക്ഷ്യം. ശരിയായ അർത്ഥത്തിൽ അവർ ദൈവത്തെയും

മനുഷ്യരെയും സ്നേഹിച്ച് ആ സ്നേഹത്തിൽ തങ്ങളുടെ ജീവിതം അവസാനിപ്പിക്കണം. ക്രമേണ ന്യൂയോർക്കിലെ ഭവനം അത്ഭുതങ്ങളുടെ ഒരു ആലയമായി മാറി. അന്തേവാസികളെല്ലാം ദൈവത്തിലേയ്ക്കു തിരിഞ്ഞു. അവർ പ്രത്യാശയുള്ളവരായി. അവരോടൊപ്പം സക്രാരിയിൽ ഈശോ എഴുന്നള്ളിയിരിക്കുന്നു. തങ്ങളുടെ ബാഹ്യനേത്രങ്ങൾകൊണ്ടു കാണത്തക്കരീതിയിൽ അവിടുന്നു പ്രവർത്തിച്ചു. എല്ലാ അപകടങ്ങളെയും അതിജീവിച്ച്, ശാന്തതയിലും സ്നേഹത്തിലും, കാരുണ്യത്തിലും തെരേസായുടെ ഭവനത്തിൽ വന്നതുകൊണ്ടു മാത്രമാണു തനിക്കു ദൈവത്തെ അറിയാൻ കഴിഞ്ഞതെന്ന് ഒരു രോഗി പത്രപ്രവർത്തകരോടു സാക്ഷ്യപ്പെടുത്തി. എനിക്കിപ്പോൾ മുട്ടിന്മേൽ നിന്നുകൊണ്ടു പ്രാർത്ഥിക്കാൻ കഴിയുന്നുണ്ട്. ഇവിടെയുള്ള മറ്റുരോഗികൾക്കും ഈ അനുഗ്രഹം കിട്ടേണ്ടിയിരിക്കുന്നു, അയാൾ പറഞ്ഞു.

മറ്റു രോഗികളോടു റ്റോം (അതായിരുന്നു അയാളുടെ പേര്) പറഞ്ഞിരുന്നു; ദൈവത്തിന് എന്തെങ്കിലും ഒക്കെ തിരികെ നല്കാനുള്ള സമയമാണിത്, പ്രത്യേകിച്ചു പ്രാർത്ഥന. ക്രിസ്തുവിനെ എത്തിപ്പിടിക്കാൻ ഓരോരുത്തർക്കും ഒരു പുതിയ ബോധ്യം അത്യാവശ്യമാണ്. ഒരിക്കലും നിരാശപ്പെടരുത്. ഈ അവസ്ഥയിൽ നിന്നു നമ്മെ രക്ഷിക്കാൻ അവിടുത്തേയ്ക്കു മാത്രമേ സാധിക്കുകയുള്ളു. അത്ഭുതങ്ങളും അടയാളങ്ങളും സംഭവിക്കുന്നത് അവിടുന്നിലൂടെമാത്രമാണ്. ക്രിസ്തുവിനോടൊപ്പം നിങ്ങൾ നിങ്ങളുടെ വേദന സഹിക്കുമ്പോൾ അതു സഹിക്കുവാൻ നിങ്ങൾക്കു സാധിക്കും. പലരും മരിക്കുന്നതു ഞാൻ കണ്ടിട്ടുണ്ട്. അവരൊക്കെ ക്രിസ്തുവിനെ ആശ്രയിച്ചുകൊണ്ടാണു തങ്ങളുടെ ഇഹലോകജീവിതം അവസാനിപ്പിച്ചത്. ദൈവമേ, കരുണയായിരിക്കണമേ എന്നു ഹൃദയംഗമമായി പറയുന്ന നിമിഷം അവർക്കു സമാധാനം കൈവരുന്നു.

എയിഡ്സ് രോഗികൾക്കുള്ള രണ്ടാമത്തെ ഭവനം നവംബർ 28, 1986 ൽ വാഷിംഗ്ടൺ ഡി.സി.യിൽ പ്രസിഡന്റ് റേയ്ഗന്റെ അഭ്യർത്ഥന പ്രകാരം മദർ തുടങ്ങി. അന്നത്തെ ദിവ്യബലിയിൽ ആയിരങ്ങൾ സംബന്ധിച്ചു. സ്നേഹിക്കുന്നതിന്റെ സന്തോഷം പങ്കുവയ്ക്കുന്നതിനെക്കുറിച്ച് അമ്മ അന്നു വാചാലമായി പ്രസംഗിച്ചു.

# അദ്ധ്യായം 11

# കുഷ്ഠരോഗത്തിനെതിരെ

1957 ൽ അഞ്ചു കുഷ്ഠരോഗികൾ അമ്മയെ കാണാൻ ചെന്നു. നിരാശയുടെ വക്കിലായിരുന്നു അവർ. കാരണം, അവർ എല്ലാവരാലും തിരസ്കരിക്കപ്പെട്ടവരായിരുന്നു. ബന്ധുമിത്രാദികൾപോലും അവരെ ഉപേക്ഷിച്ചു. രോഗബാധിതരായതുകൊണ്ട് ഉണ്ടായിരുന്ന ജോലിയും നഷ്ടപെട്ടുപോയി. വേദനയുടെയും യാതനയുടെയും നീർക്കയത്തിൽ മുങ്ങിപ്പൊങ്ങിക്കൊണ്ടിരുന്ന അവർക്ക് ഒരഭയം നല്കണമെന്ന വലിയ ആഗ്രഹം അമ്മയ്ക്കുണ്ടായി. അമ്മയും സഹോദരിമാരും ധൈര്യസമേതം അവരുടെ ഇടയിലേയ്ക്കു ഇറങ്ങിച്ചെന്നു. അവരുടെ മുറിവുകളിൽ മരുന്നു പുരട്ടി. അതിലുപരി മനസ്സിനേറ്റ തിരസ്കരണത്തിന്റെ മുറിവുകളിൽ സ്വീകാര്യതയുടെ അമൃതു പകർന്നു. അവരെ കുളിപ്പിച്ച് നല്ല വസ്ത്രങ്ങൾ അണിയിച്ചു. പ്രതീക്ഷയുടെ നല്ല നാമ്പുകൾ അവരിൽ കിളിർത്തു. അവർ അനാഥരല്ലെന്നും ദൈവത്തിന്റെ പ്രിയപ്പെട്ടവരാണെന്നും ഉള്ള ബോധ്യം അമ്മയും സഹോദരിമാരും അവർക്കു നല്കി.

ഉപവിയുടെ സഹോദരിമാരോടൊപ്പം സേവനം അനുഷ്ഠിക്കാൻ കരുണാമയനായ ദൈവം ഡോ. സെൻ എന്ന മനുഷ്യ സ്നേഹിയെ ഒരുക്കിവിട്ടു. അദ്ദേഹം കുഷ്ഠരോഗചികിത്സയിൽ പ്രാവീണ്യം നേടിയിരുന്നു. കുഷ്ഠരോഗികളെ പരിചരിക്കാനുള്ള വിദഗ്ധ പരിശീലനം അദ്ദേഹം എല്ലാ സഹോദരിമാർക്കും നല്കി. അമ്മയുടെ വാക്കുകളിൽ, "വിദേശ രാജ്യങ്ങളിൽ നിന്ന് ഫലപ്രദമായ ധാരാളം മരുന്നുകൾ കുഷ്ഠ രോഗികൾക്കായി പറന്നെത്തി". ഇതെല്ലാം തമ്പുരാന്റെ കൃപയായതിനാൽ അമ്മ എല്ലാറ്റിനും തമ്പുരാനു നന്ദിപറഞ്ഞുകൊണ്ടിരുന്നു.

ദൈവം ഓരോ കുഷ്ഠരോഗിയിലും ജീവിക്കുന്നുണ്ടെന്നുള്ള തിരിച്ചറിവാണ് അവർക്കുവേണ്ടി ജീവിക്കാൻ, അവരെ സ്നേഹിക്കാൻ അമ്മയെയും അമ്മയുടെ സഹോദരിമാരെയും പ്രേരിപ്പിച്ചത്, പ്രേരിപ്പിക്കുന്നത്. അസാമാന്യമായ മനക്കരുത്തും ഉണ്ടായിരിക്കണം. എങ്കിൽ മാത്രമേ, അഴുകി ദ്രവിച്ച ശരീരവുമായി കടന്നു വരുന്ന കുഷ്ഠരോഗിയെ അറപ്പും വെറുപ്പുമില്ലാതെ സസന്തോഷം സ്നേഹിച്ചു ശുശ്രൂഷിക്കാൻ കഴിയൂ.

കുഷ്ഠരോഗികൾ ഭിക്ഷതേടാതെ സ്വന്തമായി ജോലി ചെയ്ത് അന്തസ്സായി ജീവിക്കാൻ ആവശ്യമായതെല്ലാം അവർക്കു ലഭ്യമാക്കുക എന്നതായിരുന്നു അമ്മയുടെ ആഗ്രഹം. മരണത്തിന്റെ വക്കിലെത്തിയവർക്കു ശാന്തമായ വിശ്രമസങ്കേതവും രോഗ വിമുക്തരായവർക്കു പുനരധിവാസകേന്ദ്രവും വേണമെന്ന് അമ്മയ്ക്കു മനസ്സിലായി.

ജനങ്ങൾ ഏറ്റമധികം ഭയപ്പെട്ടിരുന്ന കുഷ്ഠരോഗത്തെ സാവധാനം ഇല്ലാതാക്കാൻ ഒരു ക്ലിനിക്ക് തുടങ്ങാൻ അമ്മ തീരുമാനിച്ചു. അതിനു പറ്റിയ ഒരു സ്ഥലം മോത്തീജിൽ മദർ കണ്ടുപിടിച്ചു. അവിടെ ക്ലിനിക്ക് തുടങ്ങാൻ ഒരു വാനിൽ അമ്മയും സിസ്റ്റേഴ്സും ചെന്നിറങ്ങി. അവരുടെ ഉദ്ദേശം കാലേകൂട്ടി മനസ്സിലാക്കിയിരുന്ന കോർപ്പറേഷൻ അധികൃതർ ആളുകളെ കൂട്ടി കാത്തുനിന്നിരുന്നു. അവർ വാനിൽ നിന്നിറങ്ങിയ ഉടനെ വലിയ അട്ടഹാസത്തോടെ അവിടെ കൂടിനിന്നിരുന്നവർ തുരുതുരാ കല്ലുകളെറിഞ്ഞു. ആർക്കും പരുക്കേറ്റില്ല. അവർ സഞ്ചരിച്ചുവന്ന വാനിൽ അതിവേഗം തിരിച്ചു കയറി അവിടെ നിന്നു രക്ഷപ്പെട്ടു. ഈ സംഭവത്തെക്കുറിച്ച് അമ്മ ഇങ്ങനെ സാക്ഷ്യപ്പെടുത്തുന്നു. "എനിക്ക് ആരോടും ഒരു പരിഭവവും തോന്നിയില്ല. മാത്രവുമല്ല, അവിടെ ക്ലിനിക്ക് തുടങ്ങാൻ തമ്പുരാൻ ആഗ്രഹിക്കുന്നില്ല എന്ന സത്യവും തിരിച്ചറിഞ്ഞു".

മടക്കയാത്രയിൽ മൊബൈൽ ക്ലിനിക്ക് (സഞ്ചരിക്കുന്ന കുഷ്ഠരോഗാശുപത്രി) എന്ന ആശയം അമ്മയുടെ മനസ്സിൽ ഉദിച്ചു. അപ്പോൾത്തന്നെ ദൈവത്തിന് ഒരു നൂറു നന്ദി പറഞ്ഞു. മേലുദ്ധരിച്ച അനുഭവം ഉണ്ടായിരുന്നില്ലെങ്കിൽ ഒരിക്കലും മൊബൈൽ ക്ലിനിക്ക് ഉണ്ടാകുമായിരുന്നില്ല. മൊബൈൽ ക്ലിനിക്കിനുവേണ്ടി ആദ്യത്തെ ആംബുലൻസ് അമേരിക്കക്കാരാണു സംഭാവന ചെയ്തത്. കൽക്കട്ടയിലെ ആർച്ചു ബിഷപ്പ് 1957 സെപ്തംബർ മാസത്തിൽത്തന്നെ സഞ്ചരിക്കുന്ന കുഷ്ഠരോഗാശുപത്രി ഉദ്ഘാടനം ചെയ്തു.

ഡോ. സെന്നിന്റെ സഹായവാഗ്ദാനം ലഭിച്ച അന്നു രാത്രിയിൽ അമ്മ തന്റെ സ്നേഹനിധിയായ ദൈവത്തിന്റെ സക്രാരിക്കു മുമ്പിൽ മുട്ടുകൾ കുത്തി. അവിടുത്തെ തിരുമുറിവുകളുടെ സാന്നിദ്ധ്യം അമ്മ അനുഭവിച്ചു; ആ മുറിവുകളിൽ അരൂപിയിൽ ചുംബിച്ചുകൊണ്ട് അമ്മ ചോദിച്ചു; "എങ്ങനെയാണ് ആ കുഷ്ഠരോഗികൾക്കായി ഇറങ്ങി തിരി

ക്കാൻ എനിക്ക് ശക്തി ലഭിച്ചത്? എങ്ങനെയാണ് വ്രണങ്ങൾ നിറഞ്ഞു ദുർഗന്ധം വമിക്കുന്ന മുറിവുകൾ ശുചിയാക്കാൻ എനിക്കു മനക്കരുത്തു കിട്ടിയത്? നിന്റെ ജീവിക്കുന്ന രൂപം അവരിൽ കണ്ടില്ലായിരുന്നെങ്കിൽ ഞാൻ ഒരിക്കലും ആ ശരീരങ്ങളെ സ്പർശിക്കുമായിരുന്നില്ലല്ലോ. നോവുന്ന ഹൃദയങ്ങളെ ആശ്വസിപ്പിക്കുമായിരുന്നില്ലല്ലോ''.

സഞ്ചരിക്കുന്ന കുഷ്ഠരോഗാശുപത്രി അനേകർക്ക് അഭയകേന്ദ്രമായി. വാഹനം ഓരോസ്ഥലത്തേക്കും കടന്നു ചെല്ലുമ്പോൾ അവിടത്തെ നൂറുകണക്കിനു രോഗികൾ കൂടും. സഹോദരിമാർ അവരുടെ മുറിവുകളിൽ മരുന്ന് പുരട്ടും. തീരെ നിവൃത്തിയില്ലാത്തവർക്ക്, ഏറെ യാത്രചെയ്യേണ്ടിയിരുന്നവർക്ക് ഒക്കെ ഭക്ഷണവും വസ്ത്രവും യാത്രക്കൂലിയും നൽകും. എല്ലാം സ്വീകരിച്ച് അവർ സന്തോഷത്തോടെ യാത്രയാകും. മൊബൈൽ ക്ലിനിക്ക് പ്രവർത്തിച്ചിരുന്നപ്പോഴും കുഷ്ഠരോഗികൾക്കുള്ള ഒരു സങ്കേതം അമ്മയുടെ സ്വപ്നമായിരുന്നു. ''വഴിയരുകിൽ കിടന്നുറങ്ങുന്ന കുഷ്ഠരോഗിയായ ദൈവത്തിന് അന്തിയുറങ്ങാൻ ഒരിടം''. അസൻഡോളിലെ ഒരു ഗ്രാമത്തിൽ പറ്റിയ ഒരു സ്ഥലം അമ്മ പണ്ടേ മനസ്സിൽക്കണ്ടിരുന്നു. പക്ഷേ അതു ലഭിക്കാതെ ഒന്നും ചെയ്യാൻ സാധിക്കയില്ലല്ലോ. അമ്മ തന്റെ ആത്മസുഹൃത്തിനെ ചെന്നു കണ്ടു. ആരെന്നല്ലേ ആ ആത്മസുഹൃത്ത്? അന്നത്തെ പശ്ചിമ ബംഗാൾ മുഖ്യമന്ത്രി ജ്യോതിബാസു. ഏത് അവസരത്തിലും അമ്മക്ക് ദയാഹസ്തം നീട്ടിയിരുന്ന ഒരു മനുഷ്യസ്നേഹി.

അമ്മ തന്റെ സന്ദർശനോദ്ദേശം വ്യക്തമാക്കി. ജ്യോതിബാസു അമ്മയുടെ അഭ്യർത്ഥന സസന്തോഷം സ്വീകരിച്ചു. മുപ്പത്തിനാല് ഏക്കർ സ്ഥലം 30 വർഷത്തേക്ക് കേവലം ഒരു രൂപാ പാട്ടത്തിന് അമ്മക്കു പതിച്ചു നൽകി. അമ്മയുടെ സന്തോഷത്തിന് അതിരില്ലായിരുന്നു. തന്റെ നല്ല ദൈവത്തിന് ഒരായിരം നന്ദി പറഞ്ഞു.

കാടുപിടിച്ചുകിടന്നിരന്ന ആ ഖനി പ്രദേശം മുഴുവൻ വെട്ടിത്തെളിച്ച് വാസയോഗ്യമാക്കിയത് അമ്മയുടെ സഹോദരികൾ തന്നെയാണ്. അവരുടെ അധ്വാനത്തെ അമ്മ വാനോളം പുകഴ്ത്തി. കഠിനാധ്വാനത്തിന്റെയും മടുക്കാത്ത ഇച്ഛാശക്തിയുടെയും ജീവിക്കുന്ന പ്രതീകമാണ് ഇന്നത്തെ ശാന്തിനഗർ. 1937 ൽ സ്ഥാപിതമായ ശാന്തിനഗർ സ്വയം പര്യാപ്തതയുടെ പര്യായമാണ്.

കുഷ്ഠരോഗികളെ സ്വന്തം കാലിൽ നിറുത്തുക എന്ന അമ്മയുടെ സമുന്നതലക്ഷ്യം ആദ്യം പൂവണിഞ്ഞത് ശാന്തി നഗറിലായിരുന്നു. വിദഗ്ധ ചികിത്സക്കുപുറമേ തൊഴിൽ പരിശീലനവും അവിടെ നല്കപ്പെടുന്നു. സന്തുഷ്ട ജീവിതം നയിക്കാൻ ചെറിയവീടുകൾ ഉണ്ട്. കുഞ്ഞുങ്ങളെ പഠിപ്പിക്കാൻ അനുയോജ്യമായ സാഹചര്യങ്ങളും ശാന്തിനഗറിലുണ്ട്. എല്ലാവരും ദൈവത്തിന്റെ മക്കളാണെന്നും പ്രപഞ്ചപറുദീസായിലെ വ്യത്യസ്ഥങ്ങളായ പൂക്കളാണെന്നുമുള്ള ആഴമായ അവബോധം അവരിൽ നിറയുന്നതുകണ്ടു സന്തോഷിക്കാൻ കനിവിന്റെ മാലാഖയ്ക്കു കഴിഞ്ഞു.

ശാന്തിനഗറിൽ വച്ച് ദൈവകരങ്ങളുടെ ശക്തി അമ്മയ്ക്കു കൂടുതൽ ബോധ്യപ്പെട്ടു. നാം തിരിച്ചറിയുന്നില്ലെങ്കിലും ദൈവം നമ്മുടെ ജീവിതത്തിൽ അത്ഭുതകരമായി ഇടപെടുന്നുണ്ട്. ശാന്തിനഗറിലെ കൊച്ചുവീടുകൾ പണിയുന്നതിന് അമ്മയുടെ കൈവശം പണമൊന്നും ഉണ്ടായിരുന്നില്ല. അമ്മ പലനാൾ പ്രാർത്ഥിച്ചു. അമ്മയുടെ അനുഭവം ചുരുങ്ങിയ വാക്കുകളിൽ അമ്മ രേഖപ്പെടുത്തിയിട്ടുണ്ട്. അതാ അത്ഭുതങ്ങളുടെ അനുഗ്രഹവർഷവുമായി ദൈവം പോൾ ആറാമൻ പാപ്പായുടെ രൂപത്തിൽ.

1964 ൽ ബോംബെയിൽ നടന്ന ദിവ്യകാരുണ്യ കോൺഗ്രസ്സിൽ പങ്കെടുക്കാനെത്തിയ പരുശുദ്ധ പിതാവ് കൽക്കട്ടയിലെ നിർമ്മൽ ഹൃദയ് സന്ദർശിക്കാനെത്തി. അമേരിക്കൻ ജനത പിതാവിനു നല്കിയ ലക്ഷ്വറി കാർ പാവങ്ങൾക്കായി ഉപയോഗിക്കാൻ മദറിനു സമ്മാനിച്ചു. ഈ സമ്മാനം ഒന്നാം സമ്മാനമാക്കി അമ്മ ഒരു ഭാഗ്യക്കുറി നടത്തി. 46 ലക്ഷം രൂപാ പിരിഞ്ഞുകിട്ടി. അമ്മ അതേക്കുറിച്ചു പറയുന്നതിങ്ങനെയാണ്. "എന്റെ പാവം കുഷ്ഠരോഗികളുടെ ഭാഗ്യം എന്നല്ലാതെ എന്തു പറയാനാണ്. വളരെക്കുറച്ചു നാളുകൾക്കുള്ളിൽ സുന്ദരമായ കൊച്ചുവീടുകൾ ശാന്തിനഗറിൽ ഉയർന്നു വന്നു". അമ്മ തുടരുന്നു. "പാവങ്ങൾക്കായി മനസ്സുരുകാൻ തുടങ്ങുമ്പോൾ ദൈവം അനുഗ്രഹത്തിന്റെ മന്ന വർഷിക്കുന്നത് ഓരോ ദിവസം ചെല്ലുന്തോറും കൂടുതൽ കൂടുതൽ അനുഭവിക്കുവാൻ കഴിഞ്ഞതിൽ എനിക്ക് സന്തോഷം തോന്നി".

### അദ്ധ്യായം 12

## ഒരു മാനസാന്തര കഥ

ഒരിക്കൽ ദൈവവിശ്വാസമില്ലാത്ത ഒരാൾ അമ്മയെ കാണുവാൻചെന്നു. ആ സമയത്ത് അമ്മയുടെ സഹോദരിമാർ പുഴുവരിക്കുന്ന ഒരാളെ ഓടയിൽ നിന്നു പൊക്കിയെടുത്ത് ശുശ്രൂഷിക്കുകയായിരുന്നു. അയാൾ അവിടെ സ്നേഹത്തിന്റെ മാസ്മരശക്തി നേരിൽ കണ്ടു. ആ സന്യാസിനിമാർ എത്രയോ സ്നേഹത്തോടും ആർദ്രതയോടും കൂടിയാണ് ആ ആസന്നമരണനെ ശുശ്രൂഷിച്ചത്. അവരുടെ മുഖത്തെ പുഞ്ചിരി അയാളെ വല്ലാതെ ഉലച്ചു. അയാളുടെ തെറ്റായ ധാരണകളും വിശ്വാസങ്ങളും അടിപതറി. ആ വ്യക്തി അമ്മയോട് അശ്രുകണങ്ങളോടെ പറഞ്ഞു: "അവിശ്വാസിയായി ഞാനിവിടെ വന്നു. എന്റെ ഹൃദയത്തിൽ എല്ലാവരോടും വെറുപ്പും വിദ്വേഷവുമായിരുന്നു. എന്നാൽ ഞാൻ ഇവിടെനിന്നു പോകുന്നത് ഹൃദയത്തിൽ സ്നേഹവും സന്തോഷവും നിറഞ്ഞവനായിട്ടാണ്. നിങ്ങളുടെ പ്രവൃത്തികളിൽ ദൈവസ്നേഹം തുടിക്കുന്നതു ഞാൻ അനുഭവിച്ചറിഞ്ഞു. ആ സഹോദരിമാരുടെ നിർമ്മലമായ കരങ്ങളിൽ, ആംഗ്യങ്ങളിൽ, കറയില്ലാത്ത വാത്സല്യത്തിന്റെ, മൂടുപടമില്ലാത്ത സഹോദര സ്നേഹം ഞാൻ കണ്ടറിഞ്ഞു. ദൈവസ്നേഹം ആ ചീഞ്ഞഴുകിയ മനുഷ്യനിലേയ്ക്കു പ്രവഹിക്കുന്നതു ഞാൻ കണ്ടു. ഞാൻ ദൈവത്തിൽ വിശ്വസിക്കുന്നു". കറതീർന്ന സ്നേഹത്തിന്റെ പ്രവൃത്തി നേരിൽ കണ്ടാണ് അയാൾ വിശ്വാസിയായി മാറിയത്. വിശ്വാസം മലകളെ മാറ്റുന്നതിലധികം സ്നേഹം മലകളെ മാറ്റും.

നിസ്വാർത്ഥ സ്നേഹത്തിന്റെ പ്രവൃത്തികളാണു മദർ എല്ലാവരിൽ നിന്നും പ്രതീക്ഷിക്കുന്നത്. ഇതു സാധിക്കണമെങ്കിൽ ഏവരും പ്രാർത്ഥിക്കണം. ഈശോയോട് ഒന്നാകണം. നമ്മുടെ പ്രവൃത്തികൾ ഈശോ നിറഞ്ഞു നില്ക്കുന്ന ഒരു ഹൃദയത്തിൽ നിന്നാകട്ടെ. ക്രിസ്തീയ ചൈതന്യത്തിൽ നിന്നുള്ള പ്രവൃത്തികൾക്കു മാത്രമേ ശാശ്വതമായ ശാന്തി നല്കാൻ കഴിയൂ.

ദൈവത്തെ അന്വേഷിക്കുന്നവരോടു മദർ പറയുന്നു; "നീ

ദൈവത്തെ തിരയുകയാണെങ്കിൽ നിരന്തരം പ്രാർത്ഥിക്കാൻ പഠിക്കുക. നിനക്ക് ഏതു സമയത്തും എവിടെവച്ചും ജോലിസമയത്തുപോലും പ്രാർത്ഥിക്കാം. പ്രാർത്ഥനമൂലം ജോലി മുടങ്ങുകയോ ജോലിമൂലം പ്രാർത്ഥന മുടങ്ങുകയോ ഇല്ല. നീ ഏതു മതവിശ്വാസിയുമാകട്ടെ, ദൈവം നമ്മുടെ പിതാവാണ്. ആ വത്സല പിതാവിനോട് എല്ലാം പറയുക, തുറന്നു സംസാരിക്കുക, നീ അവിടുത്തെ പൈതലാണ്. നിശ്ചയമായും ആ വത്സല പിതാവു നിന്റെ പ്രാർത്ഥന ശ്രവിക്കും. എനിക്ക് അരമണിക്കൂർ പോലും പ്രാർത്ഥിക്കാതെ ജോലിചെയ്യാൻ സാധ്യമല്ല. ഞാൻ എന്തായിരിക്കുന്നുവോ അതു പ്രാർത്ഥനയിൽ നിന്നു മാത്രം ലഭിച്ചതാണ്".

മദർ തുടരുന്നു. "നിന്റെ കുടുംബത്തിൽ പരസ്പരം സ്നേഹിക്കപ്പെടുന്നുണ്ടോ? കുടുംബങ്ങളിൽ സ്നേഹം നിലനിൽക്കണമെങ്കിൽ ഒരുമിച്ചു പ്രാർത്ഥിക്കണം. ഒരുമിച്ചു പ്രാർത്ഥിച്ചാൽ ഒരുമയിൽ ജീവിക്കാം. നിങ്ങൾ ഒരുമിച്ചു പ്രാർത്ഥിച്ചാൽ ദൈവം നിങ്ങളെ സ്നേഹിക്കുന്നതുപോലെ നിങ്ങൾ സ്നേഹിക്കപ്പെടുകയും പരസ്പരം ഐക്യപ്പെടുകയും ചെയ്യും".

വൈവാഹിക ബന്ധത്തിൽ പ്രശ്നങ്ങളുള്ളവരോട് അമ്മ ഉപദേശിക്കുമായിരുന്നു. "ദൈവം സ്നേഹിക്കുന്നതുപോലെ നാം എല്ലാവരെയും സ്നേഹിക്കുവാനും നമ്മുടെ തെറ്റുകൾ ദൈവം ക്ഷമിക്കുന്നതുപോലെ നാം മറ്റുള്ളവരാൽ ക്ഷമിക്കപ്പെടുവാനുമുള്ള വരദാനത്തിനായി കുടുംബപ്രാർത്ഥനയിൽ നിത്യവും പ്രാർത്ഥിക്കണം. പ്രാർത്ഥിച്ചു ക്ഷമിക്കുക". കുടുംബങ്ങളിൽ സ്നേഹം ലഭിക്കാതെ അലഞ്ഞുതിരിയേണ്ടിവന്ന മക്കളോടും അമ്മ ഉപദേശിച്ചു, "പ്രാർത്ഥിക്കുകയും ക്ഷമിക്കുകയും ചെയ്യുവിൻ". വിധവകളോട് ഇപ്രകാരം പ്രാർത്ഥിക്കാൻ അമ്മ പറഞ്ഞിരുന്നു, ദൈവമേ, "ഞാൻ നിന്നെ സ്നേഹിക്കുന്നു. എന്റെ ദൈവമേ, എന്നോടു ക്ഷമിക്കണമേ. ഞാൻ നിന്നിൽ വിശ്വസിക്കുന്നു. എന്റെ നാഥാ ഞാൻ നിന്നിൽ പ്രത്യാശയർപ്പിക്കുന്നു. നീ ഞങ്ങളെ സ്നേഹിക്കുന്നതുപോലെ, മറ്റുള്ളവരെ സ്നേഹിക്കാൻ എന്നെ പഠിപ്പിക്കണമേ".

## അദ്ധ്യായം 13

# വെളിപ്പെടുത്തപ്പെട്ട സത്യം

യുഗങ്ങളുടെയും തലമുറകളുടെയും ആരംഭം മുതൽ മറച്ചുവയ്ക്കപ്പെട്ടിരുന്ന ഈ രഹസ്യം ഇപ്പോൾ അവിടുന്നു തന്റെ വിശുദ്ധർക്കു വെളിപ്പെടുത്തിയിരിക്കുന്നു. ഈ രഹസ്യത്തിന്റെ മഹത്ത്വം വിജാതീയരുടെയിടയിൽ എത്രശ്രേഷ്ടമാണെന്ന് വിശുദ്ധർക്കു വ്യക്തമാക്കിക്കൊടുക്കാൻ അവിടുന്നു തീരുമാനിച്ചു. ഈ രഹസ്യമാകട്ടെ മഹത്ത്വത്തെക്കുറിച്ചുള്ള പ്രത്യാശയായ ക്രിസ്തു നിങ്ങളിലുണ്ട് എന്നതു തന്നെ. അവനെയാണു ഞങ്ങൾ പ്രഖ്യാപിക്കുന്നത് (കൊളേ 1:26-27) ഈ രഹസ്യം സവിശേഷമായ വിധത്തിൽ സർവ്വശക്തൻ അമ്മയ്ക്കു വെളിപ്പെടുത്തിക്കൊടുത്തു. അമ്മയ്ക്കു എല്ലാവരിലും ക്രിസ്തുവിനെ ദർശിക്കാൻ സാധിച്ചത് ഇതു കൊണ്ടാണ്. അങ്ങനെ അവിടുത്തെ സ്നേഹിച്ചും സേവിച്ചും ജീവിതം സമർപ്പിച്ചു. ഈ ആത്മീയതയിൽ നിന്നും ശക്തി സ്വീകരിച്ചുകൊണ്ടു മദറിന്റെ പ്രവൃത്തനങ്ങൾ കൂടുതൽ ഊർജ്ജസ്വലതയോടെ ഇന്നും തുടരുന്നു. മിഷനറീസ് ഓഫ് ചാരിറ്റി സഹോദരികളിലെല്ലാം അമ്മയുടെ ആത്മചൈതന്യം കുടികൊള്ളുന്നു.

ഇതു കൊണ്ടുതന്നെയാണ് മദറിന്റെ സന്യാസസമൂഹത്തിലെ അംഗങ്ങൾ ബഹുമാനിക്കപ്പെടുന്നതും സ്നേഹിക്കപ്പെടുന്നതും. എല്ലാവരിലും അവർ ക്രിസ്തുവിനെ കാണുന്നു. ഈ ചെറിയവരിലൊരുവന് ഇതു നിങ്ങൾ ചെയ്തപ്പോൾ എനിക്കുതന്നെയാണു ചെയ്തിട്ടുള്ളത് (മത്താ: 25-40). കുഷ്ഠരോഗിയിലും ദരിദ്രനിലും അനാഥനിലും കുരുടനിലും വസിക്കുന്ന ക്രിസ്തുവിനെ അമ്മ ദർശിച്ചതുപോലെ അവരും ദർശിക്കുന്നു. അതു കൊണ്ടു മറ്റുള്ളവരെ ആർദ്രമായി സ്നേഹിക്കുവാൻ അവർക്കു കഴിയുന്നു. എല്ലാറ്റിലുമുപരി സഹോദര സ്നേഹത്തിൽ അധിഷ്ഠിതമായ ദൈവസ്നേഹമാണ് മിഷനറീസ് ഓഫ് ചാരിറ്റിയുടെ മുതൽക്കൂട്ട്.

1997 ജൂൺ 13 ന് മദർ ലണ്ടൻ നിവാസികളോട് ഇപ്രകാരം പറഞ്ഞു; "ക്രിസ്തുവിനോടു നമ്മെയും മറ്റുള്ളവരെയും അടുപ്പിക്കണമെങ്കിൽ, സാധുക്കളിലൂടെ മാത്രമേ കഴിയൂ. അതു പല വഴികളിലൂടെ ആകാം. എന്നാൽ എന്റെ വഴി ഇതാണ്". കുഷ്ഠരോഗ ചികിത്സാകേന്ദ്രത്തിൽ വന്നിരുന്നവരോടു മദർ പറയുമായിരുന്നു. "ഞാൻ ചികിത്സിക്കുന്ന കുഷ്ഠരോഗികൾ സുന്ദരരാണ്. അവർക്കു രോഗമുണ്ടെന്നു ഞാൻ സമ്മതിക്കുന്നു. എന്നാൽ അത് ഒരു ശാപമല്ല, സമ്മാനമാണ്. കാരണം അതു വഴിയായി അവരും ഈശോയുടെ സഹനത്തിൽ പങ്കാളികളാകുന്നു".

# അദ്ധ്യായം 14
# അവാർഡ്

## *ഒരു വടവൃക്ഷം പോലെ*

ഒരു വടവൃക്ഷം പോലെ എം.സി.സഭ വിരാജിക്കുകയാണ്. അതിന്റെ ശാഖകൾ ലോകമെങ്ങും പടർന്നു പന്തലിച്ചു നില്ക്കുന്നു. 123 രാജ്യങ്ങൾക്കാണ് ഇന്നതു തണലേകുന്നത്. ആ തണലിൽ സേവനം ചെയ്യുന്ന 4000 ൽ പരം സഹോദരിമാർ, ആയിരത്തോളം സഹോദരൻമാർ, രണ്ടായിരത്തോളം പ്രേഷിതർ. ഈ വലിയ വടവൃക്ഷത്തിന് അഞ്ചു പ്രധാന ശാഖകളാണുള്ളത്.

1. സഹോദരിമാരുടെ സമൂഹം
2. സഹോദരന്മാരുടെ സമൂഹം
3. വൈദിക സഹപ്രവർത്തകരുടെ സമൂഹം
4. സഹന സമൂഹം
5. സഹപ്രവർത്തകരുടെ സമൂഹം

ഈ മഹാ വൃക്ഷത്തിന്റെ വിത്തു മുളപ്പിക്കാൻ തന്നെ തെരെഞ്ഞെടുത്ത ദൈവത്തിന്റെ മഹാസ്നേഹമോർത്ത് മദർ പലപ്പോഴും ആനന്ദാശ്രുക്കൾ പൊഴിച്ചിരുന്നു. അമ്മയ്ക്കു കിട്ടിയ ഭുവന പ്രസിദ്ധമായ അവാർഡുകൾ ഒന്നും അമ്മയെ സന്തോഷിപ്പിച്ചില്ല. നോബൽ സമ്മാനം, ഭാരത രത്നം, ആൽബർട്ട് ഷ്വെറ്റ്സർ അവാർഡ്, ടെമ്പിൾട്ടൺ അവാർഡ് ഇവയൊക്കെ ആ കൂട്ടത്തിലുണ്ടായിരുന്നിട്ടും. എന്നാൽ മറ്റൊരു അവാർഡ് അമ്മയ്ക്കിഷ്ടപ്പെട്ടതായുണ്ടായിരുന്നു.

ദുരിതമനുഭവിക്കുന്ന പാവങ്ങളുടെ കണ്ണുനീർ തുടയ്ക്കുമ്പോൾ ലഭിക്കുന്ന പുഞ്ചിരി. അതായിരുന്നു അമ്മയ്ക്ക് ഏറ്റം ഇഷ്ടപ്പെട്ട അവാർഡ്.

## *ഈശോയുടെ അവാർഡ്*

ഈശോതന്നെ തന്റെ ഏറ്റം പ്രിയപ്പെട്ട മകൾക്ക് ഒരു അവാർഡ് നല്കി. 1997 സെപ്റ്റംബർ 5 നായിരുന്നു അതു നല്കപ്പെട്ടത്. ഇരുവരും പ്രതീക്ഷയോടെ കാത്തിരുന്ന അവാർഡ്. ഇതിനോടു താരതമ്യ

പ്പെടുത്തുമ്പോൾ മറ്റുള്ളവയൊക്കെ തൃണ സമാനമാണ്. എന്തെന്നല്ലേ ഈ അവാർഡ്? അതാണ് ഈശോ അമ്മയ്ക്കു സമ്മാനിച്ച സ്വർഗ്ഗം.

ഈശോ അമ്മയുടെ ജീവനെ തഴുകിത്തലോടി അതു തിരിയെ എടുത്തു. ആ സ്നേഹദീപം പൊലിഞ്ഞു, നിത്യതയിൽ പ്രകാശിക്കാൻ. സ്നേഹസ്വാന്തനങ്ങളുടെ അമൃതവർഷം ചൊരിഞ്ഞു മദറിന് ലോകം കണ്ണീരോടെ വിടനല്കി. അമ്മ അർഹിക്കുന്ന വിധത്തിലുള്ള അന്തിമോപചാരങ്ങൾ നല്കാൻ അതിനു സാധിച്ചു. അരനൂറ്റാണ്ടിലേറെ അമ്മയുടെ ജീവകാരുണ്യപ്രവർത്തനങ്ങളുടെ കേന്ദ്രമായിരുന്ന ആചാര്യ ജഗദീശ് ചന്ദ്രബോസ് റോഡിലെ മദർ ഹൗസിലാണ് അമ്മയുടെ ഭൗതിക ശരീരം അന്ത്യവിശ്രമം കൊള്ളുന്നത്. സംസ്കാര വേളയിൽ ലോകത്തിന്റെ മുഴുവൻ പ്രാതിനിധ്യമുണ്ടായിരുന്നു. ഭരണാധികാരികൾ, നയതന്ത്രജ്ഞർ തുടങ്ങി സമൂഹത്തിലെ എല്ലാതുറകളിലുമുള്ളവർ മാതൃഭവനത്തിൽ തടിച്ചു കൂടി. സമൂഹത്തിന്റെ താഴേക്കിടയിലുള്ള അമ്മയ്ക്കേറ്റം പ്രിയപ്പെട്ട മക്കളും അക്കൂട്ടത്തിൽ ഉണ്ടായിരുന്നു. ഇനി തങ്ങളുടെ പ്രിയപ്പെട്ട അമ്മയുടെ ശാരീരിക സാന്നിദ്ധ്യം ഉണ്ടാവില്ലെന്ന തിരിച്ചറിവിൽ ജനം ഏകമനസ്സായി വിതുമ്പി. ജാതിയുടെയും മതത്തിന്റെയും രാജ്യത്തിന്റെയും പ്രത്യയ ശാസ്ത്രങ്ങളുടെയും വേലിക്കെട്ടുകൾ അവിടെ ഉണ്ടായിരുന്നില്ല.

അമ്മയുടെ ഭൗതിക ശരീരം സംസ്കരിച്ചത് സമ്പൂർണ്ണ ഔദ്യോഗിക ബഹുമതികളോടെ ആയിരുന്നു. നെഹ്റുവിന്റെയും ഗാന്ധിജിയുടെയും അന്ത്യയാത്രയ്ക്കായി ഉപയോഗിച്ച അതേ വാഹനമാണ് അമ്മയുടെ വിലാപയാത്രക്കായി ഉപയോഗിച്ചത്. രാഷ്ട്രം അമ്മയ്ക്കു നല്കിയ ഒടുവിലത്തെ ബഹുമതിയായിരുന്നു അത്.

അവശർക്കും ആർത്തർക്കും ആലംബഹീനർക്കും സ്വജീവിതം സാകല്യമായി സമർപ്പിച്ച അമ്മ അനുപമമായ സാമൂഹ്യ സേവനത്തിലൂടെ മനുഷ്യസ്നേഹത്തിന്റെ ഏറ്റം വലിയ പ്രവാചികയായി. ബഹുമതികളൊന്നും അമ്മ ആഗ്രഹിച്ചിരുന്നില്ലെങ്കിലും ലോകം അമ്മയ്ക്ക് എല്ലാം ആവോളം നല്കി. അമ്മയെ എന്നും ഹൃദയത്തിന്റെ കോണിൽ സൂക്ഷിച്ചു; ഇപ്പോഴും സൂക്ഷിക്കുന്നു; എന്നെന്നും സൂക്ഷിക്കും. ആ മഹദ്ജീവിതം സൂര്യതേജസ്സായി എന്നും നിലകൊള്ളും.

**അമ്മയുടെ ജീവിതദർശനം അമ്മയുടെ തന്നെ വാക്കുകളിൽ ചുവടെ ചേർക്കുന്നു.**

ജീവിതം അവസരമാണ്, ഉപയോഗിക്കുക.

ജീവിതം സൗന്ദര്യമാണ്, ആസ്വദിക്കുക.

ജീവിതം അനുഗ്രഹമാണ്, അനുഭവിക്കുക.

ജീവിതം സ്വപ്നമാണ്, സഫലീകരിക്കുക.

ജീവിതം വെല്ലുവിളിയാണ്, നേരിടുക.

ജീവിതം കർത്തവ്യമാണ്, നിർവഹിക്കുക.

ജീവിതം മത്സരക്കളിയാണ്, കളിച്ചു തീർക്കുക.

ജീവിതം വിലയേറിയതാണ്, ശ്രദ്ധിക്കുക.

ജീവിതം സമ്പത്താണ്, സംരക്ഷിക്കുക.

ജീവിതം സ്നേഹമാണ്, അനുഭവിക്കുക.

ജീവിതം നിഗൂഢരഹസ്യമാണ്, മനസ്സിലാക്കുക.

ജീവിതം വാഗ്ദാനമാണ്, നിറവേറ്റുക.

ജീവിതം ദു:ഖമാണ്, കീഴടക്കുക.

ജീവിതം ഗാനമാണ്, ആലപിക്കുക.

ജീവിതം സമരമാണ്, അംഗീകരിക്കുക.

ജീവിതം ദുരന്ത നാടകമാണ്, നേരിടുക.

ജീവിതം സാഹസമാണ്, അഭിമുഖീകരിക്കുക.

ജീവിതം ജീവനാണ്, കാത്തുരക്ഷിക്കുക.

ജീവിതം ഭാഗ്യമാണ്, ഭാഗ്യമാക്കുക.

ജീവിതം അനർഘമാണ്, നശിപ്പിക്കാതിരിക്കുക.

# ഈശോയുടെ സ്വന്തം......



ഈശോ തന്റെ രക്ഷാകരപദ്ധതിയിൽ പങ്കാളികളാകാൻ "*തനിക്കിഷ്ടമുള്ളവരെ അടുത്തേക്കു വിളിച്ചു*"(മർക്കോസ് 3-13)

ദൈവം തന്റെ ഛായയിലും സാദൃശ്യത്തിലും സൃഷ്ടിച്ച മനുഷ്യൻ തന്റെ സുഖത്തിനായി സഹോദരനെ ചവുട്ടി മെതിച്ചപ്പോൾ സ്നേഹം മാത്രമായ ദൈവം മദർ തെരേസയിലൂടെ അവതരിച്ചു. തെരുവിലെ കുപ്പയിൽനിന്നും ആയിരക്കണക്കിനു മാണിക്യകല്ലുകൾ മദർ ദൈവത്തിനായി ശേഖരിച്ചു. ബന്ധിതർക്കും പീഢിതർക്കും അവൾ സൗഖ്യദായികയായിരുന്നു.

മതം മനുഷ്യനെ മയക്കുന്ന കറുപ്പാണെന്നു വിശ്വസിപ്പിച്ച ചുവന്ന ബംഗാളിൽ തുടങ്ങി ലോകം മുഴുവൻ വ്യാപിച്ചു മദറിന്റെ സ്നേഹസാമ്രാജ്യം. തന്റെ അസ്ഥിത്വമായ ദൈവത്തിൽ വിലയം പ്രാപിക്കുന്നതുവരെ അസ്വസ്ഥനായിരുന്ന വി. ആഗസ്തീനോസിനെ പോലെ "ഈശോയുടെ സ്വന്ത" മായി തീരുവാൻ ഓരോ ചെറിയവർക്കുംവേണ്ടി അമ്മ മുറിക്കപ്പെട്ടു.

പരിശുദ്ധ പിതാവ് ജോൺപോൾ രണ്ടാമൻ പാപ്പയുടെ വാക്കുകളിൽ "*പാവപ്പെട്ടവരുടെ രക്ഷയ്ക്കായി സർവ്വശക്തൻ സമ്മാനിച്ച വരദാനമാണ് മദർതെരേസ*".

ആ പുണ്യാത്മാവിന്റെ ജ്വലിക്കുന്ന ഓർമ്മകൾക്കു പ്രണാമം അർപ്പിച്ചുകൊണ്ട് വട്ടക്കളത്തിലച്ചൻ തന്റെ സ്വതസിദ്ധമായ ലളിതവും കാമ്പുള്ളതുമായ ശൈലിയിൽ മദർ തെരേസയുടെ രേഖാചിത്രം വരയ്ക്കുന്നു. സഹോദരനിൽ ദൈവീകഛായ കണ്ടെത്താൻ ഈ പുസ്തകം ഉപകാരപ്രദമായിരുന്നെങ്കിൽ....